# ഗിരിദീപം

ജനുവരി 2023



## ഈശോമിശിഹായുടെ മാമ്മോദീസ

**ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗത്തിൽനിന്നു കേട്ടു. (മത്താ 3:17)**

# നവ വൈദികർക്ക് അഭിനന്ദനങ്ങൾ



FR.THAKIDIYEL
JOSEPH



FR. KONNAYIL
THOMAS



FR. PALLIKAL
THOMAS



FR. PANAMKUZHIYIL
THOMAS



FR. POOKAMALA
THOMAS



FR.ARACKAL
AUGUSTINE



FR.KAYAMKATTIL
GEORGE

ജനുവരി 2023

വാല്യം 06
ലക്കം 01

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. സർക്കുലർ : പ്രേഷിതവാചാരണം ........ 05
2. Prot. No. 645/2022, Pastoral Letter No. 03/2022 ........ 09
3. സർക്കുലർ : സി.എം.എൽ.- പ്ലാറ്റിനം ജൂബിലി ........ 13
4. സർക്കുലർ : കെ.സി.ബി.സി.- കർഷകദിനം ........ 16
5. കച്ചേരിക്കാര്യം ........ 19
6. Prot. No. 647, 648, 649/ 2022, ഫൊറോനാപള്ളി - പ്രഖ്യാപനം ........ 29
7. വൈദികസമ്മേളനം - റിപ്പോർട്ട് ........ 35
8. വിശ്വാസപരിശീലനം ........ 37
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........ 45
10. ചെറുപുഷ്പ മിഷൻലീഗ് ........ 49
11. തിരുബാലസഖ്യം ........ 55
12. യുവജനശുശ്രൂഷ ........ 58
13. കുടുംബപ്രേഷിതത്വം ........ 62
14. വിദ്യാഭ്യാസ ഏജൻസി ........ 66
15. നിർമ്മലഗിരി കോളേജ് ........ 70
16. സാൻജോസ് അക്കാദമി ........ 72
17. വിമൽജ്യോതി വാർത്തകൾ ........ 73
18. ADAM ........ 77
19. ഇൻഫാം ........ 78
20. എ.കെ.സി.സി. ........ 80
21. മദ്യവിരുദ്ധ സമിതി ........ 83
22. എയ്ഞ്ചൽ ട്രസ്റ്റ് ........ 85
23. സാമൂഹ്യസേവനവേദി ........ 77
24. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ........ 89
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 92
26. Engagements - January (Archbishop Mar Joseph Pamplany) ........ 97
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 99
28. Engagements - January (Archbishop Mar George Valiamattam)...... 102

Prot. No. 1212/2022

## സർക്കുലർ

# സീറോമലബാർ പ്രേഷിതവാരാചരണം 2023

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുമെഴുതുന്നത്.*

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി ദനഹാതിരുനാളായ ജനുവരി ആറാം തീയതി മുതലുള്ള ഒരാഴ്ചക്കാലം സീറോ മലബാർ സഭയിൽ പ്രേഷിതവാരമായി ആചരിച്ചുവരികയാണ്. 'മിഷനെ അറിയുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. മാമ്മോദീസ സ്വീകരിച്ച നാമെല്ലാവരും പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിന്റെ ആവശ്യകതയും പ്രത്യേകമായി മിഷൻരംഗങ്ങളിലുള്ള പ്രേഷിതപ്രവർത്തനങ്ങളെ അറിയുകയും പിൻതുണയ്ക്കുകയും ചെയ്യാനുള്ള നമ്മുടെ കടമയും ഓർമപ്പെടുത്തുകയെന്നതാണ് ഈ വാരാചരണത്തിന്റെ ലക്ഷ്യം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനത്തിനുള്ള അവസരം സീരോ മലബാർസഭക്കു ലഭിച്ചതിലൂടെ സഭാമക്കളായ നാമോരുരുത്തരുടെയും പ്രേഷിതപരമായ ഉത്തരവാദിത്വം വർധിച്ചിരിക്കുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

'സുവിശേഷമാകുവാനും സുവിശേഷമേകുവാനും' വിളിക്കപ്പെട്ടവരാണു നാമോരോരുത്തരും. സുവിശേഷത്തിന്റെ സാരസംഗ്രഹമായി ഈശോ ഇപ്രകാരം പഠിപ്പിക്കുന്നു: "എന്റെ സന്തോഷം നിങ്ങളിലായിരിക്കാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടി ഇവ ഞാൻ പറയുന്നു" (യോഹ. 15:11). സത്തയിൽ സ്നേഹവും സഹവാസവും സന്തോഷവുമായിരിക്കുന്ന ദൈവത്തിലേക്ക് എല്ലാവരെയും ആകർഷിക്കുകയെന്നതാണ് പ്രേഷിതപ്രവർത്തനം. ഈ ദൗത്യനിർവഹണത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകും. "എന്നെ പ്രതി നിങ്ങൾ അധിക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യപ്പെടുമ്പോൾ, നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ" (മത്താ. 5:12) എന്ന് ഈശോ പറഞ്ഞതു നമുക്കുള്ള മുന്നറിയിപ്പാണ്. സുവിശേഷത്തിനുവേണ്ടി തടവുകാരനായതിൽ അഭിമാനിച്ച പൗലോസ് ശ്ലീഹ ഇപ്രകാരം പറയുന്നു: "നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ" (ഫിലി. 4:4). ഈശോയുടെ മാതൃകയെ അനുകരിച്ച് സന്തോഷചിത്തരാകുന്നതും നമ്മുടെ സന്തോഷം മറ്റുള്ളവരുമായി സ്നേഹപൂർവം പങ്കുവെയ്ക്കുന്നതും പ്രേഷിതധർമത്തിന്റെ ഭാഗമാണ്.

'സുവിശേഷത്തിന്റെ ആനന്ദം' എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ മാർപാപ്പ ഒരുപടികൂടി മുന്നോട്ടുപോകുന്നു. സന്തോഷത്തിന്റെ സംവാഹകരാകുക എന്നതിനെക്കാൾ നമ്മിൽനിന്നു മറ്റുള്ളവരിലേക്കു സ്വാഭാവികമായി പ്രസരിക്കത്തക്കവിധം നിറഞ്ഞൊഴുകുന്ന സവിശേഷമായ ആനന്ദത്തിനുടമകളാകാനുള്ള ആഹ്വാനമാണ് മാർപാപ്പാ നടത്തുന്നത്. "സുവിശേഷത്തിന്റെ ആനന്ദം യേശുവിനെ അഭിമുഖീകരിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും കരകവിഞ്ഞൊഴുകുന്നു" (നമ്പർ 1) എന്ന ആമുഖത്തോടെയാണ് ഈ അപ്പസ്തോലിക പ്രബോധനം മാർപാപ്പ ആരംഭിക്കുന്നത്. പരിശുദ്ധ പിതാവു മുന്നോട്ടുവയ്ക്കുന്നത് പ്രേഷിതശൈലിയിലുള്ള ഒരു അജപാലനശുശ്രൂഷയാണ്. "എല്ലായ്പ്പോഴും ഞങ്ങൾ ഇങ്ങനെയാണിതു ചെയ്തിരുന്നത് എന്നു പറയുന്ന അലംഭാവത്തോടുകൂടിയ മനോഭാവം ഉപേക്ഷിക്കാനാണ് പ്രേഷിതപ്രാധാന്യമുള്ള അജപാലന ശുശ്രൂഷ ആഗ്രഹിക്കുന്നത്" (നമ്പർ 33) എന്ന വാക്കുകളിലൂടെ പ്രേഷിത പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ട നവീകരണത്തിന്റെയും സമീപനങ്ങളുടെ പുനർനിർവചനത്തിന്റെയും ആവശ്യകത ചൂണ്ടിക്കാണിക്കുന്നു.

വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന സമറിയാക്കാരി സ്ത്രീയുടെ പ്രേഷിതചൈതന്യം നമുക്കു മാതൃകയാണ്. ജീവിതഭാരങ്ങളും ദുഃഖങ്ങളും അപമാനങ്ങളും പേറിയുള്ള അവളുടെ ജീവിതത്തിലേയ്ക്കാണു കിണറ്റിൻകരയിൽവച്ച് ഈശോ കടന്നു വരുന്നത്. നസ്രത്തിൽനിന്നുള്ള ആ യഹൂദനിൽ രക്ഷകനെ ദർശിച്ച സമറിയക്കാരി സുവിശേഷത്തിന്റെ പ്രചാരകയായി മാറുന്നത് അവൾ ഹൃദയത്തിൽ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും പിൻബലത്തിലാണ്. തന്റെ കഴിഞ്ഞകാലജീവിതത്തെക്കുറിച്ചും വ്യക്തമായി അറിയാവുന്ന സ്വന്തം സമൂഹത്തിലേയ്ക്കാണ് അവൾ കിണറ്റിൻകരയിൽനിന്ന് ഓടുന്നത്. അത് അവളുടെ ആദ്യ പ്രേഷിതയാത്രയാണ്. സ്വന്തം ബലഹീനതയെ അംഗീകരിക്കുകയും അതിനെ മിശിഹായുടെ സാന്നിധ്യത്തിന്റെ ശക്തിയാൽ അതിജീവിക്കുകയും ചെയ്ത സമറിയാക്കാരി ദൈവരാജ്യത്തിന്റെ സജീവപ്രേഷിതയായി മാറുന്നു. "നമ്മുടെ പോരായ്മകൾ വകവയ്ക്കാതെ തന്റെ സാമീപ്യവും തന്റെ വചനവും തന്റെ ശക്തിയും നമുക്കു പ്രദാനം ചെയ്യുകയും നമ്മുടെ ജീവിതങ്ങൾക്ക് അർത്ഥം നൽകുകയും ചെയ്യുന്ന കർത്താവിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പഷ്ടമായ സാക്ഷ്യം മറ്റുള്ളവർക്കു നൽകാൻ നാമെല്ലാവരും വിളിക്കപ്പെടുന്നു" (നമ്പർ 121) എന്ന ഫ്രാൻസീസ് മാർപാപ്പയുടെ വാക്കുകൾ സമറിയക്കാരിയുടെ ജീവിതാനുഭവവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പരിമിതികളും പോരായ്മകളും ബലഹീനതകളും പ്രേഷിതപ്രവർത്തനത്തിനു തടസ്സമാകാതെ എവിടെയും എല്ലായ്പ്പോഴും സുവിശേഷം പങ്കുവയ്ക്കാൻ നമുക്കു സാധിക്കണം.

സഭയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ സാമൂഹ്യവും സഭാപരവുമായ തലങ്ങളക്കുറിച്ചു 2022 ലെ പ്രേഷിതദിന സന്ദേശത്തിൽ ഫ്രാൻസീസ് മാർപാപ്പ വ്യക്തത നൽകുന്നുണ്ട്. "സഭയിലും സഭയുടെ നിർദേശത്താലും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും തന്റേതായ രീതിയിലല്ല; അതു സഭാസമൂഹവുമായുള്ള കൂട്ടായ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയും സ്വന്തം താത്പര്യത്തിലല്ല," എന്നു മാർപാപ്പ പ്രബോധിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഒരാൾ വ്യക്തിപരമായി പ്രേഷിതപ്രവർത്തനത്തിലേർപ്പെടുമ്പോഴും സഭയുമായുള്ള കൂട്ടായ്മയിലാണ് അതു ചെയ്യേണ്ടതെന്നും പരിശുദ്ധ പിതാവ് ഓർമിപ്പിക്കുന്നു. സാർവത്രികസഭയോടുചേർന്നു സീറോമലബാർസഭയും പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഒരു വ്യക്തിസഭയെന്നനിലയിൽ നമ്മുടെ സാധ്യതകളും കടമകളും പ്രവർത്തനമേഖലകളും കണക്കിലെടുക്കണം. ആദ്യമിഷനറിയായ മാർതോമാശ്ലീഹായുടെയും പിന്നീടുവന്ന തീക്ഷ്ണമതികളായ മിഷനറിമാരുടെയും പ്രവർത്തനങ്ങളാൽ വളർന്നതാണു നമ്മുടെ സഭ. കാലക്രമത്തിൽ ലോകം മുഴുവനിലേയ്ക്കും പ്രേഷിതതീക്ഷണതയുള്ള വൈദികരേയും സമർപ്പിതരെയും അയക്കുന്ന പ്രേഷിതദൗത്യം സീറോമലബാർസഭ നിർവഹിച്ചുകൊണ്ടിരിക്കുന്നു. സഭയുടെ ഈ പ്രേഷിതരെയോർത്തു ദൈവത്തിനു നന്ദി പറയാം.

ഭാരതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഈശോയുടെ സുവിശേഷത്തിന്റെ വിമോചനവും ആനന്ദവും പങ്കുവച്ചുകൊണ്ടു ശുശ്രൂഷ ചെയ്യുന്ന നമ്മുടെ സഭയിലെ പ്രേഷിതരെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. സുവിശേഷപ്രഘോഷണത്തിലൂടെയും അഗതിസംരക്ഷണത്തിലൂടെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും പ്രേഷിതശുശ്രൂഷചെയ്യുന്ന വൈദികരെയും സമർപ്പിതരെയും അല്മായസഹോദരങ്ങളെയും സാധിക്കുന്നവിധത്തിൽ സഹായിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും നമുക്കു കടമയുണ്ട്. തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ നേരിട്ടുള്ള സുവിശേഷപ്രവർത്തനത്തിനായി സമയം കണ്ടെത്താൻ എല്ലാവർക്കും സാധിച്ചെന്നുവരില്ല. എന്നാൽ വെല്ലുവിളി നിറഞ്ഞ പ്രേഷിതസാഹചര്യങ്ങളിൽ ശുശ്രൂഷചെയ്യുന്നവരെ ഹൃദയത്തിൽ ചേർത്തുനിർത്തുന്നതിലൂടെ നമ്മൾ ചെയ്യുന്നതും പ്രേഷിതപ്രവർത്തനമാണ് എന്ന തിരിച്ചറിവിൽ മിഷനെ അറിയാനും മിഷനെ സഹായിക്കാനും നമുക്കു പരിശ്രമിക്കാം. കേരളത്തിലുള്ള 13 രൂപതകളും കേരളത്തിനുപുറത്തു ഭാരതത്തിന്റെ വിവിധഭാഗങ്ങളിലുള്ള 18 രൂപതകളും ഭാരതത്തിനു പുറത്തുള്ള നാലുരൂപതകളും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനും ഗൾഫിലും മറ്റു സ്ഥലങ്ങളി

ലുമുള്ള സീറോമലബാർ സമൂഹങ്ങളുമെല്ലാം സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുകാരാകുകയും സഹായം കൂടുതൽ ആവശ്യമുള്ളവരെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട് എന്നതു സന്തോഷകരമായ വസ്തുതയാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മാതൃക അനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തനങ്ങളിലൂടെ അവിടത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിതവാരാചരണം നമുക്കു പ്രചോദനം നല്കട്ടെ. ലോകം മുഴുവനിലുമുള്ള നമ്മുടെ പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കുന്നതോടൊപ്പം മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻ വാരാചരണം അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനുള്ള കമ്മീഷന്റെയും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു. “യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും” (മത്താ 28:20) എന്ന ഈശോയുടെ വാഗ്ദാനം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നല്കട്ടെ.

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022 ഡിസം. 18-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

1. 2023 ജനുവരി ഒന്നാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2023 ഫെബ്രുവരി 28ന് മുമ്പായി എത്തിക്കേണ്ടതാണ്.

Prot. No. 645/2022, Pastoral Letter No. 03/2022

# ഇടയലേഖനം

*ദൈവകൃപയാലും തിരുസ്സഭയുടെ നിയോഗത്താലും*
*തലശ്ശേരി അതിരൂപതയുടെ ഇടയൻ*

*മാർ ജോസഫ് പാംപ്ലാനി*

*തന്റെ സഹശുശ്രൂഷകരായ വൈദികർക്കും സന്യസ്തർക്കും*
*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന*
*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

2023 ലെ പുതുവർഷത്തിലേയ്ക്കു നാം പ്രവേശിക്കുകയാണല്ലോ. നാളിതുവരെ നമ്മെ നടത്തിയ നല്ല ദൈവത്തോടുള്ള നന്ദിയോടെയും നല്ലനാളേയ്ക്കായുള്ള പ്രാർത്ഥനയോടെയും നമുക്ക് പുതുവർഷത്തെ വരവേല്ക്കാം. ഓരോ പുതുവർഷവും ഒരു വിശ്വാസപ്രഘോഷണമാണ്. നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിന്റെ 2023-ാം ആണ്ട് എന്ന സത്യമാണ് പുതുവർഷത്തിൽ നാം ഏറ്റുപറയുന്നത്. ക്രിസ്തുവർഷത്തിലെ ഓരോ വർഷവും നാം പരാമർശിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര സത്യത്തെയാണ് ഏറ്റുപറയുന്നത്. ഈശോയെ സൂചിപ്പിക്കുന്ന വർഷം പരാമർശിക്കാതെ ചരിത്രത്തിൽ യാതൊന്നും പറയാനാവാത്തവിധം അവിടുന്ന് ചരിത്രത്തിന്റെ നായകനാണ്. തിരുപ്പിറവിയെത്തുടർന്ന് പുതുവർഷപ്പിറവി ആചരിക്കുന്നത് കേവലം യാദൃശ്ചികമല്ല എന്ന സത്യം നാം മനസ്സിലാക്കണം. നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ മഹാജൂബിലിയായ 2033-ാം ആണ്ടിനുള്ള ഒരുക്കദശകത്തിന്റെ ആദ്യവർഷം കൂടിയാണിത്.

2023-ാം ആണ്ട് സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. 1923 ൽ ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപാപ്പ സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചതിന്റെ ശതാബ്ദി വർഷമാണിത്. രണ്ടു വികാരിയാത്തുകൾ മാത്രമായി ആരംഭിച്ച നമ്മുടെ സഭ ഇന്ന് 35 രൂപതകളും യൂറോപ്പിലെ

അപ്പസ്തോലിക് വിസിറ്റേഷനുമായി ആഗോളതലത്തിൽ വളർന്നു. അമേരിക്കയിലെ ചിക്കഗോ, ഓസ്ട്രേലിയ - ന്യൂസിലാന്റിലെ വിശ്വാസികൾക്കായുള്ള മെൽബൺ രൂപത, കാനഡായിലെ മിസ്സിസ്സാഗ രൂപത, ഇംഗ്ലണ്ടിലെ ഗ്രേറ്റ് ബ്രിട്ടൺ രൂപത, യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷൻ എന്നിവ നമ്മുടെ നാട്ടിൽനിന്നും പഠനത്തിനും ജോലിക്കുമായി കുടിയേറുന്ന മക്കൾക്കു നല്കുന്ന അജപാലന ശുശ്രൂഷ അത്ഭുതാവഹമാണ്. നമ്മുടെ സഭയെ അതിശയകരമാംവിധം വളർത്തുകയും സമൃദ്ധമായ ദൈവവിളികളാൽ അനുഗ്രഹിക്കുകയും ചെയ്ത നല്ല ദൈവത്തിന് നന്ദിപറയാം. ദൈവകൃപയുടെ തണലിൽ വളരുന്ന നമ്മുടെ സഭയിൽ ആരാധനാക്രമത്തിന്റെ പേരിൽ ചില വിവാദങ്ങൾ നടക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. ഈ ശതാബ്ദിവർഷത്തിൽ സഭയൊന്നാകെ കൂട്ടായ്മയുടെ സ്വരത്തിൽ ദൈവത്തെ ആരാധിക്കുന്ന സമയം സമാഗതമാകാൻ നമുക്ക് പ്രാർത്ഥിക്കാം.

2023 ൽ നമ്മുടെ അതിരൂപത സപ്തതി നിറവിലേക്കു പ്രവേശിക്കുകയാണ്. 1953 ഡിസംബർ 31ന് വിശുദ്ധ പന്ത്രണ്ടാം പീയൂസ് പാപ്പ “ആദ് ക്രിസ്തി എക്ലേസിയാം റേജെന്താം” എന്ന തിരുവെഴുത്തിലൂടെയാണ് നമ്മുടെ അതിരൂപതയെ സ്ഥാപിച്ചത്. മലബാറിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു നിമിത്തമാകാൻ ദൈവം നമ്മുടെ രൂപതയെ അനുഗ്രഹിച്ചു. ഒന്നുമില്ലായ്മയിൽനിന്ന് നമ്മുടെ അതിരൂപതയെ സമാനതകളില്ലാത്ത ഔന്നത്യങ്ങളിലേക്കു കൈപിടിച്ചുയർത്തിയ പുണ്യശ്ലോകനായ അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെയും തുടർന്നു നമ്മെ നയിച്ച അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിനെയും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനെയും നന്ദിയോടെ ഓർമ്മിക്കാം.

കുടിയേറ്റത്തിന്റെ കഠിനപാതകളിൽ ജീവത്യാഗം ചെയ്യേണ്ടിവന്ന കുടിയേറ്റ പിതാമഹന്മാരെയും ജീവൻ കൊടുത്തും അവർക്കൊപ്പം നിലകൊണ്ട നമ്മുടെ അഭിമാനമായ ആദ്യകാല അജപാലകരെയും നമുക്ക് നന്ദിയോടെ ഓർമ്മിക്കാം. ഈ സപ്തതി വർഷത്തിൽ കാസർഗോഡ്, മാലോം, മണിക്കടവ് എന്നീ മൂന്നു ഫൊറോനകൾ കൂടി നിലവിൽ വരികയാണ്. ഇതോടെ നമ്മുടെ അതിരൂപതയിലെ ഫൊറോനകളുടെ എണ്ണം 19 ആയി ഉയരുകയാണ്.

അതിരൂപതയുടെ സപ്തതി വർഷത്തിൽ വിശ്വാസത്തിൽ ആഴപ്പെടാനും നമ്മുടെ കൂട്ടായ്മയും പരസ്പര സഹകരണവും വർദ്ധിപ്പിക്കാൻ ആവശ്യമായ കർമ്മപദ്ധതികൾ ഇടവകാതലത്തിൽ ആവിഷ്ക്കരിക്കണം. ഒന്നാമതായി, വിവിധ കാരണങ്ങളാൽ തിരുസഭയിൽനിന്ന് അകന്നു നില്ക്കുന്നവരെ സഭാകൂട്ടായ്മയിലേക്കു തിരികെ കൊണ്ടുവരാനുതകുന്ന "മെറ്റനോയിയ" (തിരിച്ചുവരവ്) എന്ന കർമ്മപദ്ധതി അതിരൂപതയിൽ ആരംഭിക്കുകയാണ്. പലകാലങ്ങളിലായി സത്യസഭയിൽനിന്ന് വിവിധ സെക്ടുകളിലേയ്ക്കും വിഘടിത വിഭാഗങ്ങളിലേയ്ക്കും പോയിട്ടുള്ള വ്യക്തികളെയും കുടുംബങ്ങളെയും വിവിധ കാരണങ്ങളാൽ ഇടവകാ കൂട്ടായ്മയിൽനിന്ന് അകന്നു നില്ക്കുന്നവരെയും സഭാകൂട്ടായ്മയിലേയ്ക്കു തിരിച്ചുകൊണ്ടുവരിക എന്നതാണ് ഈ കർമ്മ പദ്ധതിയിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ വിവിധ സെക്ടുകളിൽനിന്ന് 50 ൽപരം വ്യക്തികൾ നമ്മുടെ അതിരൂപതാ കൂട്ടായ്മയിലേയ്ക്കു തിരികെവന്നു എന്നത് ഏറെ പ്രതീക്ഷ നല്കുന്നതാണ്. എല്ലാ ഇടവകാ പാരീഷ് കൗൺസിലുകളും ഈ വിഷയം ചർച്ചചെയ്യുകയും ഇതു സംബന്ധമായ സ്ഥിതി വിവരകണക്കുകൾ അതിരൂപതയിൽ അറിയിക്കുകയും ചെയ്യണം.

രണ്ടാമതായി, കൂട്ടായ്മയും പങ്കാളിത്തവും വർദ്ധിപ്പിച്ച് സഭയുടെ ദൗത്യം കാര്യക്ഷമമാക്കാൻ ഫ്രാൻസിസ് പാപ്പ വിഭാവനം ചെയ്ത "സിനഡാലിറ്റി" എന്ന ആശയം കാര്യക്ഷമമായി നടപ്പിലാക്കാൻ തക്കവിധം നമ്മുടെ കുടുംബ കൂട്ടായ്മകളെയും പാരീഷ് കൗൺസിലിനെയും ശക്തിപ്പെടുത്തേണ്ടതുണ്ട്. 2023 മാർച്ച് 31 നു മുമ്പായി കുടുംബ കൂട്ടായ്മ യുടെ പുതിയ ഭാരവാഹികളെയും അവരിൽനിന്ന് പാരീഷ് കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. കൂട്ടായ്മയും പങ്കാളിത്തവും ദൗത്യവും കാര്യക്ഷമമായി നടപ്പിലാക്കാൻ പ്രാപ്തരായ വ്യക്തികളെന്ന് പരിശുദ്ധാത്മാവ് നിങ്ങൾക്ക് തോന്നിക്കുന്ന വ്യക്തികളെ ഓരോ യൂണിറ്റിൽനിന്നും തെരഞ്ഞെടുക്കണം. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് പങ്കാളിത്ത സഭാവീക്ഷണത്തെക്കുറിച്ച് പരിശീലനം നല്കുന്നതായിരിക്കും.

മൂന്നാമതായി, ഈ സപ്തതി വർഷം മുതൽ പ്ലാറ്റിനം ജൂബിലി വരെയുള്ള അഞ്ചുവർഷങ്ങൾ അതിരൂപതയുടെ ശ്രദ്ധ കൂടുതലായി കേന്ദ്രീകരിക്കുന്നത് കാർഷിക മേഖലയിലായിരിക്കും. ഉൽപന്നങ്ങളുടെ

വിലത്തകർച്ച, വന്യമൃഗശല്യം, ബഫർസോൺ ഭീഷണി, കടക്കെണി തുടങ്ങിയ എണ്ണിയാലൊടുങ്ങാത്ത വ്യാകുലങ്ങളുടെ നടുവിലാണ് കുടിയേറ്റ കർഷകൻ. കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത വസ്തു ക്കളാക്കാനും കർഷകർക്കാവശ്യമായവയയെല്ലാം മിതമായ നിരക്കിൽ ലഭ്യമാക്കാനും സഹായകമാകുന്ന വിവിധ പദ്ധതികളാണ് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായി സഹകരിച്ച് അതിരൂപത നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും നല്ല സാമൂഹ്യപ്രവർത്തന ഏജൻസിക്കുള്ള അവാർഡ് കരസ്ഥമാക്കി നമ്മുടെ അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ (TSSS) ആണ് ഇതിനു നേതൃത്വം നല്കു ന്നത്. ബയോമൗണ്ടൻ ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ അംഗങ്ങ ളായി ചേർന്നുകൊണ്ട് ഈ കർമ്മപദ്ധതി പ്രയോജനപ്പെടുത്താൻ എല്ലാ വരും ശ്രദ്ധിക്കുമല്ലോ.

പുതുവർഷം നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ താകട്ടെ. നിങ്ങളുടെ സ്വപ്നങ്ങളെയും പ്രതീക്ഷകളെയും കർത്താവു സഫലമാക്കട്ടെ. നിങ്ങളുടെ പാതകളെ സുരക്ഷിതമാക്കാൻ തന്റെ ദൂത ന്മാരെ കർത്താവ് നിങ്ങൾക്കു മുമ്പേ അയയ്ക്കട്ടെ. നിങ്ങളെ എല്ലാവ രെയും പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**

*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2022-ാം ആണ്ട് ഡിസംബർ മാസം 28-ാം തീയതി തിരുക്കുടുംബത്തിന്റെ തിരു നാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ ഇടയലേഖനം 2023 ജനുവരി 8-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 1226/2022

**സർക്കുലർ**

# ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുമെഴുതുന്നത്.*

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

ഭാരതസഭയുടെ തനതായ പ്രേഷിതശൈലിയിൽ പ്രവർത്തിക്കുന്ന അല്മായ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗ് സ്ഥാപിതമായിട്ട് 2022 ഒക്ടോ. 3 ന് 75 വർഷങ്ങൾ പൂർത്തിയായല്ലോ. മിഷനുവേണ്ടി സുകൃതജപങ്ങൾ ചൊല്ലി കാഴ്ചവച്ചുകൊണ്ടു പ്രാർത്ഥിക്കുകയും ത്യാഗങ്ങൾ സഹിക്കുകയും നന്നായി പഠിക്കുകയും ജീവിക്കുകയും അതുവഴി വേദപ്രചാരപ്രവർത്തനങ്ങളെ സഹായി ക്കുകയും ചെയ്യണമെന്നും നല്ല മിഷനറിമാരാകണമെന്നും വി. അൽഫോൻസാമ്മ കുട്ടികളെ ഉപദേശിച്ചിരുന്നു. വി. അൽഫോൻസാമ്മയുടെ പ്രചോദനത്താൽ, 'കുഞ്ഞേട്ടൻ' എന്നു വിളിക്കപ്പെട്ടിരുന്ന ശ്രീ പി. സി. എബ്രഹാം പല്ലാട്ടുകുന്നേലും ബഹു. ജോസഫ് മാലിപ്പറമ്പിലച്ചനും സമാന ചിന്താഗതികളുള്ള തങ്ങളുടെ സുഹൃത്തുക്കളുമായി തുടങ്ങിയ പ്രസ്ഥാനമാണ് ലോകത്തിന് അനവധി മിഷനറിമാരെ സംഭാവന ചെയ്ത ചെറുപുഷ്പ മിഷൻലീഗ് എന്ന അല്മായ പ്രേഷിത സംഘടന.

ആഗോള പ്രേഷിതപ്രവർത്തനങ്ങളുടെ സ്വർഗീയമധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ ചരമസുവർണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു ഭരണങ്ങാനത്തു നടന്ന സമ്മേളനത്തിൽ 1947 ഒക്ടോ. 3 ന് അന്നത്തെ കോട്ടയം രൂപതാമെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവാണ് ഈ സംഘടനയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇളംപ്രായത്തിൽതന്നെ ഈശോയ്ക്കുവേണ്ടി മിഷനറിയാകണമെന്നുള്ള ആഗ്രഹത്തിന്റെ വിത്തുവിതയ്ക്കാൻ ചെറുപുഷ്പ മിഷൻലീഗിനു കഴിഞ്ഞു എന്നതു പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആദ്യകുർബാന സ്വീകരിക്കുന്ന വർഷംതന്നെ ചെറുപുഷ്പ മിഷൻലീഗിൽ അംഗത്വം സ്വീകരിക്കുന്നതുവഴി പ്രേഷിതതീക്ഷ്ണത കുട്ടികളിൽ ജ്വലിപ്പിക്കുവാൻ മിഷൻലീഗിലുള്ള പ്രവർത്തനം ഇടയാക്കിയിട്ടുണ്ട്. സുകൃതജപങ്ങൾ ചൊല്ലാനും പരിത്യാഗപ്രവൃത്തികളും പരോപകാരപ്രവൃത്തികളും സ്വയമേവ ചെയ്യാനും മിഷൻലീഗ് അംഗങ്ങൾ പരിശീലിക്കുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

തന്റെ ദൗത്യം ഭൂമിയിൽ തുടർന്നുകൊണ്ടുപോകാനാണ് ക്രിസ്തു സഭ സ്ഥാപിച്ചത്. തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു പൂർണ്ണ

ബോധ്യമുണ്ടായിരുന്ന അപ്പസ്തോലന്മാർ ജീവിതസാക്ഷ്യം, പ്രഘോഷണം എന്നിവവഴി അതു നിർവ്വഹിച്ചു. ഒരു വ്യക്തിയുടെ ആഴമായ ക്രിസ്താനുഭവത്തിന്റെയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള തീക്ഷ്ണതയുടെയും ഫലമാണു പ്രേഷിതത്വം. ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞപ്പോൾ, തങ്ങളുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ച ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നതു പുറമേനിന്നുള്ള ഒരു കല്പന എന്നതിനെക്കാൾ തങ്ങളുടെതന്നെ കടമയായി അപ്പസ്തോലന്മാർക്ക് അനുഭവപ്പെട്ടു. മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ അവരെ നിർബന്ധിതരാക്കുംവിധം അത്ര ശക്തമായിരുന്നു അവർക്കു സിദ്ധിച്ച ഉത്ഥിതന്റെ അനുഭവം. ഈശോയുമായുള്ള അത്തരം ആഴമേറിയ ഒരു വ്യക്തിപരമായ അനുഭവമാണ് നമ്മുടെ പിതാവായ മാർതോമാ ശ്ലീഹായെ 'എന്റെ കർത്താവേ,' എന്റെ ദൈവമേ എന്ന് ഉദ്ഘോഷിക്കുവാൻ പ്രാപ്തനാക്കിയത്. ശക്തമായ ഈ ഉത്ഥാനാനുഭവമാണ് തോമാശ്ലീഹായെ പ്രേഷിത പ്രവർത്തനത്തിലേക്കു നയിക്കുന്നത്. വി. തോമാശ്ലീഹായുടെ ഈ മാതൃകയാണു മാർതോമാ ക്രിസ്ത്യാനികളായ നമ്മെ പ്രേഷിതപ്രവർത്തനത്തിൽ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്.

സെഹിയോൻശാലയിൽ പ്രാർഥിച്ചിരുന്ന ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിന്റെ ആഗമനം ഉണ്ടായപ്പോൾ അവർ ലോകാതിർത്തികൾവരെ സുവിശേഷപ്രഘോഷണത്തിനായി പോകുകയുണ്ടായി. ഭരണങ്ങാനത്ത് എളിയ രീതിയിൽ ആരംഭിച്ച ഈ സംഘടനയുടെ വളർച്ചയ്ക്കു കാരണമായിരിക്കുന്നതു പരിശുദ്ധാത്മാവിന്റെ ഇടപെടലാണെന്നു നിസംശയം നമുക്കു പറയാൻ സാധിക്കും. 'ഭാരതമേ നിന്റെ രക്ഷ' നിന്റെ സന്താനങ്ങളിൽ എന്ന പതിമൂന്നാം ലെയോ മാർപാപ്പയുടെ വാക്കുകളാണ് ചെറുപുഷ്പ മിഷൻലീഗിന്റെ ആദർശവാക്യം. ഈ ആദർശവാക്യത്തിൽ അടിസ്ഥാനമിട്ട ദൗത്യ നിർവഹണത്തിനായി സ്നേഹം-ത്യാഗം-സേവാ-സഹനം എന്ന മുദ്രാവാക്യവുമായി പ്രേഷിതപ്രവർത്തനം, വ്യക്തിത്വവികാസം, ദൈവവിളി പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി മിഷൻലീഗ് അംഗങ്ങൾ ഇന്നും തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നു. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സഹായിക്കുന്നതിനും പ്രാർത്ഥനകൊണ്ടും സുകൃതങ്ങൾകൊണ്ടും അതിനെ ശക്തിപ്പെടുത്തുന്നതിനും മിഷൻ പ്രവർത്തനത്തിനുപോകാൻ ആഗ്രഹിക്കുന്നവർക്കു സഭയുടെ മിഷൻ മേഖലകളെയും മിഷനറിസമർപ്പിതസമൂഹങ്ങളെയും പരിചയപ്പെടുത്തുന്നതിനും അതുവഴി മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻലീഗ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ സഭയിൽനിന്നുള്ള 57 മെത്രാന്മാരുടെയും 25000ൽ അധികം വൈദികരുടെയും 35000ൽ അധികം സിസ്റ്റേഴ്സിന്റെയും ദൈവവിളിക്കും നിരവധി അല്മായരുടെ

ജീവിത വിജയത്തിനും മിഷൻലീഗിലെ പ്രവർത്തനം കാരണമായിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമായ വസ്തുതയാണ്.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു കരുത്തായിനിന്ന ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ പ്ലാറ്റിനം ജൂബിലി ആഘോഷവേളയിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ചെറുപുഷ്പ മിഷൻലീഗിനെ എല്ലാവരും പ്രോത്സാഹിപ്പിക്കണമെന്നും വളർത്തണമെന്നും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ജൂബിലിയുടെ സമാപന വേളയിൽ ഈ സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി അധ്വാനിച്ച എല്ലാവരെയും നാം ഓർക്കേണ്ടതുണ്ട്. ഒരോ ഇടവകയിലും കുട്ടികളിൽ പ്രേഷിതതീക്ഷ്ണത വളർത്തിയ വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, വിവിധ തലങ്ങളിൽ സംഘടനയുടെ നേതൃത്വനിരയിൽ പ്രവർത്തിച്ചവർ, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ തുടങ്ങിയ എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കാം. ആധുനിക സമൂഹത്തിന്റെ വശ്യമായ പ്രലോഭനങ്ങൾക്കടിപ്പെട്ടു നന്മയുടെയും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വഴികളിൽനിന്നു നമ്മുടെ കുഞ്ഞുങ്ങൾ മാറിപ്പോകാതിരിക്കാനുള്ള ജാഗ്രത ഈ സംഘടനയുമായി ബന്ധപ്പെട്ട എല്ലാവർക്കുമുണ്ടാകട്ടെ. ഈ പ്രേഷിതസംഘടനയുടെ ആദ്യചൈതന്യം ഇനിയും പതിന്മടങ്ങായി വരുംതലമുറയ്ക്കു പകർന്നു കൊടുക്കുവാൻ ഇതിന്റെ എല്ലാ അംഗങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിനായി, നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹായുടെയും, ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും സഹമധ്യസ്ഥരുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനകൾ തുണയായിരിക്കട്ടെ.

തക്കലയിൽവച്ച് 2023 ജനുവരി 29നു നടക്കുന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിസമാപനാഘോഷങ്ങളിൽ ബന്ധപ്പെട്ട എല്ലാവരും സഹകരിക്കണമെന്ന് ആഹ്വാനംചെയ്തുകൊണ്ടും ജൂബിലിയുടെ മംഗളങ്ങൾ നേർന്നുകൊണ്ടും കാരുണ്യവാനായ കർത്താവിന്റെ അനുഗ്രഹങ്ങൾ എല്ലാ മിഷൻലീഗ് പ്രവർത്തകരുടെയുംമേൽ ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2022 ഡിസംബർ 22-ാം തീയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: 2023 ജനുവരി 15-ാം തീയതി ഞായറഴ്ച വി. കുർബാനമധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

Ref: 3818/K-5/KCBC/OL/DS 17.12.2022

## 2023 ജനുവരി 15 കർഷകദിനം
### കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കാർഷികവൃത്തി ഗൗരവകരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും കർഷകനും കർഷകന്റെ സങ്കടങ്ങളും തുടർച്ചയായി അവഗണിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കർഷകരുടെ ബുദ്ധിമുട്ടുകളിലേയ്ക്ക് ഭരണകർത്താക്കളുടെയും വിശ്വാസി സമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് കെസിബിസി ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. കൃഷിയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ നിലനിർത്തുകയും കാർഷിക പ്രശ്നങ്ങളിൽ കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവർക്കുവേണ്ടി ശബ്ദിക്കുകയും ചെയ്യുക എന്ന ലക്ഷ്യങ്ങളോടെയുമാണ് 2023 ജനുവരി 15-ാം തീയതി ഞായറാഴ്ച കർഷകരായ നമ്മുടെ സഹോദരങ്ങൾക്കായി മാറ്റിവച്ച് കൃഷിയെക്കുറിച്ച് നാം ചിന്തിക്കുന്നത്.

"അതിരു കാക്കുന്ന യോദ്ധാവും കതിരു കാക്കുന്ന കർഷകനും" എന്ന ചൊല്ല് നാം കേട്ടിട്ടുണ്ടല്ലോ. സൈനികനെപ്പോലെതന്നെ പ്രധാനപ്പെട്ടവനാണ് കർഷകൻ എന്നാണ് ഈ ചൊല്ലിന്റെ അർത്ഥം. കർഷകൻ സൈനികനെപ്പോലെ പ്രധാനപ്പെട്ടവനാകുന്നതിനു കാരണം കൃഷി ജീവിതമാർഗം എന്നതിലുപരി മനുഷ്യസംസ്കാരത്തിന്റെ അടിത്തറ കൂടിയാണ് എന്നതാണ്. ലോകത്തെ എല്ലാ സംസ്കാരങ്ങളും ഉടലെടുത്തത് കൃഷിയിൽ നിന്നാണ്. കൃഷിക്കുവേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണ് മഹത്തായ സിന്ധുനദീതട സംസ്കാരങ്ങൾ പോലുള്ള ലോകസംസ്കാരങ്ങൾ പിറവിയെടുത്തത്.

കേരളത്തെക്കുറിച്ച് പറഞ്ഞാൽ കൃഷിയുടെ അംശം പേരിൽത്തന്നെയുള്ള നാടാണ്. കേരവൃക്ഷങ്ങളുടെ നാടായ കേരളം എന്ന് പറയാം. ഒരു കാലത്ത് മലയാളിക്ക് കൃഷി ജീവവായു പോലെയായിരുന്നു; ക്രൈസ്തവർക്ക് പ്രത്യേകിച്ചും. കുടിയേറ്റ ചരിത്രംപോലും, ജീവിക്കാനായി കൃഷിയിടങ്ങൾ തേടി നടത്തിയ യാത്രയുടെ ചരിത്രമാണ്. ഇന്ന് നമ്മൾ കൃഷിയിൽ നിന്ന് അകന്നു പോയെങ്കിലും നമ്മൾ സുഖമായി ഭക്ഷിച്ചു ജീവിക്കുന്നത് മറ്റുള്ളവർ നമുക്കായി കൃഷി ചെയ്യുന്നതുകൊണ്ടാണെന്ന് മറന്നു പോകരുത്.

കേരളത്തിൽ കൃഷിക്ക് വ്യാപക ഇടിവ് സംഭവിച്ചു. പുതു തലമുറ കൃഷി ഏറ്റെടുക്കുന്നതേയില്ല. നമ്മൾ പൂർണ്ണമായും ഉപഭോഗ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് നമ്മുടെ മൂല്യബോധങ്ങളിലും നിലപാടുകളിലും മാറ്റം വന്നു തുടങ്ങി. നെല്ലും

വയലും പച്ചക്കറി തോട്ടങ്ങളും നമ്മുടെ ചുറ്റുപാടികളിൽനിന്ന് അന്യമാകുമ്പോൾ നമ്മുടെ സംസ്കാരം കൂടിയാണ് നമുക്ക് അന്യമാകുന്നത്. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജ്ജസ്വലമാക്കിയെടുക്കുന്ന കർഷകൻ പഠിപ്പിക്കുന്ന വലിയ ജീവിത മൂല്യങ്ങളുണ്ട്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും ദയയുടെയും വിട്ടുവീഴ്ചയുടെയുമൊക്കെ പാഠങ്ങളാവ. കുട്ടികളെ കൂടെ നിറുത്തി ഇഞ്ചി നടുകയും വാഴവയ്ക്കുകയും അയൽപക്കക്കാരോടൊത്ത് വിളവെടുക്കുകയും ചെയ്തിരുന്ന പഴയകാല മാതാപിതാക്കൾ പകർന്നുകൊടുത്ത മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നത്. ആ സംസ്കാരം പാടേ ഇല്ലാതാകാതിരിക്കാൻ നമ്മൾ ജാഗ്രത പുലർത്തണം.

ഈ ഉത്തമ ബോധ്യത്തിൽ നിന്നാണ് സഭ കൃഷിയെക്കുറിച്ച് പറയുകയും കർഷകരെ ഹൃദയത്തോട് ചേർത്തു നിറുത്തുകയും അവർക്കായി ആത്മാർത്ഥമായി വാദിക്കുകയും ചെയ്യുന്നത്. നമ്മുടെ കർത്താവിന്റെ രക്ഷാകര ചരിത്രത്തിൽ കൃഷിക്കും കാർഷിക പ്രതീകങ്ങൾക്കുമുള്ള സ്ഥാനവും നാം മറന്നുകൂടാ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ ആടുമേയ്ക്കുന്നവരും മുന്തിരികൃഷി ചെയ്യുന്നവരും ഗോതമ്പ് നടുന്നവരും മീൻപിടുത്തക്കാരുമായിരുന്നു. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ദൈവരാജ്യത്തെപ്പറ്റിയുള്ള പ്രബോധനങ്ങളിൽ വയലിൽ വിതയ്ക്കപ്പെട്ട വിത്തിനെയും മുന്തിരി തോട്ടത്തെയും നല്ല ഇടയനെയും കടലിൽ എറിഞ്ഞ വലയെയും കുറിച്ചൊക്കെ പറഞ്ഞതും ഉപമയാക്കിയതും.

ശ്രേഷ്ഠവും മഹനീയവുമായ ഈ വസ്തുതകൾ നിലനിൽക്കെത്തന്നെ ഇന്ന് ഒരു സാധാരണ കർഷകൻ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നമ്മൾ അറിയുകയും കർഷകരുടെ ആവശ്യങ്ങൾക്കായി സംഘടിതമായി പ്രവർത്തിക്കുകയും വേണം. അത്യന്തം സങ്കടകരമായ സാഹചര്യങ്ങളിലൂടെയാണ് കർഷകർ കടന്നു പോകുന്നത്. ആരും ശ്രദ്ധിക്കാനില്ലാത്തവരായി മാറി കർഷകൻ. അവന്റെ സങ്കടങ്ങൾ ഒരു ഭരണാധികാരിയും ഗൗനിക്കുന്നില്ല. പ്രകൃതി ക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷൂറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപോലും അവഗണിക്കുകയാണ്. കൂടുതലൊന്നും തരണ്ട, ഞങ്ങളുടെ കൃഷി നശിച്ചുപോയതിന് നഷ്ടപരിഹാരമെങ്കിലും തരാമോ എന്ന് സങ്കടപ്പെട്ടു യാചിക്കുന്ന കർഷകരുണ്ട്. എന്നാൽ കർഷകരുടെ നഷ്ടത്തെക്കുറിച്ച് ആശങ്കപ്പെടാത്തവർ വ്യവസായ ഭീമന്മാരുടെ നഷ്ടത്തെക്കുറിച്ച് വ്യാകുലപ്പെടുകയാണ്. സാധാരണക്കാരന്റെ വ്യാകുലതകളാണ് ഭരണാധികാരികളെ ആശങ്കപ്പെടുത്തേണ്ടത്. പണ്ടു കാലങ്ങളിൽ മേലാളന്മാർക്കുമുമ്പിൽ തൊഴുതുനിന്നിരുന്ന അടിയാന്മാരുടെ ഗതികേടിലായിരിക്കുന്നു നമ്മുടെ കർഷകർ. കർഷകന്റെ മക്കളുടെ വിവാഹങ്ങൾ പോലും നടക്കാതെ പോകുന്നു. ഉല്പാദനച്ചിലവിലുണ്ടാകുന്ന വർദ്ധനവ്, കാലാവസ്ഥാമാറ്റം,

വന്യജീവികളുടെ ആക്രമണം മൂലമുള്ള വിളനഷ്ടം, അപ്രതീക്ഷിത പ്രകൃതി ക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം, കുടിയേറ്റ കർഷകരെ ആക്ഷേപിക്കുന്ന നടപടികൾ, പട്ടയങ്ങളുടെ നിയമസാധുത റദ്ദാക്കൽ പോലുള്ള കടുത്ത കർഷകദ്രോഹ നടപടികൾ, വനാതിർത്തി വിട്ട് കൃഷി ഭൂമിയിലേക്ക് ബഫർസോൺ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി നിരവധി കാരണങ്ങളാൽ നമ്മുടെ കർഷകർ ഇന്ന് അസ്വസ്ഥരും ആകുലചിത്തരുമായിരിക്കുന്നു. സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് അവന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകാനാവാത്ത സ്ഥിതിയാണുള്ളത്. കർഷകരോടുള്ള ആത്മാർത്ഥതകർഷകദിനാചരണത്തിലും അവാർഡ് ദാനങ്ങളിലും മാത്രം ഒതുക്കി നിറുത്തിയാൽ പോരാ. കർഷക പെൻഷനും കൃഷിനാശം മൂലമുള്ള നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്ക് ഇൻഷൂറൻസ് മാനദണ്ഡങ്ങൾ പോലും പരിഗണിക്കാതെ മുൻഗണന നൽകണം. സർക്കാരുകളുടെ സത്വരശ്രദ്ധ കർഷകന്റെ കാര്യത്തിലുണ്ടാകണം. കർഷക അവഗണന ജനാധിപത്യ ബോധമുള്ള സർക്കാരുകൾക്ക് ഭൂഷണമല്ല.

കർഷകന്റെ ആവശ്യങ്ങളിൽ അടിയന്തിരമായി ഇടപെടണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നതിനോടൊപ്പം കൃഷിയുടെ സംസ്കാരം അന്യംനിന്ന് പോകാതിരിക്കാൻ, എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കണമെന്നും എല്ലാ കുടുംബങ്ങളോടും കെ.സി. ബി.സി. ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്തിന്റെ വ്യഗ്രതകൾക്കിടയിൽ നമുക്ക് കൈമോശം വന്ന കുടുംബ കൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. ഇത് ഭക്ഷ്യസുരക്ഷയ്ക്ക് മാത്രമല്ല നമ്മുടെ യുവതലമുറയുടെ മൂല്യബോധത്തിനു പോലും ആവശ്യമാണ്. ഡോക്ടറും എഞ്ചിനീയറും അധ്യാപകനുമൊക്കെ ഒഴിവു സമയങ്ങളിൽ കർഷകരാകണം. വീടിന്റെ പരിസരങ്ങളിൽ ഫലവൃക്ഷങ്ങളും പച്ചക്കറിതൈകളും നട്ടുപിടിപ്പിക്കണം. അങ്ങനെ നമുക്ക് കാർഷിക വൃത്തിയുടെ നന്മയെ നിലനിർത്താം.

മിശിഹായിൽ സ്നേഹപൂർവം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ കമ്മീഷൻ ചെയർമാൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2023 ജനുവരി 15-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

ജനുവരി 2023

**1. പുതിയ നിയമനങ്ങൾ**

1. ഫാ. ചാക്കോ കുടിപ്പറമ്പിൽ - ദീപഗിരി (Addi. Charge)
2. ഫാ. ഇമ്മാനുവേൽ സ്രാമ്പിക്കൽ OFM cap. - അസി. വെള്ളാട്
3. ഫാ. സക്കറിയ നെടുമറ്റത്തിൽ ,, - അസി. പെരുമ്പടവ്
4. ഫാ. ജോസഫ് ശൗര്യാംതടത്തിൽ ,, - അസി. തളിപ്പറമ്പ്

**2. സീറോ മലബാർ പ്രേഷിതവാരാചരണം**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 2023 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ പ്രേഷിതവാരമായി ആഘോഷിക്കുകയാണ്. നമ്മുടെ അതിരൂപതയിലെ മുഴുവൻ ഇടവകകളിലും പ്രേഷിതവാരം അർത്ഥവത്തായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. സീറോ മലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനായി 2023 ജനുവരി 8 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച സമാഹരിക്കുകയും ജനുവരി അവസാനത്തോടെ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

**3. അതിരൂപതാ നിയമാവലിയെ അടിസ്ഥാനമാക്കി ക്ലാസ്സും പരീക്ഷയും**

2022 നവംബർ 29 ന് നടന്ന പ്രസ്ബിത്തേറിയത്തിൽ അഭിവന്ദ്യ പിതാവ് അറിയിച്ചിരുന്നതുപോലെ വൈദികർക്കു അതിരൂപതാ നിയമാവലിയെ അടിസ്ഥാനമാക്കിയുള്ള പരീക്ഷ നടത്തുകയാണ്. 2023 ജനുവരി 18 ബുധനാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ അഭിവന്ദ്യ പിതാവിന്റെയും ബഹു. ജനറാ

ളച്ചന്മാരുടെയും അജപാലനപരമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ക്ലാസ്സും തുടർന്ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3:30 വരെയുള്ള സമയത്ത് പരീക്ഷയുമാണ് നടത്തുന്നത്. 2017-2018 ബാച്ച് മുതൽ 2021-2022 വരെയുള്ള ബാച്ചുകളിലെ വൈദികരാണ് അന്നേദിവസം ക്ലാസ്സിനും പരീക്ഷക്കുമായി തലശ്ശേരി ആർച്ച്ബിഷപ്സ് ഹൗസിൽ എത്തേണ്ടത്.

**4. തലശ്ശേരി അതിരൂപതാ വൈദിക സമ്മേളനം**

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരുടെയും യോഗം 2023 ജനുവരി 25 ബുധനാഴ്ച രാവിലെ 10:00 മണി മുതൽ വൈകിട്ട് 3:30 വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ചു ചേരുന്നു. തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരും അതിരൂപതയിൽ വികാരിമാരും അസി. വികാരിമാരുമായി സേവനം ചെയ്യുന്ന സന്യാസ വൈദികരും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**5. പള്ളികളുടെ പുതുക്കിയ ഗ്രേഡ്**

പള്ളികളുടെ പുതുക്കിയ ഗ്രേഡ് അനുസരിച്ചുള്ള ലിസ്റ്റ് പ്രസ്ബിത്തേരിയം വാട്സ് ആപ്പ് ഗ്രൂപ്പിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. ബഹു. വൈദികർ നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തിയ പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണ്. 2023 ജനുവരി 1 മുതൽ പുതിയ ലിസ്റ്റ് പ്രാബല്യത്തിൽ വരും.

**Grade - A+**

1. ALAKODE
2. CHEMPANTHOTTY
3. CHEMPERI
4. CHERUPUZHA
5. EDOOR
6. KARIKKOTTAKKARI
7. KARUNAPURAM
8. KUNNOTH
9. PAISAKARY
10. PALAVAYAL
11. PERAVOOR
12. THOMAPURAM
13. VAYATTUPARAMBA
14. VELIMANAM
15. VELLARIKUNDU

**Grade - A**

1. ANGADIKADAVU
2. BHEEMANADY
3. CHANDANAKAMPARA
4. KADUMENI
5. KANICHAR
6. KILIANTHARA
7. KOLAKKAD
8. KUDIANMALA
9. MALOME
10. MANIKKADAVU
11. MARYGIRI
12. NELLICKAMPOIL
13. NELLIKUTTY
14. PANATHADY
15. PERUMPADAVU
16. PULIKKURUMBA
17. PULINGOME
18. PURAVAYAL
19. THALIPARAMBA

20. THIRUMENI
21. UDAYAGIRI
22. ULICKAL
23. VELLAD

## Grade - B

1 BALAL
2 CHEEKKAD
5 CHRISTNAGAR (EDAKKOM)
6 CHUNDAPARAMBA
7 ENNAPPARA
8 IRITTY
9 KACHERIKKADAVU
10 KANHANGAD
11 KANJIRADUKKOM
12 KANNIVAYAL
13 KANNUR
14 KARTHIKAPURAM
15 KARUVANCHAL
16 KASARGOD
17 KEEZHPALLY
18 KOLAYAD
19 KOLUVALLY
20 KOZHICHAL
21 MADATHIL
22 MANAKKADAVU
23 MANDALAM
24 MANGOD
25 MANIPPARA
26 NELLIPPARA
27 NIRMALAGIRI
28 ODENTHODE
29 PADANNAKKAD
30 PADUPPU
31 PANATHOOR
32 PARIYARAM
33 PATHENPARA
34 PAYYAVOOR
35 PERATTA
36 RAYAROME
37 THALASSERY
38 VEMBUA
39 VILAKKANNUR
40 VIMALASSERY

## Grade - C

1 AMMAMKULAM
2 ANAPPANTHI
3 ARAVANCHAL
4 AREEKAMALA
5 ARIVILANJAPOIL
6 ARYAPARAMBA
7 BADIADUKA
8 BALESUGIRI
9 CHARAL
10 CHAVARAGIRI
11 CHAYYOTH
12 CHEDIKULAM
13 CHENGOME
14 CHEPARAMBA
15 CHERUPARA
16 CHETTIYAMPARAMBA
17 CHOORAPADAVU
18 CHULLY
19 DEEPAGIRI
20 EDATHOTTY
21 ETTUPARA
22 JOSGIRI
23 KALANKY
24 KALICHANADUKKAM
25 KALLUMUTHIRAKKUNNU
26 KALLUVAYAL
27 KAMBALLOOR
28 KANJIRAKOLLY
29 KARAYATHUMCHAL
30 KARIAPALLY
31 KONNAKKAD
32 KOTTODY
33 KOTTOOR
34 KUNNUMKAI
35 KUTTAPARAMBA

36 LISSIGIRI
37 MAMPOIL
38 MANDAPAM
39 MANJALAMPURAM
40 MARYPURAM
41 MATTARA
42 MELECHOVVA
43 MUNDANOOR
44 NADUVIL
45 NEDUMPURAMCHAL
46 NEDUVALOOR
47 NEELESWARAM
48 OTTATHAI
49 PACHANI
50 PADIMARUTH
51 PADIYOOR
52 PADIYOTTUCHAL
53 PARAMBA
54 PARAPPA
55 PAYYANNUR
56 PERINGALA
57 PERINKARY
58 PERUMPUNNA
59 POTTAMPLAVU
60 PUNNAKKUNNU
61 RAJAGIRI
62 RAJAMUDY
63 RANDAMKADAVU
64 SNEHAGIRI (UMMARAPOIL)
65 SREEKANDAPURAM
66 THADIKKADAVU
67 THAYYENI
68 URUPPUMKUTTY
69 VANIYAPPARA
70 VARAKKADU
71 VELLARIYANAM
72 VIJAYAGIRI (KAPPIMALA)
73 VILAMANA
74 VIMALAGIRI

Grade - D

1 ADAMPARA
2 ADOTTUKAYAM
3 ALPHONSAGIRI (THERMALA)
4 ATTENGANAM
5 ANARA
6 ARABI
7 ATHIRUMAVU
8 ATTAKANDAM
9 AYANNOOR
9 BEDOOR
10 BIRIKULAM
11 CHATTAMALA
12 CHEEMENI
13 EDAKKANAM
14 EDAPPUZHA
15 HOSANGADI (UDAYANAGAR)
16 JAYAGIRI
17 JOSE MOUNT
18 KALICHAMARAM
19 KALLAR
20 KANAKAKKUNNU
21 KANAKAPPALLY
22 KAVUMTHALA
23 KODOPPALLY
24 MANADUKKOM
25 MATTANNUR
26 MAVUMCHAL
27 MODAYARANJI
28 MULAPRA
29 MULLERIA
30 NATTAKKAL
31 NELLIKKUNNU
32 NELLIYADUKKOM
33 PADANKAVALA
34 PALATHINKADAV
35 PERIYE
36 POINACHI
37 PONMALA
38 POOLAKUTTY
39 POOPARAMBA

| | | | |
|---|---|---|---|
| 40 | PUNCHA | 45 | UDAYAPURAM |
| 41 | RATHNAGIRI | 46 | VATTIYARA |
| 42 | SANTHINAGAR | 47 | VAZHAMALA |
| 43 | THABORE | 48 | VENNAKKALLU |
| 44 | THERMALA | 49 | VIJAYAPURAM |

**6. പഞ്ചാബ് മിഷനുവേണ്ടിയുള്ള സംഭാവന**

നമ്മുടെ അതിരൂപതയെ സീറോമലബാർ സഭാ സിനഡ് ഏല്പിച്ച പഞ്ചാബ് മിഷന്റെ പ്രവർത്തനങ്ങൾ ബഹു. പുതുപ്പള്ളി അച്ചന്റെയും മുക്കുഴി അച്ചന്റെയും നേതൃത്വത്തിൽ ഊർജ്ജസ്വലമായി നടന്നുകൊണ്ടിരിക്കുകയാണ്. ബഹു വൈദികരുടെ വിവിധ സമ്മേളനങ്ങളിൽ ചർച്ച ചെയ്തു തീരുമാനിച്ചിരുന്നതുപോലെ നമ്മുടെ ഇടവകകളുടെ ഗ്രേഡ് അനുസരിച്ചുള്ള ഇടവകാവിഹിതമാണ് പഞ്ചാബ് മിഷന് നല്കേണ്ടത്. പള്ളികളുടെ ഗ്രേഡ് അനുസരിച്ചുള്ള ഇടവകാവിഹിതം ഇപ്രകാരമായിരിക്കും.

A + ഗ്രേഡ് ഇടവകകൾ - 1.5 ലക്ഷം
A ഗ്രേഡ് ഇടവകകൾ - 1 ലക്ഷം
B ഗ്രേഡ് ഇടവകകൾ - 60,000
C ഗ്രേഡ് ഇടവകകൾ - 25,000
D ഗ്രേഡ് ഇടവകകൾ - 10,000

എല്ലാ വർഷവും പഞ്ചാബ് മിഷനുവേണ്ടിയുള്ള ഇടവകാവിഹിതം അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**7. കുർബാന കണക്ക് ബുക്ക്**

2023 ജനുവരി 1 മുതൽ 2030 ഡിസംബർ 31 വരെ ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിലാണ് പുതിയ കുർബാന കണക്ക് ബുക്കുകൾ തയ്യാറാക്കി നല്കിയിരിക്കുന്നത്. 2022 ഡിസംബർ 31 വരെയുള്ള കുർബാനകണക്കുകൾ ജനുവരി മാസത്തിലെ വൈദികരുടെ മാസധ്യാനത്തിനായി കൂടുമ്പോൾ ബഹു. ഫൊറോനാ വികാരി അച്ചന്മാരുടെ മേല്നോട്ടത്തിൽ പരിശോധിക്കണം. 2023 ജനുവരി 1 മുതൽ പുതിയ കുർബാന കണക്ക് ബുക്ക് ഉപയോഗിക്കുമല്ലോ. അടുത്ത വാർഷികധ്യാനത്തിൽ പുതിയ കുർബാന കണക്ക് ബുക്കുകൾ മാത്രമേ കൊണ്ടുവരേണ്ടതായിട്ടുള്ളൂ.

**8. ഫൊറോന കൗൺസിൽ**

വർഷത്തിൽ 3 പ്രാവശ്യം നിർബന്ധമായും കൂടേണ്ട കാനോനിക സമിതിയാണ് ഫൊറോനാ കൗൺസിൽ. ബഹു. ഫൊറോന വികാരിയച്ചന്മാർ ഫൊറോനാ കൗൺസിൽ വിളിച്ചു കൂട്ടുകയും റിപ്പോർട്ട് അതിരൂപതാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്യണം. അജപാലനപരമായ പ്രധാനവിഷയങ്ങൾ ഈ ബോഡിയിൽ ചർച്ച ചെയ്യുകയും ദൈവജനത്തിന്റെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്യണം.

## 9. ആദരാഞ്ജലികൾ

**1. ഫാ. കുര്യാക്കോസ് പറമ്പിൽ (79) :** മാനന്തവാടി രൂപതാംഗമായ



ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചൻ 2022 ഡിസം. 7-ാം തീയതി നിര്യാതനായി. തലശ്ശേരി അതിരൂപതയിലെ എടൂർ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ ഒരു വർഷം അസി. വികാരിയായി ബഹു. കുര്യാക്കോസ് അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. 2022 ഡിസംബർ 8-ാം തീയതി ബഹു. കുര്യാക്കോസ് അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾ മാനന്തവാടിയിൽ നടന്നു. പ്രിയപ്പെട്ട കുര്യാക്കോസച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. ഫാ. ജോസഫ് നന്തിക്കാട്ട് (81) :** മാനന്തവാടി രൂപതാംഗമായ



ബഹു. ജോസഫ് നന്തിക്കാട്ട് അച്ചൻ 2022 ഡിസം. 18-ാം തീയതി നിര്യാതനായി. ബഹു. ജോസഫ് അച്ചൻ 1968 മുതൽ 1971 വരെ നമ്മുടെ അതിരൂപതയിലെ വിളക്കന്നൂർ ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. 2022 ഡിസം. 19-ാം തീയതി ബഹു. ജോസഫ് അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾ മാനന്തവാടിയിൽ നടന്നു. പ്രിയപ്പെട്ട ജോസഫ് അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. ശ്രീ. ജോസഫ് മുണ്ടോളിക്കൽ (86) :** ബഹു. ജോൺ മുണ്ടോളിക്കൽ അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ജോസഫ് മുണ്ടോളിക്കൽ 2022 ഡിസംബർ 20-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ ഡിസംബർ 21-ാം തീയതി പുലിക്കുരുമ്പ സെന്റ് അഗസ്റ്റിൻ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോണച്ചനും മറ്റ് കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. ശ്രീമതി സെലിൻ ആലയ്ക്കൽ (68) :** ബഹു. ആൻഡ്രൂസ് തെക്കേകണ്ടത്തിൽ അച്ചന്റെ സഹോദരിയും ശ്രീ. ജോസ് ആലയ്ക്കലിന്റെ ഭാര്യയുമായ ശ്രീമതി സെലിൻ ആലയ്ക്കൽ 2022 ഡിസംബർ 23 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2022 ഡിസംബർ 26 ന് കൊന്നക്കാട് സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു.

Prot. No. 646/2022

# വിജ്ഞാപനം

## പാരീഷ് കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്

പ്രിയപ്പെട്ട അച്ചന്മാരെ,

2020-2022 വർഷങ്ങളിലെ ഇടവക പ്രതിനിധി യോഗങ്ങളുടെ (പാരീഷ് കൗൺസിൽ) കാലാവധി 2023 മാർച്ച് 31 ന് അവസാനിക്കുകയാണല്ലോ. ഇടവകയുടെ നാനാവിധത്തിലുള്ള വളർച്ചയ്ക്കുവേണ്ടി ബഹു. വൈദികർക്കൊപ്പം ആത്മാർത്ഥമായ സേവനം ചെയ്ത പാരീഷ് കൗൺസിൽ അംഗങ്ങളെ നന്ദിയോടെ ഓർമ്മിക്കുന്നു. ഈശോയുടെ സഭയെ സ്നേഹിക്കുന്ന ശ്രേഷ്ഠമായ ഒരു അല്മായ സമൂഹത്താൽ നമ്മുടെ അതിരൂപത അനുഗ്രഹീതയാണ്. തങ്ങളുടെ ആരോഗ്യവും സമ്പത്തും സമയവും പരിധികളില്ലാതെ ഇടവകയ്ക്കുവേണ്ടിയും അതിരൂപതയിലെ പൊതുകാര്യങ്ങൾക്കുമായി സമർപ്പിച്ച പ്രിയപ്പെട്ട സഹോദരങ്ങളെ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. പുതിയ ഇടവക പ്രതിനിധികളെ 2023 മാർച്ച് 31 ന് മുമ്പ് തിരഞ്ഞെടുത്ത് എല്ലാ ഇടവകകളിലും പുതിയ പാരീഷ് കൗൺസിലിന് രൂപം കൊടുക്കുകയും അവരുടെ പേരുവിവരം അതിരൂപത കച്ചേരിയിൽ അറിയിക്കുകയും ചെയ്യണം. പ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട ക്രമവും വ്യവസ്ഥകളും താഴെ ചേർക്കുന്നു.

**1. ഉദ്യോഗവശാലുള്ള അംഗങ്ങൾ**

ഇടവകവികാരി, അസി. വികാരി (മാർ), തന്നാണ്ട് കൈക്കാരന്മാർ, ഇടവകയിൽനിന്നും അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുണ്ടെങ്കിൽ അവർ, രൂപത അംഗീകരിച്ചിട്ടുള്ള സംഘടനകളുടെ പ്രസിഡന്റുമാർ, ഇൻഫാം, റ്റി.എസ്.എസ്.എസ്. എന്നിവയുടെ ഓരോ കത്തോലിക്കാ പ്രതിനിധി.

**2. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ**

ഇടവകയുടെ പുരോഗതിക്ക് സഹായിക്കുന്ന വിവിധ തലങ്ങളിൽ നിന്നുള്ള വിദഗ്ധരെ (ഉദാ. എഞ്ചിനീയർമാർ, അഡ്വക്കേറ്റ്സ്, ദൈവശാസ്ത്രബിരുദം നേടിയവർ) ഇടവക വികാരിക്ക് നാമനിർദ്ദേശം ചെയ്യാം. പത്തോ അതിൽ കൂടുതലോ ദളിത് ക്രൈസ്തവ കുടുംബങ്ങളുള്ള ഇടവകകളിൽ തെരഞ്ഞെടുപ്പുവഴി പ്രാതിനിധ്യം ലഭിക്കുന്നില്ലെങ്കിൽ ഇടവക വികാരി അവരിലൊരാളെ യോഗാംഗമായി നാമനിർദ്ദേശം ചെയ്യണം.

**3. തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ**

കുടുംബക്കൂട്ടായ്മ ഭാരവാഹികളിൽ നിന്നാണ് ഇടവക പ്രതിനിധി യോഗാംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്. നിലവിലുള്ള കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ കാലാവധിയും 2023 മാർച്ച് 31-ന് അവസാനിക്കും. (കുടുംബക്കൂട്ടായ്മ നിയമാവലി പേജ് 14), നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും 2023 മാർച്ച് 31 ന് മുമ്പ് പുതിയ കുടുംബക്കൂട്ടായ്മ ഭാരവാഹികളെയും പാരീഷ് കൗൺസിൽ അംഗങ്ങളെയും തിരഞ്ഞെടുക്കണം.

1. കുടുംബക്കൂട്ടായ്മ യൂണിറ്റ് യോഗം ചേർന്ന് അതിൽ വച്ചാണ് ആ യൂണിറ്റിൽനിന്നുമുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്. ഓരോ യൂണിറ്റിൽനിന്നും കുടുംബക്കൂട്ടായ്മ ഭാരവാഹികളായി പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കൺവീനർ എന്നിവരെ തിരഞ്ഞെടുക്കണം. കുടുംബക്കൂട്ടായ്മകളുടെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ പാരീഷ് കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും.
2. ഓരോ ഇടവകയിലും പ്രതിനിധിയോഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരിൽ 35% വനിതകളായിരിക്കണം. (ഇടവകയിലെ മൊത്തം കുടുംബക്കൂട്ടായ്മ യൂണിറ്റുകളിൽനിന്നും നറുക്കെടുപ്പിലൂടെ 35% യൂണിറ്റുകളെ വനിതാസംവരണ യൂണിറ്റുകളായി നിശ്ചയിക്കുകയോ 70% യൂണിറ്റുകളിൽ രണ്ടു പ്രതിനിധികളിൽ ഒരാളെ വനിതകളിൽ നിന്ന് തിരഞ്ഞെടുക്കുകയോ ചെയ്യാം).
3. തിരഞ്ഞെടുപ്പിൽ ഓരോ കുടുംബത്തിലെയും കുടുംബനാഥനും കുടുംബനാഥയ്ക്കും വോട്ടവകാശം ഉണ്ടായിരിക്കും. ഇവർക്ക് വോട്ട് രേഖപ്പെടുത്താൻ അസൗകര്യമുള്ളപ്പോൾ കുടുംബത്തിലെ പ്രായപൂർത്തിയായ മറ്റൊരു പുരുഷനെയോ സ്ത്രീയെയോ രേഖാമൂലം ചുമതലപ്പെടുത്താവുന്നതാണ്.
4. ഇടവകയിലെ സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളായി പുരുഷന്മാരുടെ സമൂഹങ്ങളിൽനിന്നും ഒരാളെയും സ്ത്രീകളുടെ സമൂഹത്തിൽനിന്ന് ഒരാളെയും മൊത്തം സമൂഹങ്ങളുടെ പ്രതിനിധികളുടെ ഒരു മീറ്റിംഗ് ഇടവക വികാരി വിളിച്ചുകൂട്ടി തിരഞ്ഞെടുക്കണം. ഒന്നോ രണ്ടോ സന്യാസഭവനങ്ങൾ മാത്രമുള്ള ഇടവകകളിൽ എല്ലാഭവനങ്ങളുടെയും സുപ്പീരിയർമാരെയും അംഗങ്ങളാക്കാം.

5. സൺഡേസ്കൂൾ അധ്യാപകരുടെ ഒരു പ്രതിനിധിയെ അവർ തിരഞ്ഞെടുക്കുക.
6. ഇടവകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഇടവക ക്കാരനായ പ്രതിനിധിയെ തിരഞ്ഞെടുക്കണം. അതുപോലെ ഇടവകയ്ക്ക് മറ്റ് സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയുടെ പ്രതിനിധി യെയും ഇടവകവികാരി വിളിച്ചുകൂട്ടുന്ന ഒരു മീറ്റിംഗിൽ വച്ച് തിരഞ്ഞെടുക്കേണ്ടതാണ്.

**പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ**

1. **യോഗ്യത :** ഇടവകാംഗങ്ങളുടെ അധ്യാത്മിക വളർച്ചയ്ക്കും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനും വിശ്വാസ രൂപീകരണത്തിനും നാനാവിധ വികസനപ്രവർത്തനങ്ങൾക്കും ബഹു. വികാരിയച്ചനോട് ചേർന്ന് പ്രവർത്തിക്കാൻ സന്മനസ്സും, സേവനതല്പരതയും, നേതൃത്വപാടവും ഉള്ളവരെ തിരഞ്ഞെടു ക്കുവാൻ പ്രോത്സാഹിപ്പിക്കണം. പാരീഷ് കൗൺസിൽ അംഗങ്ങൾ പരസ്യപാപികളോ, പള്ളിമുടക്കിൽപ്പെട്ടവരോ, സന്മാർഗ്ഗ ഭ്രംശ കുറ്റ ങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരോ, നിരീശ്വരവാദം, യുക്തിവാദം, ഭൗതീകവാദം, വർഗ്ഗസമരം, സായുധവിപ്ലവം, ഏതെങ്കിലും പ്രത്യേക ജനവിഭാഗത്തിന്റെ സർവ്വാധിപത്യം തുടങ്ങിയ പ്രത്യേയ ശാസ്ത്ര ങ്ങളിൽ വിശ്വസിക്കുകയോ അതിന്മേൽ അടിസ്ഥാനമിട്ടിരിക്കുന്ന ഏതെങ്കിലും സംഘടനയിലോ പ്രസ്ഥാനത്തിലോ അംഗത്വ മുള്ളവരോ അനുഭാവം പുലർത്തുന്നവരോ ആയിരിക്കരുത്. അതു പോലെ സഭാവിരുദ്ധ പ്രബോധനങ്ങൾ നടത്തുന്ന വിഘടിത വിഭാഗ ങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും പാരീഷ് കൗൺസിൽ അംഗമാകാൻ സാധിക്കുകയില്ല.
2. ഔദ്യോഗികാംഗങ്ങളും നോമിനേറ്റ് ചെയ്യപ്പെടുന്നവരുംകൂടി ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് കവിയരുത്.
3. തുടർച്ചയായി രണ്ടുപ്രാവശ്യത്തിൽ കൂടുതൽ ഒരാളെ വാർഡ് പ്രതിനിധിയായി തിരഞ്ഞെടുക്കാൻ പാടില്ല.
4. പുതിയ പാരീഷ് കൗൺസിലിൽ നിന്നും കോ-ഓർഡിനേറ്ററേയും പാരീഷ്കൗൺസിൽ സെക്രട്ടറിയെയും തിരഞ്ഞെടുക്കണം. നില വിലുള്ള എല്ലാ ഇടവക കോഡിനേറ്റർമാരുടെയും (മൂന്ന് വർഷം പൂർത്തിയാകാത്തവരുൾപ്പെടെ) കാലാവധി മാർച്ച് 31-ഓടെ അവ സാനിക്കും.

5. 2023-24 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരെ പൊതുയോഗം തിരഞ്ഞെടുക്കുമ്പോൾ അതിൽ രണ്ടുപേരെങ്കിലും പുതിയ പാരീഷ്കൗൺസിലിലെ അംഗങ്ങളായിരിക്കണം.
6. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ 2023 ഏപ്രിൽ 2-ാം തീയതി ഞായറാഴ്ചയോ തലേന്ന് ശനിയാഴ്ചയോ നടത്തേണ്ടതാണ്. പ്രതിജ്ഞയുടെ മാതൃക അതിരൂപതാ നിയമാവലിയുടെ അനുബന്ധത്തിൽ നല്കിയിരിക്കുന്നതിന്റെ കോപ്പി എടുക്കുകയോ അതിരൂപതാ കച്ചേരിയിൽ നിന്ന് വാങ്ങു കയോ ചെയ്യാവുന്നതാണ്.
7. പുതിയ പാരീഷ് കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റ്, പുതിയ കോഡിനേറ്ററുടെ പേര്, ഫോൺ നമ്പർ എന്നിവ ആണ്ട് തിരട്ട് പാസ്സാക്കാൻ വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോസഫ് പാംപ്ലാനി**
30-12-2022 *തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

## 10. സ്നേഹസ്മൃതി

1. റവ. ഫാ. തോമസ് പറമ്പേട്ട് - 02-01-2015
2. റവ. ഫാ. ജോസഫ് പരിയാരം - 06-01-1979
3. റവ. ഫാ. ജോബ് മൈലാടിയിൽ സിഎംഐ - 06-01-2016
4. റവ. ഫാ. മാത്യു വള്ളോംകുന്നേൽ - 09-01-2016
5. റവ. ഫാ. ഫൗസ്റ്റിൻ പാറയിൽ സിഎംഐ - 10-01-1994
6. റവ. ഫാ. ജോസഫ് ആലക്കൽ - 17-01-2014
7. മോൺ. ജോസഫ് കണിയാമറ്റം - 17-01-2014
8. റവ. ഫാ. കെറുബിൻ പൊരിയത്ത് സിഎംഐ - 18-01-1960
9. റവ. ഫാ. ബർനാർഡിൻ സിഎംഐ - 18-01-1989
10. റവ. ഫാ. ജോസഫ് കോട്ടേപ്പറമ്പിൽ - 21-01-2007
11. റവ. ഫാ. ജോസഫ് മൈലാടൂർ - 21-01-2016
12. റവ. ഫാ. ജോസഫ് കുന്നേൽ സിഎംഐ - 23-01-2003
13. റവ. ഫാ. അബ്രാഹം പൊരുന്നോലിൽ - 31-01-1986

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

Prot. No. 647/2022

# കാസർഗോഡ് സെന്റ് ജോസഫ് പള്ളിയെ ഫൊറോനാപള്ളിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന

കാസർഗോഡ് സെന്റ് ജോസഫ് പള്ളിയുടെ ബഹുമാനപ്പെട്ട വികാരിയച്ചനും ദൈവജനത്തിനും നമ്മുടെ കർത്താവീശോമിശിഹായിൽ കൃപയും ആശീർവാദവും

കാഞ്ഞങ്ങാട് ഫൊറോനയിലെ വിശ്വാസികളുടെ അജപാലന ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കുന്നതിനായി വിവിധ കാനോനിക സമിതികളിൽ ആലോചിച്ചതിന്റെ വെളിച്ചത്തിൽ ദൈവകൃപയാലും തിരുസഭയുടെ നിയോഗത്താലും എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അജപാലനാധികാരം ഉപയോഗിച്ച് കാസർഗോഡ് സെന്റ് ജോസഫ് ഇടവക കേന്ദ്രമാക്കി പുതുതായി 'കാസർഗോഡ് ഫൊറോന' രൂപീകരിക്കുന്നു. കാസർഗോഡ്, ബദിയടുക്ക, പെർള, മുള്ളേരിയ, പൊയ്നാച്ചി, ഹൊസങ്കടി, ദേലംപാടി, കുമ്പള, എന്നീ പള്ളികൾ പുതുതായി രൂപപ്പെടുന്ന കാസർഗോഡ് ഫൊറോനയിൽ ഉൾപ്പെടുന്നതായിരിക്കും. തലശ്ശേരി അതിരൂപതാ കുടുംബത്തോട് ചേർന്നുനിന്നുകൊണ്ട് ആ പ്രദേശത്തു വസിക്കുന്ന വിശ്വാസികളുടെ സമൂഹത്തിന് നേതൃത്വം നല്കുവാനും, സമൂഹത്തിൽ സുവിശേഷസാക്ഷ്യം വഹിക്കുവാനും ഈശോമിശിഹായിൽ ഐക്യപ്പെട്ട സ്നേഹകൂട്ടായ്മയായി മുന്നേറുവാനും കാസർഗോഡ് ഫൊറോനയ്ക്ക് സാധിക്കട്ടെ.

കാസർഗോഡ് ഫൊറോനയുടെ പ്രഥമ വികാരിയായി ഇപ്പോൾ കാസർഗോഡ് സെന്റ് ജോസഫ് പള്ളിയുടെ വികാരിയായിരിക്കുന്ന ബഹുമാനപ്പെട്ട വള്ളിമല ജോർജ് അച്ചനെ ഇതിനാൽ നിയമിക്കുന്നു. ഫൊറോനാ വൈദികസമ്മേളനം വിളിച്ചുകൂട്ടി ഫൊറോന കൗൺസിൽ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും

നമ്മുടെ അതിരൂപതയുടെ പ്രത്യേക നിയമവും പാരമ്പര്യവും അനുസരിച്ച് ആവശ്യമായ ഇതര ഫൊറോനാ സംവിധാനങ്ങൾ സജ്ജീകരിക്കണമെന്നും ഇതിനാൽ അറിയിക്കുന്നു. പുതിയ ഫൊറോനാ പള്ളിയുടെ ബഹുമാനപ്പെട്ട വികാരിയച്ചനും വിശ്വാസികൾക്കും ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും നിങ്ങൾ ഏവരെയും ഞാൻ പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കുകയും ചെയ്യുന്നു.

ഈ കല്പന യോഗപുസ്തകത്തിൽ പകർത്തി ബഹുമാനപ്പെട്ട വികാരിയച്ചൻ കൈയ്യൊപ്പ് രേഖപ്പെടുത്തേണ്ടതാണ്.

2022 ഡിസംബർ 31 ന് തലശ്ശേരി അതിരൂപതാ സ്ഥാപകദിനത്തിൽ അതിരൂപതാ കാര്യാലയത്തിൽ നിന്നും നല്കപ്പെട്ടത്.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

**മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ*
*മെത്രാപ്പോലീത്ത*

Prot. No. 648 / 2022

# മാലോം സെന്റ് ജോർജ് പള്ളിയെ ഫൊറോനാപള്ളിയായി പ്രഖ്യാപിച്ചു കൊണ്ടുള്ള കല്പന

മാലോം സെന്റ് ജോർജ് പള്ളിയുടെ ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചനും ദൈവജനത്തിനും നമ്മുടെ കർത്താവീശോമിശിഹായിൽ കൃപയും ആശീർവാദവും

വെള്ളരിക്കുണ്ട് ഫൊറോനയിലെ വിശ്വാസികളുടെ അജപാലന ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കുന്നതിനായി വിവിധ കാനോനിക സമിതികളിൽ ആലോചിച്ചതിന്റെ വെളിച്ചത്തിൽ ദൈവകൃപയാലും തിരുസഭയുടെ നിയോഗത്താലും എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അജപാലനാധികാരം ഉപയോഗിച്ച് മാലോം സെന്റ് ജോർജ് ഇടവക കേന്ദ്രമാക്കി പുതുതായി 'മാലോം ഫൊറോന' രൂപീകരിക്കുന്നു. മാലോം, കൊന്നക്കാട്, പറമ്പ, ചുള്ളി, നാട്ടക്കൽ, പുഞ്ച, അതിരുമാവ് എന്നീ ഇടവകകളും ആനമഞ്ഞൾ, ദർഘാസ് (അമലഗിരി), മാലോം ടൗൺ, അത്തിയടുക്കം, വട്ടക്കയം എന്നീ കുരിശുപള്ളികളും പുതുതായി രൂപപ്പെടുന്ന മാലോം ഫൊറോനയിൽ ഉൾപ്പെടുന്നതായിരിക്കും. തലശ്ശേരി അതിരൂപതാ കുടുംബത്തോട് ചേർന്നുനിന്നുകൊണ്ട് ആ പ്രദേശത്തു വസിക്കുന്ന വിശ്വാസികളുടെ സമൂഹത്തിന് നേതൃത്വം നല്കുവാനും, സമൂഹത്തിൽ സുവിശേഷസാക്ഷ്യം വഹിക്കുവാനും ഈശോമിശിഹായിൽ ഐക്യപ്പെട്ട സ്നേഹകൂട്ടായ്മയായി മുന്നേറുവാനും മാലോം ഫൊറോനയ്ക്ക് സാധിക്കട്ടെ.

മാലോം ഫൊറോനയുടെ പ്രഥമ വികാരിയായി ഇപ്പോൾ മാലോം സെന്റ് ജോർജ് പള്ളിയുടെ വികാരിയായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വാരണത്ത് ജോസഫ് അച്ചനെ ഇതിനാൽ നിയമിക്കുന്നു.

ഫൊറോനാ വൈദികസമ്മേളനം വിളിച്ചുകൂട്ടി ഫൊറോന കൗൺസിൽ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും നമ്മുടെ അതിരൂപതയുടെ പ്രത്യേക നിയമവും പാരമ്പര്യവും അനുസരിച്ച് ആവശ്യമായ ഇതര ഫൊറോനാ സംവിധാനങ്ങൾ സജ്ജീകരിക്കണമെന്നും ഇതിനാൽ അറിയിക്കുന്നു. പുതിയ ഫൊറോനാ പള്ളിയുടെ ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചനും വിശ്വാസികൾക്കും ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും നിങ്ങൾ ഏവരെയും ഞാൻ പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കുകയും ചെയ്യുന്നു.

ഈ കല്പന യോഗപുസ്തകത്തിൽ പകർത്തി ബഹുമാനപ്പെട്ട വികാരിയച്ചൻ കൈയ്യൊപ്പ് രേഖപ്പെടുത്തേണ്ടതാണ്.

2022 ഡിസംബർ 31 ന് തലശ്ശേരി അതിരൂപതാ സ്ഥാപകദിനത്തിൽ അതിരൂപതാ കാര്യാലയത്തിൽ നിന്നും നല്കപ്പെട്ടത്.



**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



**മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ*
*മെത്രാപ്പോലീത്ത*

Prot. No. 649 / 2022

# മണിക്കടവ് സെന്റ് തോമസ് പള്ളിയെ ഫൊറോനാപള്ളിയായി പ്രഖ്യാപിച്ചു കൊണ്ടുള്ള കല്പന

മണിക്കടവ് സെന്റ് തോമസ് പള്ളിയുടെ ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചനും ദൈവജനത്തിനും നമ്മുടെ കർത്താവീശോമിശിഹായിൽ കൃപയും ആശീർവാദവും

നെല്ലിക്കാംപൊയിൽ ഫൊറോനയിലെ വിശ്വാസികളുടെ അജപാലന ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കുന്നതിനായി വിവിധ കാനോനിക സമിതികളിൽ ആലോചിച്ചതിന്റെ വെളിച്ചത്തിൽ ദൈവകൃപയാലും തിരുസഭയുടെ നിയോഗത്താലും എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അജപാലനാധികാരം ഉപയോഗിച്ച് മണിക്കടവ് സെന്റ് തോമസ് ഇടവക കേന്ദ്രമാക്കി പുതുതായി 'മണിക്കടവ് ഫൊറോന' രൂപീകരിക്കുന്നു. മണിക്കടവ്, കാഞ്ഞിരക്കൊല്ലി, ശാന്തിനഗർ, കാലാങ്കി, മാട്ടറ, ആനറ, മണിപ്പാറ, മുണ്ടാനൂർ, എന്നീ ഇടവകകളും വട്ട്യാംതോട്, വെങ്ങലോട് എന്നീ കുരിശുപള്ളികളും പുതുതായി രൂപപ്പെടുന്ന മണിക്കടവ് ഫൊറോനയിൽ ഉൾപ്പെടുന്നതായിരിക്കും. തലശ്ശേരി അതിരൂപതാ കുടുംബത്തോട് ചേർന്നുനിന്നുകൊണ്ട് ആ പ്രദേശത്തു വസിക്കുന്ന വിശ്വാസികളുടെ സമൂഹത്തിന് നേതൃത്വം നല്കുവാനും, സമൂഹത്തിൽ സുവിശേഷസാക്ഷ്യം വഹിക്കുവാനും ഈശോമിശിഹായിൽ ഐക്യപ്പെട്ട സ്നേഹകൂട്ടായ്മയായി മുന്നേറുവാനും മണിക്കടവ് ഫൊറോനയ്ക്ക് സാധിക്കട്ടെ.

മണിക്കടവ് ഫൊറോനയുടെ പ്രഥമ വികാരിയായി ഇപ്പോൾ മണിക്കടവ് സെന്റ് തോമസ് പള്ളിയുടെ വികാരിയായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട പടിഞ്ഞാറെമുറിയിൽ പയസ് അച്ചനെ ഇതിനാൽ നിയ

മിക്കുന്നു. ഫൊറോനാ വൈദികസമ്മേളനം വിളിച്ചുകൂട്ടി ഫൊറോന കൗൺസിൽ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും നമ്മുടെ അതിരൂപതയുടെ പ്രത്യേക നിയമവും പാരമ്പര്യവും അനുസരിച്ച് ആവശ്യമായ ഇതര ഫൊറോനാ സംവിധാനങ്ങൾ സജ്ജീകരിക്കണമെന്നും ഇതിനാൽ അറിയിക്കുന്നു. പുതിയ ഫൊറോനാപള്ളിയുടെ ബഹുമാനപ്പെട്ട വികാരിയച്ചനും കൊച്ചച്ചനും വിശ്വാസികൾക്കും ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും നിങ്ങൾ ഏവരെയും ഞാൻ പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിക്കുകയും ചെയ്യുന്നു.

ഈ കല്പന യോഗപുസ്തകത്തിൽ പകർത്തി ബഹുമാനപ്പെട്ട വികാരിയച്ചൻ കൈയ്യൊപ്പ് രേഖപ്പെടുത്തേണ്ടതാണ്.

2022 ഡിസംബർ 31ന് തലശ്ശേരി അതിരൂപതാ സ്ഥാപകദിനത്തിൽ അതിരൂപതാ കാര്യാലയത്തിൽ നിന്നും നല്കപ്പെട്ടത്.



**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



**മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ*
*മെത്രാപ്പോലീത്ത*

# റിപ്പോർട്ട്

## അതിരൂപത വൈദികസമ്മേളനം 2022 നവംബർ 29

2022 നവംബർ 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30ന് തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിലെ സമൂഹബലിയോടെ യാണ് വൈദികസമ്മേളനം ആരംഭിച്ചത്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ബലിയർപ്പണത്തിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും കണ്ണൂർ രൂപാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല പിതാവും ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദി കരും മറ്റ് വൈദികരും സഹകാർമ്മികരായി. പൗരോഹിത്യ സ്വീകരണ ത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെയും പൗരോഹിത്യത്തിൽ അഞ്ച് പതിറ്റാണ്ടുകളും രണ്ടര പതിറ്റാണ്ടുകളും പൂർത്തിയാക്കിയ ബഹു. വൈദികരേയും പ്രത്യേകം അനുസ്മരിച്ചുകൊണ്ട് വി. കുർബാന മദ്ധ്യേ കണ്ണൂർ രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല പിതാവ് വചനസന്ദേശം നല്കി. ദിവ്യബലി ക്കുശേഷം സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിന്റെ ഓഡിറ്റോറിയത്തിൽ അനുഗൃഹീതം എന്ന് പേരിട്ട അനുമോദന സമ്മേളനം നടന്നു.

അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹു. ആന്റണി മുതുകുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവായിരുന്നു. കണ്ണൂർ രൂപതാദ്ധ്യ ക്ഷൻ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല പിതാവ് സമ്മേളനം ഉദ്ഘാ ടനം ചെയ്തു. പൗരോഹിത്യസ്വീകരണത്തിന്റെ സിൽവർ ജൂബിലിവർഷത്തി ലായിരിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും പൗരോഹി ത്യസ്വീകരണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന റവ. ഫാ. ജെയിംസ് ആനക്കല്ലിൽ, റവ. ഫാ. ജോസഫ് ആനിത്താനം, റവ. ഫാ. ഫിലിപ്പ് ചേന്നാട്ട്, റവ. ഫാ. ജോസഫ് കൊരട്ടിപ്പറമ്പിൽ, റവ. ഫാ. മാത്യു മണിമലത്ത റപ്പേൽ, റവ. ഫാ. അബ്രാഹം പോണാട്ട്, റവ. ഫാ. ജേക്കബ് പുളിക്കക്കു ന്നേൽ, റവ. ഫാ. പോൾ മൂഞ്ഞേലിൽ എന്നിവരും പൗരോഹിത്യസ്വീകരണ ത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. സെബാസ്റ്റ്യൻ ചേന്നോ ത്ത്, റവ. ഫാ. ഫിലിപ്പ് കവിയിൽ, റവ. ഫാ. ജോൺ ഓണംകുളം, റവ. ഫാ. ജോസഫ് പൂവത്തോലിൽ, റവ. ഫാ. ജെയിംസ് പുത്തൻനടയിൽ, റവ. ഫാ. ജോസഫ് പന്തലാടിയിൽ, റവ. ഫാ. സെബാസ്റ്റ്യൻ മണപ്പാത്തുപറമ്പിൽ, റവ. ഫാ. സെബാസ്റ്റ്യൻ മണ്ഡപത്തിൽ എന്നിവരെയും സീറോ മലബാർ സിനഡ് മല്പാൻ സ്ഥാനം നല്കി ആദരിച്ച ബഹു. മൈക്കിൾ കാരിമറ്റം അച്ചനെയും അനുമോദിച്ചുകൊണ്ട് വൈദികരുടെ പ്രതിനിധിയായി പേരാവൂർ മേജർ ആർക്കി

എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയ വികാരി ആർച്ച്പ്രീസ്റ്റ് വെരി. റവ. ഫാ. തോമസ് കൊച്ചുകരോട്ട് സംസാരിച്ചു.

തലശ്ശേരി അതിരൂപതയുടെ അഭിമാനമാണ് ബഹു. മൈക്കിൾ കാരിമറ്റത്തിലച്ചനെന്നും അച്ചൻ കേരള സഭക്ക് നല്കിയ സംഭാവനകൾ എക്കാലവും ഓർമ്മിപ്പിക്കുന്നതാണെന്നും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ബഹു. മൈക്കിൾ കാരിമറ്റത്തിലച്ചനെ അനുമോദിച്ചുകൊണ്ട് പറഞ്ഞു. തലശ്ശേരി അതിരൂപതക്കുവേണ്ടി ആത്മാർപ്പണം നടത്തി, ശ്രേഷ്ഠമായ പൗരോഹിത്യജീവിതം തിരുസഭക്കു നല്കിയ വൈദികരാണ് ജൂബിലി ആഘോഷിക്കുന്നവരെന്നും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വൈദികരെ അനുമോദിച്ചുകൊണ്ട് സംസാരിച്ചപ്പോൾ അനുസ്മരിച്ചു. ജൂബിലി ആഘോഷിക്കുന്ന വൈദികരുടെ പ്രതിനിധിയായി ബഹു. അബ്രാഹം പോണാട്ടച്ചൻ സംസാരിച്ചു. തലശ്ശേരി അതിരൂപതയിലെ ബൈബിൾ അപ്പസ്തോലേറ്റിന്റെ ആദ്യകാലപ്രവർത്തനങ്ങളെക്കുറിച്ചും ദൈവവചനം സാധാരണക്കാരനു സംലഭ്യമാക്കുവാൻ ദൈവം തന്നെ ഉപകരണമാക്കിയതിനെക്കുറിച്ചും മല്പാൻ ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ തന്റെ മറുപടി പ്രസംഗത്തിൽ അനുസ്മരിച്ചു. മൈനർ സെമിനാരി വിദ്യാർത്ഥികൾ ഒരുക്കിയ മനോഹരമായ ജൂബിലിഗാനം സമ്മേളനത്തിൽ ആലപിച്ചു. അനുമോദനമീറ്റിംഗ് അതിരൂപതാ ചാൻസലർ ഫാ. ജോസഫ് മുട്ടത്തുകുന്നേലിന്റെ നന്ദിയോടെ സമാപിച്ചു.

ഉച്ചഭക്ഷണത്തിനുശേഷം വൈദികസമ്മേളനത്തിന്റെ രണ്ടാം ഭാഗം തുടങ്ങി. അജപാലനപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശങ്ങളും അതിനോടനുബന്ധിച്ചുള്ള ചർച്ചകളുമായിരുന്നു പ്രധാനമായും ഉച്ചയ്ക്കുശേഷമുള്ള സമ്മേളനത്തിൽ ഉണ്ടായിരുന്നത്. ബഹു. വൈദികർ ക്രിയാത്മകമായ പല നിർദ്ദേശങ്ങളും നല്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്തു. വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രമേയം വൈദികസമ്മേളനം പാസാക്കി. സമരക്കാരെ ഭീകരരായി ചിത്രീകരിച്ചുകൊണ്ട് മത്സ്യതൊഴിലാളികളുടെ അതിജീവനത്തിനുള്ള അവകാശങ്ങളെ അടിച്ചമർത്തുവാൻ ശ്രമിക്കുന്നത് ഒരു ജനാധിപത്യ ഗവൺമെന്റിനു ചേർന്നതല്ല എന്ന് അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു. 2023 ജനുവരി 1 മുതൽ ഉപയോഗിക്കാനുള്ള കുർബാനകണക്ക് ബുക്കും 2023 ലെ അതിരൂപതാ ഡയറിയും ബഹു. വൈദികർക്ക് നല്കി. വൈകുന്നേരം 4 മണിക്ക് വൈദികസമ്മേളനം അവസാനിച്ചു.

സെക്രട്ടറി

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**

# വിശ്വാസ പരിശീലനം

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

പുത്തൻ പ്രതീക്ഷകളുമായി ഒരു പുതിയ വർഷംകൂടി ദൈവം നമുക്ക് നല്കിയിരിക്കുന്നു. കഴിഞ്ഞവർഷത്തെ കുറവുകളെ പരിഹരിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് കർമ്മോത്സുകരാകാം. വരുംതലമുറയ്ക്ക് ഈശോയെ പകർന്നുകൊടുക്കുന്ന തിരുസഭയുടെ ഏറ്റവും മഹത്തരമായ ശുശ്രൂഷയിൽ നമുക്കും സജീവമായി പങ്കുചേരാം. എല്ലാവർക്കും പുതുവത്സരാശംസകൾ.

## 1. ഡിപ്ലോമ പരീക്ഷ (ക്ലാസ്സ് XII)

XII-ാം ക്ലാസ്സിന്റെ ഡിപ്ലോമ പരീക്ഷ ജനുവരി 26-ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. ചോദ്യപേപ്പർ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചുനൽകുന്നതാണ്.

## 2. ജനറൽ ചോദ്യങ്ങൾ

ജനുവരി 26-ന് നടത്തുന്ന XII-ാം ക്ലാസ്സിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ ജനുവരി 7 ശനിയാഴ്ച വാട്സ്ആപ്പ് ഗ്രൂപ്പ് വഴി നൽകുന്നതാണ്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ നൽകി പരീക്ഷയ്ക്ക് അവരെ ഒരുക്കേണ്ടതാണ്.

## 3. പരീക്ഷാ സൂപ്പർവൈസർമാർ

ജനുവരിയിൽ നടത്തുന്ന ഡിപ്ലോമ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രങ്ങളിൽ സൂപ്പർവൈസർമാരെ നിയമിക്കേണ്ടതാണ്. ഫൊറോന കമ്മിറ്റി ആലോചിച്ച് സൂപ്പർവൈസർമാരെ നേരത്തെ തിരഞ്ഞെടുക്കുമല്ലോ. **പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സൂപ്പർവൈസർ അക്കാര്യം അന്നുതന്നെ ഡയറക്ടറച്ചനെ അറിയിക്കേണ്ടതാണ്.**

## 4. ഡിപ്ലോമ പരീക്ഷാ നിർദ്ദേശങ്ങൾ

a. പരീക്ഷ 2023 ജനുവരി 26–നു ഉച്ചയ്ക്കു 2 മുതൽ 4 വരെയായിരിക്കും. പരീക്ഷയുടെ സമയത്തിന് മാറ്റം വരുത്താൻ പാടില്ല. നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയത്തിനുപുറത്ത് നടത്തുന്ന പരീക്ഷപേപ്പറുകൾ മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. കൂടാതെ രജിസ്റ്റർ ചെയ്യാത്ത കുട്ടികളെ പരീക്ഷ എഴുതിക്കാൻ പാടില്ല.

b. സൂപ്പർവൈസർ നിയമിക്കപ്പെട്ട സെന്ററിൽ 1.30–നു മുൻപായി എത്തുക.

c. ഡിപ്ലോമ പരീക്ഷ ഒരു ക്ലാസ്സ് റൂമിൽ വച്ചോ, ഹാളിൽ വച്ചോ നടത്തുന്നതാണ് ഉചിതം. **രണ്ടു ക്ലാസ്സ് റൂമുകളിൽ വെച്ചാണ് പരീക്ഷ നടത്തുന്നതെങ്കിൽ നിർബന്ധമായും രണ്ടു സൂപ്പർവൈസർ ഉണ്ടായിരിക്കണം.**

d. ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷയ്ക്കു 15 മിനിറ്റു മുൻപു പരീക്ഷാഹാളിൽ വച്ചു മാത്രം തുറക്കുക.

e. ഹെഡ്മാസ്റ്ററും ക്ലാസ് അധ്യാപകരും പരീക്ഷാസമയം മുഴുവനും പരീക്ഷാ ഹാളിൽ ഉണ്ടായിരിക്കണം.

f. ഡിപ്ലോമ പരീക്ഷയെഴുതുന്ന കുട്ടികൾ ഉത്തര കടലാസിൽ പേര് എഴുതാൻ പാടില്ല. പകരം വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും നൽകിയിട്ടുള്ള രജിസ്ട്രർ നമ്പർ, സ്ലിപ്പിൽ എഴുതി ഉത്തരക്കടലാസിനൊപ്പം പിൻ ചെയ്യുക. കൂടാതെ രജിസ്റ്റർ നമ്പർ ഉത്തരക്കടലാസിന്റെ ഒന്നാം പേജിലും കുട്ടികളെകൊണ്ട് എഴുതിപ്പിക്കണം. **ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൺഡേസ്കൂളിൽ നിന്ന് പേപ്പറുകൾ (A4) വിതരണം ചെയ്യേണ്ടതാണ്.**

g. ഉത്തരക്കടലാസുകൾ രജി. നമ്പറിന്റെ ക്രമത്തിൽ അടുക്കി പായ്ക്കു ചെയ്യണം. ഉത്തരക്കടലാസുകൾ മടക്കി പായ്ക്കുചെയ്യരുത്. ഡിപ്ലോമ ഇംപ്രൂവ്മെന്റ് ഉത്തരക്കടലാസുകൾ വേറെ കവറിൽ പായ്ക്ക് ചെയ്യണം.

h. രജിസ്ട്രേഷൻ ഫോമിന്റെ മൂന്നാമത്തെ കോളത്തിൽ Internal Mark ചേർക്കേണ്ടതാണ്. പരീക്ഷ എഴുതാത്ത കുട്ടികളുടെ റിമാർക്സ് കോളത്തിൽ Absent എന്നെഴുതുക. രജി. ഫോം പ്രത്യേക കവറിലിട്ട് ഉത്തരക്കടലാസിനോടൊപ്പം പായ്ക്ക് ചെയ്യണം. ഡിപ്ലോമ രജി. ഫോമിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിക്കേണ്ടതാണ്.

i. ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യുമ്പോൾ 'Center Head Sheet' എന്ന ഫോം കൃത്യമായി പൂരിപ്പിച്ച് സൂപ്പർവൈസറും ഹെഡ്മാസ്റ്ററും ഒപ്പുവച്ച് ഒരു കോപ്പി പായ്ക്കറ്റിനകത്തും ഒന്ന് പായ്ക്കറ്റിനു പുറത്തു കാണത്തക്ക രീതിയിലും ഒട്ടിച്ച് ഉത്തരക്കടലാസ് പായ്ക്കറ്റ് സീൽ ചെയ്യുക.

j. ഉത്തരക്കടലാസ് പായ്ക്കറ്റ് പരീക്ഷാദിനത്തിൽ തന്നെ ഫൊറോനാ കേന്ദ്രത്തിലെത്തിക്കുക. ജനുവരി 27–ാം തീയതി ഉത്തരക്കടലാസുകൾ വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നതാണ്.

k. പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നാൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുക. ഫോൺ : 9447952958

## 5. യാത്രയയപ്പ് മീറ്റിംഗ്

XII-ാം ക്ലാസ്സിലെ കുട്ടികൾ പഠനം പൂർത്തിയായി പോകുന്നതിന് മുൻപ് അവർക്ക് യാത്രയയപ്പ് കൊടുക്കുന്ന നല്ല പതിവ് സൺഡേ സ്കൂളുകളിലുണ്ട്. സൺഡേസ്കൂൾ പഠനത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനും ദൈവാനുഭവത്തിന്റെ മേഖലകൾ അയവിറക്കുന്നതിനുമായി അത്തരത്തിലുള്ള മീറ്റിംഗ് എല്ലാ സൺഡേസ്കൂളുകളിലും ക്രമീകരിക്കേണ്ടതാണ്. ഹെഡ്മാസ്റ്ററും സ്റ്റാഫ് അംഗങ്ങളും ബഹു. വികാരിയച്ചനുമായി ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 6. അസൈൻമെന്റ് - ക്ലാസ്സ് XII

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് എല്ലാ സൺഡേസ്കൂളുകളും സമയത്തിനുള്ളിൽതന്നെ ഓഫീസിൽ എത്തിച്ചു നല്കി. അസൈൻമെന്റ് എഴുതാൻ പരിശീലനം നല്കിയ വിശ്വാസപരിശീലകർക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

## 7. ഡിപ്ലോമ ചോദ്യപേപ്പർ വിതരണം

ജനുവരി 20, 21, 22, 23, 24 തീയതികളിലായിരിക്കും ചോദ്യപേപ്പർ വിതരണം നടത്തുക. ചോദ്യപേപ്പർ വിതരണ ദിവസം ഡയറക്ടറച്ചൻ എല്ലാ ഫൊറോനകളിലും വരുന്നുണ്ട്. അന്നേ ദിവസം പരീക്ഷയുടെ നടത്തിപ്പിനെക്കുറിച്ചും എൻലൈറ്റ് പ്രോഗ്രാമിനെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ നല്കുന്നതാണ്. ഓരോ ഫൊറോനയിലും വരുന്ന തീയതിയും സമയവും താഴെകൊടുക്കുന്നു.

| ഫൊറോന | തീയതി | സമയം |
|---|---|---|
| പേരാവൂർ | 20-01-2023 വെള്ളി | 9.00 am |
| എടൂർ | 20-01-2023 വെള്ളി | 10.30 am |
| കുന്നോത്ത് | 20-01-2023 വെള്ളി | 12.00 pm |
| നെല്ലിക്കാംപൊയിൽ | 20-01-2023 വെള്ളി | 2.30 pm |
| പൈസക്കരി | 21-01-2023 ശനി | 9.00 am |
| ചെമ്പേരി | 21-01-2023 ശനി | 10.30 am |
| ചെമ്പന്തൊട്ടി | 21-01-2023 ശനി | 2.30 pm |
| വായാട്ടുപറമ്പ് | 21-01-2023 ശനി | 4.00 pm |
| ആലക്കോട് | 22-01-2023 ഞായർ | 3.00 pm |
| മേരിഗിരി | 22-01-2023 ഞായർ | 4.30 pm |
| ചെറുപുഴ | 23-01-2023 തിങ്കൾ | 9.00 am |
| തോമാപുരം | 23-01-2023 തിങ്കൾ | 10.30 am |
| വെള്ളരിക്കുണ്ട് | 23-01-2023 തിങ്കൾ | 2.30 pm |
| പനത്തടി | 23-01-2023 തിങ്കൾ | 4.30 pm |
| കാസർഗോഡ് | 24-01-2023 ചൊവ്വ | 9.00 am |
| കാഞ്ഞങ്ങാട് | 24-01-2023 ചൊവ്വ | 12.00 pm |
| തളിപ്പറമ്പ് | 24-01-2023 ചൊവ്വ | 3.00 pm |

**8. ക്രിസ്തുമസ്സ് പരീക്ഷ - നന്ദി**

ഡിസംബർ 11-ാം തീയതി നടത്തിയ ക്രിസ്തുമസ്സ് പരീക്ഷ വിജയമാക്കാൻ പരിശ്രമിച്ച ബഹു. വൈദികർക്കും, പ്രധാനാധ്യാപകർക്കും, വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

**9. വിശ്വാസോത്സവം - ഏപ്രിൽ 10 മുതൽ 13 വരെ**

വിശ്വാസോത്സവം ഏപ്രിൽ 10 മുതൽ 13 വരെയാണ്. വിശ്വാസോത്സവ വർക്ക്ബുക്കിന്റെ ഓർഡർ ഫോം പൂരിപ്പിച്ച് ഓഫീസിലേക്ക് അയക്കേണ്ടതാണ്. വർക്കുബുക്കുകളുടെ വില എല്ലാ ക്ലാസ്സുകൾക്കും 25 രൂപയായിരിക്കും. നാലാം ക്ലാസ്സിന്റെ 'ജീവന്റെ അപ്പം' പുസ്തകത്തിന് 60 രൂപയാണ് നല്കേണ്ടത്.

**10. വാർഷികപരീക്ഷ I - XI :** അതിരൂപതാ മതബോധനകമ്മിറ്റിയുടെ തീരുമാനപ്രകാരം 1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 15 ശനിയാഴ്ച രാവിലെ 9 മണി മുതൽ 11 മണിവരെ** ആയിരിക്കും.

**11. അവധിക്കാല വേദപാഠം ഏപ്രിൽ 17-21**

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 17ന് രാവിലെ 9.30 മുതൽ 21-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഏപ്രിൽ 2-ന് മുമ്പായി ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 1800 രൂപയായിരിക്കും.

**12. ആസ്പെക്ട് 2022-2023**

2022-2023 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **''വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം''** എന്ന പുസ്തകമാണ്. അഞ്ച് മുതൽ ഏഴുവരെയുള്ള അധ്യായ

ങ്ങളെ ആസ്പദമാക്കിയുള്ള ഓൺലൈൻ പരീക്ഷ ജനുവരി 22 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നു.

**നിർദ്ദേശങ്ങൾ**

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പുസ്തകത്തിന്റെ 70 മുതൽ 113 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.
f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡമാസ്റ്ററിന് നൽകേണ്ടതാണ്.
g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 13. ASPCT പരീക്ഷ - നന്ദി

"വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം" എന്ന പുസ്തകത്തിന്റെ ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ഡിസംബർ 29 വ്യാഴാഴ്ച രാത്രി 9 മണിക്ക് പരീക്ഷ നടത്തി. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

## 14. "സോൾട്ട് 2023"

നവംബർ മാസത്തിൽ പ്ലസ്ടു കുട്ടികളുടെ റീജിയണൽ സംഗമങ്ങൾ **"സോൾട്ട് 2023"** ആരംഭിച്ചു. സംഗമം തിങ്കളാഴ്ച രാവിലെ 9 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കും. ഉച്ച വരെ ആനുകാലിക വിഷയങ്ങളെക്കുറിച്ചും ഉച്ചകഴിഞ്ഞ് കരിയർ ഗൈഡൻസ് സംബന്ധമായ ക്ലാസ്സുകളും നല്കുന്നതാണ്. കുട്ടികളോടൊപ്പം ക്ലാസ്സധ്യാപകരും സംഗമത്തിൽ പങ്കെടുക്കുന്നു. രജിസ്ട്രേഷൻ ഫീസായി ഒരു കുട്ടി നൽകേണ്ടത് 150 രൂപയാണ്.

| തീയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| ജനുവരി 2 | ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി |

## 15. "എൻലൈറ്റ് 2023"

ഫെബ്രുവരി മാസത്തിൽ 7,8,9 ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടി ബോധവത്ക്കരണ ക്ലാസ്സുകൾ **"എൻലൈറ്റ് 2023"** വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ലൈംഗികത, ലഹരി വസ്തു

ക്കൾ, പ്രണയം എന്നീ വിഷയങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം കുട്ടികൾക്ക് നല്കുന്നു. ഫൊറോന ആവശ്യപ്പെടുന്നതനുസരിച്ച് രണ്ടോ മൂന്നോ സെന്ററുകളിൽ വച്ച് ക്ലാസ്സ് നടത്തുന്നതാണ്. റിസോഴ്സ് ടീം അംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രം നല്കുന്നതായിരിക്കും. റിസോഴ്സ് ടീം അംഗങ്ങളുടെ യാത്രാ ചിലവ്, ഇതര ചിലവുകൾ മുതലായവ ഫൊറോന വഹിക്കേണ്ടതാണ്.

### 16. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. ജനുവരി 9 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി ഡിപ്ലോമ പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

### 17. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 18. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2022-2023 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ഒക്ടോബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേസ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്.**

### ജനുവരി മാസത്തിലെ അതിരൂപത വിസിറ്റ്

**01-01-2023** കുളിനീർ, പുഞ്ച, കല്ലുവയൽ, മുളപ്ര, നെടുംപുറംചാൽ, പേരട്ട.
**08-01-2023** തോമാപുരം, മാലോം, ആനറ, ചൂരപ്പടവ്, പടന്നക്കാട്, നിർമ്മലഗിരി.
**15-01-2023** വെള്ളരിക്കുണ്ട്, തിരൂർ, തേർമല, മേൽമുരിങ്ങോടി.
**22-01-2023** പുന്നക്കുന്ന്, മട്ടന്നൂർ.
**29-01-2023** നാട്ടക്കൽ, അറബി.

### 19. വിസിറ്റ് - നന്ദി

നവംബർ മാസത്തിൽ 27 സൺഡേസ്കൂളുകളിൽ അതിരൂപതാ വിസിറ്റ് നടത്തി. സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും, വിസിറ്റേഴ്സിനും, പ്രധാനാധ്യാപകർക്കും വിശ്വാസപരിശീലകർക്കും നന്ദി.

### 20. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്. അതിരൂപത വിസിറ്റർ വരുമ്പോൾ ഓഫീസ് റിക്കാർഡുകൾ പരിശോധിക്കുന്നതാണ്.

### 21. വിശ്വാസപരിശീലകരുടെ ധ്യാനം

2022-2023 പ്രവർത്തന വർഷത്തിൽ പരിയാരം മദർഹോമിൽ വച്ച് വിശ്വാസപരിശീലകർക്ക് മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ധ്യാനം സംഘടിപ്പിക്കുന്നു. അതിരൂപതയിൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മതാധ്യാപകരും ധ്യാനത്തിൽ പങ്കെടുക്കണം. ആറാമത്തെ ധ്യാനം ജനുവരി 06 മുതൽ 08 വരെ നടത്തുന്നു. ധ്യാനം വെള്ളിയാഴ്ച രാവിലെ 9.30-ന് ആരംഭിച്ച് ഞായറാഴ്ച 4 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെ നടത്തിയ ധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കാതിരുന്നവർ ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ.

### 22. സീറോമലബാർ പ്രതിഭാസംഗമം 2022-23

2011-2012 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ഡിസംബർ 28, 29, 30 തീയതികളിൽ പ്രത്യേക പരിശീലനം നൽകുന്നു.

### അതിരൂപതാതല ക്യാമ്പ് - നന്ദി

ഫൊറോനാതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ അതിരൂപതാ ക്യാമ്പ് ഡിസംബർ 3, 4 തീയതികളിൽ തലശ്ശേരി സന്ദേശ ഭവനിൽ വച്ച് നടത്തി. 81 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. അതിരൂപതാതല പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ.

| പേര്, വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| ഐബൽ ചൂരക്കുന്നേൽ | പരപ്പ | ആലക്കോട് |
| ജോസഫ് (ക്ലിൻസ്) പനച്ചകത്തിൽ | കിളിയന്തറ | കുന്നോത്ത് |
| മരിയ (ജാസ്മിൻ) മനയ്ക്കലാത്ത് | കച്ചേരിക്കടവ് | കുന്നോത്ത് |
| ഡയാന പടിഞ്ഞാറെആനിശ്ശേരി | പുലിക്കുരുമ്പ | ചെമ്പേരി |

### 23. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ട താണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയി ച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.
2. വിശ്വാസോത്സവ വർക്കുബുക്കുകളുടെ എണ്ണം എഴുതിയ ഫോം ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിന്റെകൂടെ അയക്കുക.

### 24. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2022-23 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis,
A/c No : 0078053000073503
IFSC : SIBL 0000078,
Bank : South Indian Bank, Thalassery

### 25. ഡയറക്ടറച്ചന്മാരുടെ സന്ദർശനം

ഡയറക്ടറച്ചൻ വട്ടിയറ, കാര്യപ്പള്ളി എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ വിമലശ്ശേരി, കൊന്നക്കാട് എന്നീ സൺഡേസ്കൂളു കളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് & ബൈബിൾ അപ്പൊസ്റ്റോലേറ്റ്

**ബൈബിൾ മാസാചരണം, ഉദ്ഘാടനം**

2022 വർഷത്തെ ബൈബിൾ പാരായണ മാസാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ഡിസം. ഒന്നാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് ബദിയടുക്ക സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് തലശ്ശേരി അതിരൂപതാ ആർച്ചു ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. ഭക്തി നിർഭരമായ ബൈബിൾ പ്രദക്ഷിണത്തിനുശേഷം അഭിവന്ദ്യ പിതാവ് ദേവാലയ മദ്ബഹയിൽ വി. ഗ്രന്ഥം പ്രതിഷ്ഠിക്കുകയും വി. ഗ്രന്ഥ പാരായണവും വചനാധിഷ്ഠിത ധ്യാനവും ഒരു വിശ്വാസിയുടെ ശരിയായ ക്രിസ്തീയ ജീവിതത്തിനും ആത്മീയ പോഷണത്തിനും എത്രമേൽ അനിവാര്യമാണെന്ന യാഥാർത്ഥ്യം വ്യക്തമാക്കിക്കൊണ്ട് തിരുവചന സന്ദേശം നൽകുകയും ചെയ്തു. ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആചരിക്കുന്നതിന്റെ ഭാഗമായി ഇടവകകളിലും സന്ന്യാസ ഭവനങ്ങളിലും വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി എന്നത് അഭിനന്ദനാർഹമാണ്.

**ബൈബിൾ ഞായറാചരണം, ഡിസംബർ 18 ഞായറാഴ്ച**

ബൈബിൾ ഞായർ അതിരൂപതാതല ഉദ്ഘാടനം മേരിഗിരി ഫൊറോനയിലെ പെരുമ്പടവ് സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് നടത്തി. ആഘോഷ പൂർവകമായ ബൈബിൾ പ്രദക്ഷിണത്തിനുശേഷം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് വി. ഗ്രന്ഥ പ്രതിഷ്ഠ നടത്തി വചനസന്ദേശം നൽകി. ഇടവക വികാരി റവ. ഡോ. മാണി മേൽവെട്ടത്ത്, ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ടോം ഓലിക്കരോട്ട് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**സഭാനവീകരണ ധ്യാനം**

2022 ഡിസം. 1 മുതൽ 4 വരെ ചെമ്പേരി ഫൊറോനയിലെ 16

സെന്ററുകളിലും 15 മുതൽ 18 വരെ മേരിഗിരി ഫൊറോനയിലെ പതിനൊന്നു സെന്ററുകളിലും സഭാനവീകരണധ്യാനം നടത്തി. ധ്യാനം പരമാവധി പേർക്കും വരാൻ പറ്റിയ സമയത്തായിരുന്നതിനാൽ ധാരാളം വിശ്വാസികൾ ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയ ഉണർവു നേടി. അഭിവന്ദ്യ പിതാവിന്റെ ഇടയ സന്ദർശനം എല്ലാ ധ്യാനസെന്ററുകളിലെയും ദൈവജനത്തിനും ധ്യാനടീം അംഗങ്ങൾക്കും ആവേശവും ഉന്മേഷവും പകർന്നു. ബഹു. ജന റാളച്ചന്മാരുടെയും സെൻട്രൽ ടീമംഗങ്ങളുടെയും സാന്നിധ്യവും തിരുവചന പ്രഘോഷണവും ധ്യാനത്തെ ശക്തിപ്പെടുത്തി. ബഹു. വികാരിയച്ചന്മാരു ടെയും കൈക്കാരന്മാർ, കമ്മിറ്റിക്കാർ എന്നിവരുടെയും കഠിനാധ്വാനവും ത്യാഗനിർഭരമായ സഹകരണവും ധ്യാനത്തിന്റെ വിജയത്തിന് ഏറെ സഹാ യകമായി. ധ്യാനടീമംഗങ്ങളായ ബഹു. വൈദികർ, സമർപ്പിതർ, പാട്ടുകാർ, ധ്യാനത്തിനു വഴിയൊരുക്കിയ ഹോം മിഷൻ ടീമംഗങ്ങൾ എന്നിവർക്കും അഭിനന്ദനങ്ങൾ. നവീകരണ ധ്യാന വിജയത്തിനായി അക്ഷീണം പ്രയ ത്നിച്ച ചെമ്പേരി, മേരിഗിരി ഫൊറോന വികാരിമാർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ടുകുന്നേൽ, റവ. ഫാ. അബ്രാഹം മഠത്തിമ്യാലിൽ എന്നിവർക്കും പ്രത്യേകം നന്ദിയും അഭിനന്ദനവും.

### ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലശ്ശേരിയിലെ ബിരുദദാന ചടങ്ങ് ജനുവരി 21 ന്

2019 ബാച്ചിൽ ദൈവശാസ്ത്രപഠനം വിജകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനം 2023 ജനുവരി 21 ന് ശനിയാഴ്ച തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ കൃത്യം 9.30 ന് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും രാവിലെ 8.30 മണിയോടെ ചടങ്ങ് നടക്കുന്ന ഓഡിറ്റോറിയത്തിൽ എത്തി ച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. 9.00 നുള്ള കോൺവൊക്കേഷൻ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഹാളിൽ പ്രവേശനം ലഭിക്കുകയുള്ളൂ. കോൺവൊക്കേഷൻ ഫീസായി 700 രൂപയാണ് വിദ്യാർത്ഥികൾ അടയ്ക്കേ ണ്ടത്.

### ഇതര സെന്ററുകളിലെ ബിരുദദാന ചടങ്ങുകൾ

2023 ജനുവരി 14-ന് ആന്ധ്ര, വിജയവാഡ എസ്.എ.ബി.എസ്. ഗ്രൂപ്പിന്റെ ബിരുദദാനം വിജയവാഡ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ചും 2023 ജനുവരി 28-ന് അടിമാലി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിലും ഇടുക്കി എഫ്.സി.സി, എസ്. എച്ച് ഗ്രൂപ്പുകളുടെ ബിരുദദാനം എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിലും വച്ച് നടത്തുന്നതാണ്.

### ലോഗോസ് ക്വിസ് സർട്ടിഫിക്കറ്റ്

ഓരോ ഇടവകകളിലേക്കുള്ള സർട്ടിഫിക്കറ്റുകൾ താമസിയാതെ

ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. പിഒസിയിൽനിന്നുള്ള സമ്മാനങ്ങളും അതോടൊപ്പം നൽകുന്നതായിരിക്കും. ഓരോ പ്രായവിഭാത്തിലും കൂടുതൽ മാർക്കു നേടിയവർക്കാണ് സമ്മാനങ്ങൾ നൽകേണ്ടത്.

## ലോഗോസ് ക്വിസ് 2022 അതിരൂപതാതല വിജയികൾക്കുള്ള അനുമോദനം

2023 ജനുവരി 21 ന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന ബിരുദദാനചടങ്ങിൽ വച്ച് എല്ലാ ഗ്രൂപ്പുകളിലും നിന്ന് അതിരൂപതാതലത്തിൽ ഒന്നാമത് എത്തിയ ജേതാക്കളെ അനുമോദിക്കുന്നതാണ്.

## അതിരൂപതയിൽ ഒന്നാം സ്ഥാനം നേടിയവർ

1. ആഞ്ചല വടക്കേക്കര - ചാവറഗിരി (എ ഗ്രൂപ്പ്, തോമാപുരം)
2. തോമസ് നാഗനോലിൽ - ചെറുപാറ (ബി ഗ്രൂപ്പ് മേരിഗിരി)
3. ട്രീസ കുളത്തിങ്കൽ - എടൂർ (സി ഗ്രൂപ്പ് എടൂർ)
4. ബിന്ദു ടൈറ്റസ് വയലുങ്കൽ - പനത്തടി (ഡി ഗ്രൂപ്പ് പനത്തടി)
5. റോസിലി വരിക്കപ്ലാംതടത്തിൽ - തിരൂർ (ഇ ഗ്രൂപ്പ് നെല്ലിക്കാംപൊയിൽ)
6. അന്ന ഇടപ്പാട്ട് - മേലെചൊവ്വ (എഫ് ഗ്രൂപ്പ് - തളിപ്പറമ്പ്)
7. റെജീഷ് പെരുമാട്ടിക്കുന്നേൽ & ഫാമിലി (ഫാമിലി ക്വിസ്, പരിയാരം - തളിപ്പറമ്പ്)
8. നിമ്മി ഏലിയാസ് (സ്പെഷ്യൽ വിഭാഗം-തിരുമേനി). കൂടാതെ നിമ്മി ഏലിയാസിനു പരിശീലനം നൽകിയ ബഹു. കളരിമുറിയിലച്ചനെയും അന്നേ ദിവസം ആദരിക്കുന്നു.

## സെമസ്റ്റർ പരീക്ഷകൾ: ല്യൂമെൻ എക്ലേസിയ പരീക്ഷകൾ

തലശ്ശേരി അതിരൂപതയിലെ വിശ്വാസപരിശീലകർക്കായി നടത്തുന്ന ദൈവശാസ്ത്രപഠന പ്രോഗ്രാമായ ല്യൂമെൻ എക്ലേസിയാ മൂന്നാം സെമസ്റ്ററിലെ ക്ലാസ്സുകൾ പൂർത്തിയായല്ലോ. കോവിഡ് മാറിയ സാഹചര്യത്തിൽ ഓൺലൈൻ പരീക്ഷയ്ക്കു പകരം എഴുത്ത് പരീക്ഷയായിരിക്കും നടത്തപ്പെടുന്നത്. ജനുവരി 30 നു മുമ്പ് അതാത് ഇടവകകളിലെ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ പരീക്ഷകൾ നടത്തി ഉത്തരക്കടലാസുകൾ ആൽഫയിൽ എത്തിക്കേണ്ടതാണ്. ചോദ്യപേപ്പർ എല്ലാ ഫൊറോന കേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്.

## ബൈബിൾ സന്ധ്യ

കേരളസഭാനവീകരണ വർഷമായി ആചരിക്കുന്ന ഈകാലഘട്ടത്തിൽ വ്യക്തികളെയും സഭയെയും നവീകരിക്കുന്നതിന് ദൈവവചനത്തിനുള്ള ശക്തി തിരിച്ചറിയാനും തിരുവചനത്തോട് ആഭിമുഖ്യം വളർത്താനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകളിൽ വചനസന്ധ്യ നടത്താൻ അതിരൂപതാബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ടീം തയ്യാറായിട്ടുണ്ട്. വചനപ്രഘോഷണം, ആരാധന, മ്യൂസിക് മിനിസ്ട്രി, ഡോക്യുമെന്ററി

പ്രദർശനം ഇവ ഉൾപ്പെടുന്ന പ്രോഗ്രാമാണ് വചനസന്ധ്യയിൽ. അതിരൂപതയിലെ അച്ചന്മാരുടെ ടീമാണ് പ്രോഗ്രാം നടത്തുന്നത്. ഇടവകകളിൽ നടത്താൻ താത്പര്യമുള്ളവർ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുമല്ലോ. **നമ്പർ 8086312826.**

**നന്ദി, സ്വാഗതം**

2022 ഏപ്രിൽ 8 മുതൽ 2022 നവം.16 വരെ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലും ബൈബിൾ അപ്പസ്റ്റൊലേറ്റിലും ത്യാഗോജ്ജ്വലമായ സേവനം കാഴ്ച വച്ച ബ്രദർ അബി വാരണത്തിന് ഹൃദയം നിറഞ്ഞ നന്ദി. നിർമ്മലഗിരിയിലെ തുടർ റീജൻസി കാലഘട്ടം ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു. പുതുതായി ആൽഫയിലേക്കു റീജൻസിക്കായി വന്നിരിക്കുന്ന ബ്രദർ ആൽബർട്ട് അഞ്ചുപ്ലാക്കലിന് ഹൃദ്യമായ സ്വാഗതം. നന്മ നിറഞ്ഞ റീജൻസി കാലഘട്ടം ആശംസിക്കുന്നു.

**ജനുവരി മാസത്തിലെ ദൈവശാസ്ത്രക്ലാസ്സുകളുടെ സമയക്രമീകരണം**

**BTh ഇംഗ്ലീഷ് വിഭാഗം**

| വിഷയം | തീയതി |
|---|---|
| വി. മർക്കോസിന്റെ സുവിശേഷം | 29.01.2023 |

**BTh മലയാളം വിഭാഗം**

| വിഷയം | തീയതി |
|---|---|
| വി. മർക്കോസിന്റെ സുവിശേഷം | 22.01.2023 |
| കാനൻ നിയമം | 28.01.2023 |

**MTh ഇംഗ്ലീഷ് വിഭാഗം**

| വിഷയം | തീയതി |
|---|---|
| സാർവ്വത്രിക ലേഖനങ്ങൾ | 27.01.2023 |

**MTh മലയാളം വിഭാഗം**

| വിഷയം | തീയതി |
|---|---|
| സാർവ്വത്രിക ലേഖനങ്ങൾ | 24.01.2023 |

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പ്രതീക്ഷകളുടെ പുതുസുഗന്ധം പരത്തി 2023 വരവായി. കളിച്ചും, ചിരിച്ചും, പഠിച്ചും, പ്രാർത്ഥിച്ചും നമുക്കൊപ്പമായിരുന്ന 2022 യവനികയ്ക്കുള്ളിലേയ്ക്ക് മറയുമ്പോൾ  ജീവിത വഴിത്താരകളിൽ നമ്മെ കൈപിടിച്ച് നടത്തിയവരോട്, ഉപദേശത്താൽ കൈത്താങ്ങായ് നിന്നവരോട്, സഹായഹസ്തത്താൽ ആശ്വാസമേകിയവരോട് സർവ്വോപരി അനുദിനവും നമ്മെ താങ്ങി വഴി നടത്തിയ ദൈവത്തോട് നന്ദിപറയാം. ഒപ്പം ഒത്തിരി നന്മകൾ നമ്മിലേയ്ക്ക് വർഷിക്കുവാൻ ദൈവം ഒരുക്കിയ പുതുവർഷത്തെ സന്തോഷത്തോടെ നമുക്ക്  വരവേൽക്കാം. ആത്മാവിലും, ശരീരത്തിലും നിർമ്മലരായ് ജീവിക്കുവാനും , വചനത്തിലും, പ്രവർത്തിയിലും വിശുദ്ധരായി വർത്തിക്കുവാനും, പുണ്യപൂർണ്ണതയ്ക്കായി നിരന്തരം യത്നിക്കുവാനും  അനേകരിൽ പ്രതീക്ഷകളുടെയും, നന്മയുടെയും പുതുനാമ്പുകൾ മുളപ്പിക്കുവാനും ഈ പുതുവർഷത്തിൽ നമുക്ക് ഉത്സാഹിക്കാം. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ  പുതുവത്സരാശംസകൾ...

അനുസ്മരിക്കുന്ന തിരുനാൾ : ദനഹാതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. സെബസ്ത്യാനോസ്, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
പ്രാർത്ഥനാനിയോഗം : ഏഴുപേരടങ്ങിയ ഗ്രൂപ്പുകളുടെ നിയോഗങ്ങൾക്കുവേണ്ടി
സുകൃതം : 75 കർത്താവിന്റെ മാലാഖ
സുകൃതജപം : ഈശോയെ എന്നെ തിന്മയിൽനിന്നും രക്ഷിക്കണമേ.
*വിശുദ്ധയെ അറിയാൻ,* : നവമാലിക അദ്ധ്യായം 7
സ്നേഹിക്കാൻ

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 ഞായർ | : | പുതുവർഷാരംഭം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു. |
| 3 ചൊവ്വ | : | വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 6 വെള്ളി | : | ദനഹാതിരുനാൾ, പ്രേഷിതവാരം ആരംഭിക്കുന്നു. |
| 12 വ്യാഴം | : | പ്രേഷിതവാരം സമാപനം |
| 24 ചൊവ്വ | : | ജീവന്റെ മൂല്യം പ്രസംഗമത്സരം(ശാഖകളിൽ) |
| 26 വ്യാഴം | : | വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്, ടീം ക്വിസ്, കയ്യെഴുത്ത് മാസിക രൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം. |
| 30 തിങ്കൾ | : | ലോകസമാധാനദിനം |

**2. മേഖലകൾ ശ്രദ്ധിക്കാൻ :** എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മിറ്റി, ഓർഗനൈസിംഗ് ടീം മീറ്റിംഗ്. ടീം ക്വിസ്സ്, കൈയെഴുത്ത് മാസിക.

## 3. കൈയ്യെഴുത്ത് മാസിക

ഈ വർഷത്തെ കൈയെഴുത്ത് മാസികയുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയെഴുത്ത് മാസിക അതിരൂപതയിൽ എത്തിക്കേണ്ട അവസാന തിയതി 2023 ജനുവരി 26-ാം തീയതി ആണ്.

## 4. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ് 2023 ജനുവരി 26 ന് നടത്തപ്പെടും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരിക്കേണ്ടത്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 55, നവംബർ മാസം ഗിരിദീപം പേജ് 50-51, കാണുക.) മത്സരം നടക്കുന്ന സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

## 5. ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26 -ാം തിയതി ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ്ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

## 6. പ്രേഷിതവാരം

2023 ജനുവരി 6 മുതൽ 12 വരെ പ്രേഷിതവാരമായി നാം ആചരിക്കുന്നു. പ്രേഷിത പ്രവർത്തനങ്ങളെ ഓർക്കുകയും എല്ലാ പ്രേഷിതർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. പ്രേഷിതവാരത്തോട

നുബന്ധിച്ച് നമുക്ക് ചെയ്യാവുന്നകാര്യങ്ങൾ ഉടൻ നിങ്ങളെ അറിയിക്കുന്നതായിരിക്കും.

### 7. ജീവകാരുണ്യ കൂപ്പൺ

മിഷൻലീഗ് സംഘടനാ പ്രവർത്തനങ്ങൾക്കും, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാമ്പത്തിക ഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്ന ജീവകാരുണ്യ കൂപ്പൺ തയ്യാറായിക്കൊണ്ടിരിക്കുന്നു. ഓരോ മേഖലകളിലേയ്ക്കുമുള്ള കൂപ്പൺ ഈ മാസം ആദ്യ ആഴ്ചയോടെ എത്തിക്കുന്നതായിരിക്കും. മേഖലകളിൽ എത്തിക്കുന്ന കൂപ്പൺ മേഖലാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ ശാഖകളിൽ എത്തിക്കാൻ വേണ്ട ക്രമീകരണം ചെയ്യുമല്ലോ. കൂപ്പൺ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഉടൻതന്നെ അറിയിക്കുന്നതായിരിക്കും.

### 8. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ജനുവരി മാസം തോമാപുരം (ജനുവരി - 8), കാഞ്ഞങ്ങാട് (ജനുവരി - 15) എന്നീ മേഖലകളിലെ ശാഖകളും വെള്ളരിക്കുണ്ട്, പനത്തടി മേഖലകളിലെ സന്ദർശിക്കാത്ത ശാഖകളും സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

### 9. നക്ഷത്രദൂത്

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 25 വരെ ക്രിസ്തുമസ് മെസേജ് “നക്ഷത്രദൂത്” എന്ന പേരിൽ വാട്സ് ആപ്പിലൂടെയും യൂട്യൂബിലൂടെയും അയച്ചിരുന്നു. ഈ പരിപാടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും പ്രത്യേകമായി പങ്കെടുത്ത് സഹകരിച്ചവർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**10. ഗ്ലോറിയ നൈറ്റ് - ശാന്തിഭവൻ :** ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാതല ക്രിസ്തുമസ് ആഘോഷം ആലക്കോട്, വായാട്ടുപറമ്പ് മേഖലകളുടെ സഹകരണത്തോടെ ഡിസംബർ 23-ാം തിയതി കരുവഞ്ചാൽ ശാന്തിഭവനിലെ ബഹു. വൈദികർക്കൊപ്പം നടത്തി.

### 11. വചനമരം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**12. ഉണ്ണീശോ കട്ടിൽ**

പഞ്ചാബ് മിഷനിലെ അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപ ചിലവാകും. എല്ലാവരും സഹകരിക്കുമല്ലോ.

**13. സംസ്ഥാന മാനേജിംഗ് കമ്മറ്റി**

നവംബർ 25-ാം തീയതി വെള്ളിയാഴ്ച ഓൺലൈനായി നടന്ന സംസ്ഥാന മാനേജിംഗ് കമ്മറ്റിയിൽ അതിരൂപതാഭാരവാഹികൾ പങ്കെടുത്തു.

**14. സംസ്ഥാനതല പ്ലാറ്റിനം ജൂബിലി സമാപനം**

ഡിസംബർ 4-ാം തീയതി ഞായറാഴ്ച പാലാരൂപതയിൽവച്ച് നടന്ന പ്ലാറ്റിനം ജൂബിലി സമാപനത്തിൽ അതിരൂപതയിൽ നിന്നും പങ്കെടുത്തു.

**15. ബൈബിൾ ഞായർ**

ഡിസംബർ 18-ാം തീയതി അതിരൂപതാതല ബൈബിൾ ഞായർ ആഘോഷം വിമലശ്ശേരി ശാഖയിൽ വച്ച് നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വിമലശ്ശേരി ശാഖാഡയറക്ടർ ഫാ. ജോബി നിരപ്പേൽ ബൈബിൾ പ്രതിഷ്ഠ നടത്തി. തുടർന്ന് കുട്ടികളുടെ ബൈബിൾ റാലിയും നടന്നു.

**16. അഭിനന്ദനങ്ങൾ:** പ്ലാറ്റിനം ജൂബിലി വർഷത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ നടത്തപ്പെട്ട പ്രബന്ധരചനാ മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ കരിക്കോട്ടക്കരി ശാഖയിലെ മഞ്ജുഷയ്ക്ക് അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**17. അതിരൂപതാ മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ മാനേജിംഗ് കമ്മിറ്റിയും 2022-25 വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഡിസംബർ 10-ാം തീയതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് നടന്നു. അതിരൂപതാ വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ശ്രീ ജിന്റോ തകിടിയേലിന്റെ നേതൃത്വത്തിൽ 2022-2025 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു.

**ഹൃദ്യമായ സ്വാഗതം**

**2022-2025 പ്രവർത്തന വർഷത്തെ അതിരൂപതാ ഭാരവാഹികൾ**

പ്രസിഡന്റ് - ഷിജോ സ്രായിൽ
വൈ. പ്രസി. - റെനിൻ കൊടിയംകുന്നേൽ
സെക്രട്ടറി - ബിജു കൊച്ചുപൂവക്കോട്ട്
ജോ. സെക്രട്ടറി - ജെസി വട്ടക്കാട്ട്
ജനറൽ ഓർഗനൈസർ - അരുൾ പറയകുന്നേൽ

**റീജിയണൽ ഓർഗനൈസേഴ്സ്**

ഷേർളി പാമ്പനാൽ - ആലക്കോട് റീജൻ

മാണി കണിയാരോലിക്കൽ - ചെമ്പേരി റീജൻ

നിഷ വടാന, സഖറിയാസ് തേക്കുംകാട്ടിൽ - കാഞ്ഞങ്ങാട് റീജൻ

ജെയ്സൺ പുളിച്ചമാക്കൽ, സോജൻ കൊച്ചുമലയിൽ - ഇരിട്ടി റീജൻ

**സംസ്ഥാന പ്രതിനിധികൾ**

ബിജു മണ്ണനാൽ, സുനിൽ കല്ലിടുക്കിൽ, ബാബു പതിപ്പള്ളി, ഏലിക്കുട്ടി എടാട്ട്, സണ്ണി പടിഞ്ഞാറെചിറ്റേടത്ത്.

**ഓഡിറ്റേഴ്സ്**

ബിനു ജാതികുളം, മിനി ആശാരിപ്പറമ്പിൽ, ജെറിൻ ചേമ്പാലക്കുന്നേൽ

**ഉപരിഘടകം**

ബേബി പ്ലാശ്ശേരി, ഏലിക്കുട്ടി എടാട്ട്

പുതിയ ഭാരവാഹികൾക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ദൈവഹിത പ്രകാരം ആത്മാർത്ഥമായി നിർവ്വഹിക്കുവാൻ എല്ലാ ദൈവാനുഗ്രങ്ങളും പ്രാർത്ഥനാശംസകളും നേർന്നുകൊണ്ട് അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

## 18. ഹൃദയം നിറഞ്ഞ നന്ദി

കഴിഞ്ഞ മൂന്നുവർഷക്കാലം ത്യാഗത്തിന്റെ സുന്ദരഭാവങ്ങളെ പുൽകി നിഷ്കാമ കർമ്മത്തിലൂടെ ചെറുപുഷ്പ മിഷൻലീഗിനെ വളർച്ചയിലേക്ക് നയിച്ച പ്രിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ നേതൃത്വത്തിലുള്ള അതിരൂപതാ ഭാരവാഹികൾക്ക് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

## 19. ക്രിസ്കാർഡ് നിർമ്മാണ മത്സരം

18.12.22 ന് ക്രിസ്മസ്ആഘോഷഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി ക്രിസ്കാർഡ് നിർമ്മാണ മത്സരം റീജിയണൽ തലത്തിൽ നടത്തപ്പെട്ടു. നേതൃത്വം കൊടുത്തവർക്കും പങ്കെടുത്ത എല്ലാ കൊച്ചുകൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

## 20. ശാഖാ സന്ദർശനങ്ങൾ

**27.11.2022 ഞായർ :** ചെറുപുഴ മേഖലയിലെ 10 ശാഖകളും, മേരിഗിരി മേഖലയിലെ 2 ശാഖകളും, വായാട്ടുപറമ്പ് മേഖലയിലെ ഒരു ശാഖയും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. കാര്യപ്പള്ളി - സി. ട്രീസാ ജോയി, വായാട്ടുപറമ്പ് - ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, എടക്കോം - ജെയ്സൺ പുളിച്ചമാക്കൽ, ചെറുപുഴ - സുനിൽ ചെന്നിക്കര, ചൂരപ്പടവ് - സജി കുന്നത്ത്, ജോസ്ഗിരി - സണ്ണി പടിഞ്ഞാറെചിറ്റേടത്ത്, കോലുവള്ളി

– സി. ജെസ്റ്റീന എം എസ് എം ഐ, കോഴിച്ചാൽ – സി ക്ലെറിൻ എസ് എ ബി എസ്, മുളപ്ര – സി. സ്റ്റെഫിൻ എം എസ് എം ഐ, പാടിയോട്ടുചാൽ – സി. മരിയറ്റ് എം എസ് എം ഐ, പുളിങ്ങോം – ഷേർളി പാമ്പനാൽ, രാജഗിരി – സുനിൽ കല്ലിടുക്കിൽ, താബോർ – ടോമി അഴകത്ത്.

**04.12.2022 ഞായർ :** വെള്ളരിക്കുണ്ട് മേഖലയിലെ 5 ശാഖകളും, ചെറുപുഴ മേഖലയിലെ 3 ശാഖകളും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. ഉമ്മറപൊയിൽ – സി. സ്റ്റെഫിൻ എം എസ് എം ഐ, തിരുമേനി – സി. മരിയറ്റ് എം എസ് എം ഐ, കനകപ്പള്ളി – ടോമി അഴകത്ത്, ബളാൽ – ബിജു കൊച്ചുപൂവക്കോട്ട്, ഭീമനടി – സി. അലീന എസ് എ ബി എസ്, വെള്ളരിക്കുണ്ട് – സി. ജെസ്റ്റീന എം എസ് എം ഐ, പുന്നക്കുന്ന് – സജി കുന്നത്ത്,

**18.12.2022 ഞായർ :** വെള്ളരിക്കുണ്ട് മേഖലയിലെ 3 ശാഖകളും, പനത്തടി മേഖലയിലെ 4 ശാഖകളും, ചെറുപുഴ മേഖലയിലെ 1 ശാഖയും, ആലക്കോട് മേഖലയിലെ 2 ശാഖയും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. അരവഞ്ചാൽ – ഷേർളി പാമ്പനാൽ, അട്ടക്കണ്ടം –സി. ജ്യോത്സന എഫ് സി സി, കാലിച്ചാമരം – സി. റോഷ്നി എഫ് സി സി, വിമലഗിരി – സി. ട്രീസാ എഫ് സി സി, കള്ളാർ – സ്റ്റെഫിൻ എം എസ് എം ഐ, പടിമരുത് – സജി കുന്നത്ത്, അടോട്ടുകയ – സി. അലീന എസ് എ ബി എസ്, പാണത്തൂർ – സി. ക്ലെറിൻ എസ് എ ബി എസ്, പരപ്പ – ഷിജോ പുതുപ്പറമ്പിൽ, മാമ്പോയിൽ – സുനിൽ ചെന്നിക്കര.

## 21. സെമിനാറുകൾ, ക്ലാസ്സുകൾ

- 27-11-2022 ന് പാത്തൻപാറ ശാഖയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ നടത്തി.
- 27-11-2022 ന് കാസർഗോഡ് സോണിലെ എം റ്റി സി കുട്ടികൾക്ക് ബിജു കൊച്ചുപൂവക്കോട്ട് ക്ലാസ്സ് എടുത്തു.

## 22. ആദരാജ്ഞലികൾ

മുൻ ദേശീയ, സംസ്ഥാന, അതിരൂപതാ വൈസ് ഡയറക്ടർ ആയിരുന്ന സി. ഗ്രേസ് എസ് എ ബി എസ് ന്റെ മരണം മൂലം വേർപിരിഞ്ഞ് പോയ വത്സല മാതാവ് അന്നമ്മ പനയ്ക്കാത്തോട്ടത്തിന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒത്തിരിയേറെ അനുഗ്രഹങ്ങളും ; ഓർമ്മകളും സമ്മാനിച്ച വർഷമാണല്ലോ 2022. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2023 ലേയ്ക്ക് പ്രവേശിച്ചിരിക്കുമ്പോൾ കൂടുതൽ വിശുദ്ധിയോടെ വളർന്നുവരുവാൻ ഉണ്ണീശോ അനുഗ്രഹിക്കട്ടെ. എല്ലാ കൊച്ചുകൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.

അനുസ്മരിക്കുന്ന തിരുനാൾ : ദനഹാതിരുന്നാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. സെബസ്ത്യാനോസ്, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
പ്രാർത്ഥനാനിയോഗം : നവവൈദികർക്കുവേണ്ടി
സുകൃതംജപം : എന്റെ ഈശോയെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു.
വചനം: ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയത് കടന്നുപോയി ഇതാ, പുതിയത് വന്നു കഴിഞ്ഞു. (2 കോറി 5:17)
പ്രവൃത്തി : എയ്ഞ്ചൽ ഫെസ്റ്റ് മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കുക.
മന:പാഠമാക്കുക : സങ്കീർത്തനം ഏതെങ്കിലും ഒരു അദ്ധ്യായം കാണാതെ പഠിക്കുക
എയ്ഞ്ചൽസ് വോയ്സ്: ജീവന്റെ മൂല്യം – പ്രസംഗമത്സരം (ശാഖകളിൽ)

## 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ഞായർ : പുതുവർഷാരംഭം – ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.
3 ചൊവ്വ : വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ
6 വെള്ളി : ദനഹാതിരുനാൾ
24 ചൊവ്വ : ജീവന്റെ മൂല്യം പ്രസംഗമത്സരം(ശാഖകളിൽ)
26 വ്യാഴം : ആനിമേറ്റേഴ്സ് മീറ്റിംഗ്
30 തിങ്കൾ : ലോകസമാധാനദിനം

**2. വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്**

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26 -ാം തിയതി ശാഖാ ആനിമേറ്റേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ്ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുബന്ധിച്ചുള്ള കാര്യങ്ങളും  പിന്നീട് അറിയിക്കുന്നതായിരിക്കും.

**3. വചനമരം :** ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

**4. ഉണ്ണീശോ കട്ടിൽ**

പഞ്ചാബ് മിഷനിലെ അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കട്ടിൽ വാങ്ങുക എന്ന നിയോഗത്തോടെ 25 നോമ്പിൽ കുട്ടികൾ സമാഹരിച്ച തുക മിഷൻലീഗ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 5000 രൂപ ചിലവാകും. എല്ലാവരും സഹകരിക്കുമല്ലോ.

**5. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ജനുവരി  മാസം തോമാപുരം (ജനുവരി-8), കാഞ്ഞങ്ങാട് (ജനുവരി-15) എന്നീ മേഖലകളിലെ ശാഖകളും വെള്ളരിക്കുണ്ട്, പനത്തടി മേഖലകളിലെ സന്ദർശിക്കാത്ത ശാഖകളും സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**6. ഈശോയെപ്പോലെ സ്നേഹത്തിൽ വളരാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ കൂട്ടുകൂടാം എന്ന ഏഴാം അധ്യായം പഠിക്കാം. പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ എല്ലാ സഹോദരങ്ങളോടും കൂട്ടുകൂടാം. ഈശോയെപ്പോലെ നല്ല കൂട്ടുകാരെ തിരഞ്ഞെടുത്ത് നമുക്ക് നന്മയിൽ വളരാം.

**7. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ കൂട്ടുകൂടാം എന്ന ഏഴാം അധ്യായത്തിലെ  പേജ് 37 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹ

രമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ജനുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**8. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ കൂട്ടുകൂടാം എന്ന ഏഴാം അധ്യായത്തിലെ പേജ് 38 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ജനുവരി 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**9. എയ്ഞ്ചൽസ് ഫെസ്റ്റ്**

അതിരൂപതാ എയ്ഞ്ചൽസ് ഫെസ്റ്റ് ജനുവരി 14 ന് ശനിയാഴ്ച ചെമ്പേരി നിർമ്മല സ്കൂളിൽവച്ച് രാവിലെ 9.15 ന് രജിസ്ട്രേഷനോടെ ആരംഭിക്കുന്നതാണ്. (മത്സരത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് നവംബർ മാസത്തെ ഗിരിദീപം പേജ് 62-64 കാണുക)

**10. ക്രിസ്തുരാജത്വത്തിരുനാൾ - ഫാൻസിഡ്രസ്സ് മത്സരവിജയികൾ**

| | | |
|---|---|---|
| Ist | ക്രിസ്റ്റി ഓലിക്കൽ | വെള്ളരിക്കുണ്ട് |
| IInd | ആൽബിൻ കൊണ്ടുകാപ്പള്ളിൽ | അങ്ങാടിക്കടവ് |
| IIIrd | ജോസഫ് പുളിക്കൽ | ജോസ്ഗിരി |

**11. നിറംകൊടുക്കാമോ ഡിസംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | റോസ്ബൻ റെജി | മാലോം |
| II | നിവിൻ പെരുമ്പള്ളിൽ | രാജമുടി |
| III | തെരേസ എടാട്ട് | മാലോം |

**12. നിങ്ങൾക്കറിയാമോ ഡിസംബർ മാസത്തെ വിജയികൾ**

| | | |
|---|---|---|
| I | തെരേസ എടാട്ട് | മാലോം |
| II | ജിയ വടക്കേൽ | രാജമുടി |
| III | റോസ് പീടിയേക്കൽ | രാജമുടി |

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യുവജന ശുശ്രൂഷ

"യുവജനങ്ങളെ, നിങ്ങളുടെ ജീവിതം സത്യമായും സഭയിൽ ആഘോഷി ക്കപ്പെടേണ്ടതാണ്." *(വി. ജോൺ പോൾ പാപ്പാ)*

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ഏവർക്കും നൻമനിറഞ്ഞ പുതുവത്സരങ്ങൾ നേരുന്നു. ശാന്തിയും നൻമയും നിറഞ്ഞതാകട്ടെ ഈ പുതുവർഷം. ഒത്തിരിയേറെ സാമൂഹ്യപ്രതിബദ്ധതയോടും തീക്ഷണതയോടും കൂടെ വിശ്വാസ സാമൂഹ്യരംഗങ്ങളിൽ സേവനങ്ങൾ ചെയ്യാൻ പരിശ്രമിക്കാം.

### മലബാർ യുവജന സംഗമം

കെസിവൈഎം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മലബാർ യുവജന സംഗമം താമരശ്ശേരി രൂപതയിൽ വച്ച് ഡിസം. 30ന് നടക്കപ്പെടും. തലശ്ശേരി അതിരൂപതയെ പ്രതിനിധീകരിച്ച് 100 ഓളം യുവജനങ്ങൾ സംഘമത്തിൽ പങ്കെടുക്കും.

## Night Out - Training

കെസിവൈഎം അതിരൂപതാ women's wing-ന്റെ നേതൃത്വത്തിൽ ഫൊറോന വൈസ് പ്രസിഡന്റുമാരുടെ ക്യാമ്പ് തലശ്ശേരിയിൽ വച്ച് നടത്തപ്പെടുന്നു. ഡിസംബർ 31-നാണ് ക്യാമ്പ് ക്രമപ്പെടുത്തിയിരിക്കുന്നത്.

### മെഗാ ക്രിസ്തുമസ് ആഘോഷം

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ മെഗ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. അതിരൂപതയിലെ മുഴുവൻ യുവജനങ്ങളെയും ഒരുമിച്ച് കൂട്ടൻ സാധിച്ചു. കല്ലറയ്ക്കൽ മഹാറാണി ജ്വല്ലേഴ്സാണ് സമ്മാനങ്ങൾ നല്കിയത്.

### കരോൾ ഗാന മത്സരം

തലശ്ശേരി അതിരൂപതയിൽപ്പെട്ട നാല് റീജിയിണുകളുമായി റീജിയൺ തല കരോൾഗാന മത്സരം എടൂർ, ചെമ്പന്തൊട്ടി, ആല

ക്കോട് (നെല്ലിപ്പാറ), വെള്ളരിക്കുണ്ട് (സെന്റ് ജൂഡ് കോളേജ്) എന്നിവിടങ്ങളിൽ നടന്നു. റീജിയൺ തലത്തിൽ നിന്നും തെരഞ്ഞടുക്കപ്പെട്ട 3 ടീമുകൾ വീതം ഫൈനൽ റൗണ്ടിൽ എത്തി. ഫൈനൽ മത്സരത്തിൽ ഒന്നാം സമ്മാനം സെന്റ് ഫുസ്കോ പൂപ്പറമ്പ് ഇടവകയും, രണ്ടാം സ്ഥാനം സെന്റ് സെബാസ്റ്റ്യൻ ചെടിക്കുളം ഇടവകയും, മൂന്നാം സ്ഥാനം ലിറ്റിൽ ഫ്ളവർ കരുവഞ്ചാൽ ഇടവകയും കരസ്ഥമാക്കി. നേതൃത്വം കൊടുത്ത അതിരൂപതാ, ഫൊറോന ഭാരവാഹികൾ, ഡയറക്ടർ അച്ചൻമാർ, പ്രസിഡന്റുമാർ, ആനിമേറ്റേഴ്സ് എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. പങ്കെടുത്ത എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

### ബോൺ നത്താലെ

ക്രിസ്തുമസ് സന്ദേശയാത്ര പ്രൗഢഗംഭീരമായി ഇരിട്ടിയിൽ നടത്തപ്പെട്ടു. പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ ഫൊറോനകൾക്ക് പുറമെ 13 ഫൊറോനകളിൽ നിന്നുമായി നാലായിരത്തിയഞ്ഞൂറോളം യുവജനങ്ങൾ അണിനിരന്നു. സഹായ സഹകരണങ്ങൾ നല്കിയ സംഘടനാ ചുമതലയുള്ള വികാരി ജനറാൾ മോൺ. സിബി പാലാക്കുഴി, ഫൊറോന വികാരിമാർ, അതിരൂപതാ ഭാരവാഹികൾ, ഡയറക്ടർമാർ, ഫൊറോന പ്രസിഡന്റുമാർ, ബഹു. വൈദീകർ ആനിമേറ്റേഴ്സ്, സിസ്റ്റേഴ്സ്, യുവജനനേതാക്കൾ തുടങ്ങി പങ്കെടുത്ത എല്ലാവർക്കും നന്ദി.

### അഗതിമന്ദിരങ്ങളിലൂടെ കരോൾ യാത്ര

അതിരൂപത കെസിവൈഎം ന്റെ നേതൃത്വത്തിൽ അഗതി മന്ദിരങ്ങളിലൂടെ കരോൾ യാത്ര നടത്തി. രാവിലെ 8 ന് എടൂർ മൈത്രീ ഭവനിൽ നിന്നാരംഭിച്ച് വിവിധങ്ങളായ ഫൊറോനകളിലെ ആതുരാലയങ്ങൾ സന്ദർശിച്ച് വെള്ളരിക്കുണ്ട് ബിരിക്കുളം സ്പെഷ്യൽ സ്കൂളിൽ അവസാനിച്ചു. ഫൊറോനകളിലെ ആതുരാലയങ്ങളിൽ കടന്ന് ചെന്നപ്പോൾ സഹകരിച്ച് കൂടെ നിന്ന ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, യുവജനങ്ങൾ, ആനിമേറ്റേഴ്സ് എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഫൊറോന സമിതികളുടെ നേതൃത്വത്തിലും അഗതി മന്ദിര സന്ദർശനങ്ങൾ വരും ദിവസങ്ങളിൽ നടത്തപ്പെടുന്നതായിരിക്കും.

**ഉണ്ണിയ്ക്കരികെ :** പതിതരെയും പാവപ്പെട്ടവരെയും തന്നിലേയ്ക്കടുപ്പിച്ച ക്രിസ്തു സ്നേഹം ഉൾകൊണ്ടുകൊണ്ട് 25 അഗതി മന്ദിരങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. അതിരൂപതയിലെ വിവിധ അഗതി മന്ദിരങ്ങളുടെ പോസ്റ്റർ ഷെയർ ചെയ്ത് ക്രിസ്തുമസ് ഒരുക്കദിനങ്ങളിൽ യുവജനങ്ങൾ പ്രാർത്ഥിച്ചു.

### ക്രിസ്തുമസ് ദിനങ്ങളിലെ പൊതുപ്രവർത്തനങ്ങൾ ഒഴുവാക്കണം

ക്രിസ്തുമസ് ദിനത്തിൽ NSS Camp, Ke Tet തുടങ്ങിയ മത്സര പരീക്ഷകൾ നടത്തുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കെസിവൈഎം തലശ്ശേരി. അതിരൂപതാ പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ മുഖ്യമന്ത്രി പിണറായി വിജയന് കത്ത് അയച്ചു.

## YuVa Soccer - Foot ball ടൂർണമെന്റ്

കെസിവൈഎം ചെമ്പേരി ഫൊറോനയുടെ നേതൃത്വത്തിൽ ഫുഡ് ബോൾ ടൂർണ്ണമെന്റ് നടത്തി. നെല്ലിക്കുറ്റി കെസിവൈഎം യൂണിറ്റ് ഒന്നാം സ്ഥാനവും മണ്ടളം കെസിവൈഎം യൂണിറ്റ് രണ്ടാം സ്ഥാനവും നേടി അഭിനന്ദനങ്ങൾ.

**25 Days of hope** : കെസിവൈഎം പനത്തടി ഫൊറോനയുടെ നേതൃത്വത്തിൽ 25 ദിവസത്തെ പ്രാർത്ഥനാ ഒരുക്കം 25 Days of hope എന്ന പേരിൽ ക്രിസ്തുമസ് ഒരുക്ക ചിന്ത പങ്കുവച്ചു.

### പ്രതിഷേധ ജ്വാല

വിഴിഞ്ഞം സമര മുഖത്തെ ആക്രമണത്തിലും ആർച്ച് ബിഷപ്പ് തോമസ് ജെ നെറ്റോയെയും അതിരൂപാതാ സഹായ മെത്രാൻ ബിഷപ്പ് ക്രിസ്തുദാസിനെയും പ്രതിയാക്കി കേസെടുത്തതിലും പ്രതിഷേധിച്ച് കെസിവൈഎം നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃത്വത്തിൽ പ്രതിഷേധ ജ്വാല നടത്തി.

**സദ്വാർത്ത :** തിരുവചനത്തിലൂടെ പുൽക്കൂട്ടിലേക്ക് എന്ന സന്ദേശം നൽകി കൊണ്ട് സദ്വാർത്ത ക്രിസ്മസ് സന്ദേശ പ്രോഗ്രാം നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

### പുണ്യമേകും പുൽക്കൂട്ടിലേക്ക്

കെസിവൈഎം കാഞ്ഞങ്ങാട് ഫൊറോനയുടെ നേതൃത്വത്തിൽ പുണ്യമേകും പുൽക്കൂട്ടിലേക്ക് എന്ന പേരിൽ ക്രിസ്തുമസ് സന്ദേശം നൽകി.

**ബ്ലാങ്കറ്റ് ചലഞ്ച് :** ഇരിട്ടി പട്ടണത്തിലെ തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്കായി ബെഡ്ഷീറ്റും പുതപ്പും നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃത്വത്തിൽ വിതരണം ചെയ്തു.

### ക്രിസ്തുമസ് ആഘോഷം

വിളമന പ്രൊവിഡൻസ് ഹോമിലെ അന്തേവാസികളോടൊപ്പം നെല്ലിക്കാംപൊയിൽ ഫൊറോന സമിതിയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. മധുര പലഹാരങ്ങൾ വിതരണം ചെയ്തും യുവജനങ്ങൾ ശേഖരിച്ച തുണിത്തരങ്ങൾ നൽകി കൊണ്ടും ഈ ദിനം അവിസ്മരണീയമാക്കി.

## Night Vigil

കെസിവൈഎം പനത്തടി ഫൊറോനയുടെ നേതൃത്വത്തിൽ നോമ്പുകാലത്ത് യുവജനങ്ങൾക്കായി പടുപ്പ് യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തി. ക്ലാസ്സ്, ആരാധന, കുമ്പസാരം, കുർബാന എന്നിവയുണ്ടായിരുന്നു.

## HORIZON - ആനിമേറ്റേഴ്സ് ട്രെയിനിംങ്ങ് ക്യാമ്പ്

ചെമ്പേരി ഫൊറോനയുടെ നേതൃത്വത്തിൽ ചെറിയ അരീക്കമല സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് ആനിമേറ്റേഴ്സ് ട്രെയിനിംങ്ങ് ക്യാമ്പ് - HORIZON നടത്തപ്പെട്ടു. യുവജന മന:ശാസ്ത്രം ആധുനീക യുഗത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് റവ. സി. ഡിവിന എംഎസ്എംഐ നയിച്ച ക്ലാസ്സിൽ ഫൊറോനയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും ആനിമേറ്റേഴ്സ്, ലെ ആനിമേറ്റേഴ്സ്, ഫൊറോന സിൻഡിക്കേറ്റ് അംഗങ്ങൾ, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ, 11,12 ക്ലാസ്സിലെ മതാദ്ധ്യാപർ എന്നിവർ പങ്കെടുത്തു.

## ഓർമ്മയ്ക്കായി – നവംബർ 30

പരലോകം പ്രാപിച്ച പ്രിയപ്പെട്ടവരുടെയും, ശുദ്ധീകരണ ആത്മാക്കളുടെയും ആത്മശാന്തിക്കായി ചെമ്പേരി ഫൊറോനയുടെ യുവജനങ്ങളുടെ നേതൃത്വത്തിൽ നവംബർ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കുകയും നവംബർ 30 ന് ലിസിഗിരി ദേവാലയത്തിൽ വച്ച് വൈകുന്നേരം 4.30 ന് കെസിവൈഎം ഫൊറോന ഡയറക്ടർ വിപിൻ ആനചാരിൽ അച്ചന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും ഒപ്പീസും ചൊല്ലി പ്രർത്ഥിക്കുകയും ചെയ്തു.

## ബഥേൽ മദ്ധ്യസ്ഥ പ്രാർത്ഥന

ചെമ്പേരി ഫൊറോനയിലെ ഇടവകകളിൽ വച്ച് ഡിസംബർ ഒന്നാം തീയതി മുതൽ നാലാം തീയതി വരെ നടക്കുന്ന ഇടവക കുടുംബ നവീകരണ ധ്യാനത്തിന്റെ വിജയത്തിനായും ധ്യാനം നയിക്കുന്നവർക്കായും നവംബർ 30 ന് ലിസിഗിരി ദേവാലയത്തിൽ വച്ച് വൈകുന്നേരം 5.30 ന് മുതൽ 7.30 വരെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. കെസിവൈഎം ഫൊറോന ഡയറക്ടർ റവ. ഫാ. വിപിൻ ആനചാരിൽ, ആനിമേറ്റർ ജോമോൻ കരിനാട്ട് എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ധ്യാനദിനങ്ങളിൽ ഇടവകകളെ പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിച്ചു.

## ഗ്ലോറിയ 2 k 22

അതിരൂപതാ തലത്തിൽ ക്രമീകരിച്ച അഗതി മന്ദിരങ്ങളിലൂടെയുള്ള ക്രിസ്തുമസ് കരോൾ ചെമ്പേരി ഫൊറോനയിലെ കരുണാലയത്തിൽ എത്തിയപ്പോൾ ചെമ്പേരി ഫൊറോനയിലെ യുവജനങ്ങൾ കരുണാലയത്തിൽ എത്തുകയും പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# കുടുംബ പ്രേഷിതത്വം

## I) മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

904 എം.പി.സി കോഴ്സ് ഡിസംബർ 05–07 വരെയുള്ള തീയതികളിൽ ഓൺലൈനായി നടക്കുകയുണ്ടായി. കോഴ്സിൽ 395 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

905 എം.പി.സി കോഴ്സ് ഡിസംബർ 15–17 വരെയുള്ള തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 145 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

| MPC 2023 | |
|---|---|
| January 26 - 28 | (Thursday, Saturday) Padannakkad |
| February 23 - 25 | (Thursday, Saturday) Thalassery |
| March 16 -18 | (Thursday, Saturday) Padannakkad |
| April 20 -22 | (Thursday, Saturday) Thalassery |
| May 25 - 27 | (Thursday, Saturday) Padannakkad |

## Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി സമാപിക്കുന്നു.

- എം.പി.സി കോഴ്സ് Online & Offline ആയി കൂടാൻ ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് 1250 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- ഏപ്രിൽ മാസം മുതൽ കോഴ്സ് ഫീസ് 1600 രൂപയായിരിക്കും.

**3.**

| **Online MPC 2023**<br>March 27 - 29 | | |
|---|---|---|
| **Time Schedule** | | |
| I$^{st}$ Day | 10: 00 am | - 05:00 pm |
| II$^{nd}$ Day | 02:00 pm | - 07:00 pm |
| III$^{rd}$ Day | 02:00 pm | - 07:00 pm |

## 4. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com  Contact No : 6235445544.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് നവവൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം.
2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം – ദത്ത് ഭവനങ്ങൾ സന്ദർശിക്കുക
3. **മാതൃവേദി പ്രവർത്തന പദ്ധതി – ജനുവരി 2023**

| | | |
|---|---|---|
| 1 | – | വർഷാരംഭം, കർത്താവിന്റെ നാമകരണത്തിരുനാൾ |
| 3 | – | വി. ചാവറ കുര്യാക്കോസ് |
| 6 | – | ദനഹാത്തിരുനാൾ |
| 12 | – | അതിരൂപതാ എക്സിക്യൂട്ടീവ് |
| 17 | – | ജ്വാല - മേരിഗിരി (10.00 am–12.30 pm) |
| 20 | – | വി. സെബസ്ത്യാനോസ് |
| 26–28 | – | എം.പി.സി. - പടന്നക്കാട് |
| 30 | – | ജ്വാല - ചെമ്പന്തൊട്ടി (10.00 am–12.30 pm) |
| 31 | – | ജ്വാല - ചെറുപുഴ (10.00 am–12.30 pm) |

4. **അറിയിപ്പുകൾ**

- ജനുവരി, ഫെബ്രുവരി മാസത്തിൽ ജ്വാല സംഗമം എല്ലാ മേഖലകളിലും നടത്തപ്പെടുന്നു. എല്ലാ യൂണിറ്റുകളിലും സജീവമായി പ്രവർത്തിക്കുന്ന അംഗങ്ങളെ ഈ സംഗമത്തിൽ പങ്കെടുപ്പിക്കുക.
- പ്രോഗ്രാമുകൾ മേഖലാതലത്തിൽ തയ്യാറാക്കി രണ്ടാഴ്ച മുമ്പ് ഓഫീസിൽ അറിയിക്കാൻ മേഖലാ സമിതി ശ്രദ്ധിക്കുക. മേഖല ഡയറക്ടേഴ്സ്, ഫൊറോന വികാരിമാർ എന്നിവരെ സംഗമത്തിൽ പങ്കെടുപ്പിക്കുക.

കൊടിയേറ്റ്, ഉദ്ഘാടന സമ്മേളനം, ക്ലാസ് എന്നിവ ക്രമീകരിക്കുക. LCD പ്രോജക്റ്ററിന്റെ സ്ക്രീൻ സജ്ജീകരിക്കുക.

- ഡിസംബർ മാസം നൽകിയ മാതൃദീപ്തിയുടെ കോപ്പികൾ, യൂണിറ്റ് ഡയറക്ടർ, ആനിമേറ്റർ എന്നിവർക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്തുക. മറ്റ് യൂണിറ്റ് അംഗങ്ങൾക്കും മാതൃദീപ്തി ഷെയർ ചെയ്ത് വായിക്കാൻ അവസരമൊരുക്കുക.
- മേഖലകളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന പ്രവർത്തനങ്ങളും അതിരൂപതാ മാർഗ്ഗരേഖയുടെ കർമ്മപദ്ധതികളും ഉൾപ്പെടുത്തി ഒരു മാർഗ്ഗരേഖ, യൂണിറ്റ്, മേഖല തലങ്ങളിൽ തയ്യാറാക്കി ജനുവരി 15 നുള്ളിൽ നൽകുവാൻ ശ്രദ്ധിക്കുക.
- ഓൺലൈഫ് മീഡിയ യൂട്യൂബ് ചാനലിലേക്ക് പരിപാടികൾ തയ്യാറാക്കി നൽകാൻ നിർദ്ദേശിച്ചിരിക്കുന്ന മേഖലകൾ അതാത് മാസത്തിന്റെ പകുതിക്ക് മുമ്പായി അത് അയച്ചുതരിക.
- ബിബ്ലിയ ഫമീലിയ സീസൺ 2 വീഡിയോകൾ ഷെയർ ചെയ്യാനും രജിസ്ട്രേഷൻ നടത്തി മത്സരത്തിൽ പങ്കുചേർക്കാനും എല്ലാ യൂണിറ്റ് ഭാരവാഹികളും പരിശ്രമിക്കുക.
- ഓൺലൈഫ് മീഡിയയ്ക്കുവേണ്ടി കഴിഞ്ഞമാസത്തെ പ്രോഗ്രാം ഒരുക്കിയ കുന്നോത്ത് മേഖലയ്ക്ക് അഭിനന്ദനങ്ങൾ
- ജനുവരി മാസത്തിൽ ഓൺലൈഫ് മീഡിയയ്ക്കു വേണ്ടി വീഡിയോ നൽകേണ്ട മേഖലകൾ - ആലക്കോട്, വെള്ളരിക്കുണ്ട്.

**ജ്വാല - 2023**

| Date | Mekhala | Time |
|---|---|---|
| ജനുവരി 17 | മേരിഗിരി | 10.00 am - 12.30 pm |
| ജനുവരി 30 | ചെമ്പന്തൊട്ടി | 10.00 am - 12.30 pm |
| ജനുവരി 31 | ചെറുപുഴ | 10.00 am - 12.30 pm |
| ഫെബ്രുവരി 1 | കുന്നോത്ത് | 10.00 am - 12.30 pm |
| ഫെബ്രുവരി 3 | പനത്തടി | 10.00 am - 12.30 pm |
| ഫെബ്രുവരി 4 | കാഞ്ഞങ്ങാട്<br>കാസർഗോഡ് | 10.00 am - 12.30 pm<br>02.00 pm - 04.30 pm |
| ഫെബ്രുവരി 7 | ആലക്കോട്<br>വായാട്ടുപറമ്പ് | 10.00 am - 12.30 pm<br>02.00 pm - 04.30 pm |
| ഫെബ്രുവരി 8 | പേരാവൂർ | 10.00 am - 12.30 pm |
| ഫെബ്രുവരി 11 | നെല്ലിക്കാംപൊയിൽ<br>എടൂർ | 10.00 am - 12.30 pm<br>02.00 pm - 04.30 pm |
| ഫെബ്രുവരി 13 | പൈസക്കരി<br>ചെമ്പേരി | 10.00 am - 12.30 pm<br>02.00 pm - 04.30 pm |
| ഫെബ്രുവരി 14 | തളിപ്പറമ്പ് | 10.00 pm - 12.30 pm |
| ഫെബ്രുവരി 18 | വെള്ളരിക്കുണ്ട്<br>തോമാപുരം | 10.00 am - 12.30 pm<br>02.00 pm - 04.30 pm |

## V. അമല പ്രോലൈഫ്

### 1) ജീവോത്സവം

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റും അമല പ്രോലൈഫും സംയുക്തമായി നടത്തുന്ന വലിയകുടുംബങ്ങളുടെ സംഗമമായ ജീവോത്സവം 2022, ഡിസംബർ 3-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. അമല പ്രോലൈഫ് സെക്രട്ടറി ലോറൻസ് കടിക്കാട്ട് സ്വാഗതമാശംസിച്ച ചടങ്ങിൽ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അദ്ധ്യക്ഷത വഹിച്ചു. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നടത്തുകയും ചെയ്തു. തളിപ്പറമ്പ് ഫൊറോന വികാരി റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ, ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ്, അമല പ്രോലൈഫ് പ്രസിഡണ്ട് ശ്രീ സിജി പുതുപ്പറമ്പിൽ, തലശ്ശേരി അതിരൂപത മാതൃവേദി പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. അമല പ്രോലൈഫ് ആനിമേറ്റർ സി. ജെസ്റ്റീന എം.എസ്. എം.ഐ നന്ദിയർപ്പിച്ച് സംസാരിച്ചതോടെ പ്രോഗ്രാം സമാപിച്ചു.

### 2) പ്രോലൈഫ് സന്ധ്യ - കോട്ടൂർ വയൽ

അമല പ്രോലൈഫ് എക്സിക്യൂട്ടീവ് സമിതിയുടെ നേതൃത്വത്തിൽ 13.12.2022 ന് കോട്ടൂർവയൽ ഇടവകയിൽ പ്രോലൈഫ് സന്ധ്യ സംഘടിപ്പിച്ചു. വി. കുർബ്ബാന, ക്ലാസ്, ആരാധന എന്നിവയ്ക്ക് ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, സി. ജെസ്റ്റീന എം.എസ്.എം.ഐ, മി. സെലസ്റ്റിൻ ജോൺ വടക്കേൽ എന്നിവർ നേതൃത്വം നൽകി. സംഗമം മനോഹരമാക്കാൻ സഹായിച്ച പ്രസിഡന്റ് സിജി പുതുപ്പറമ്പിൽ, വികാരി റവ. ഫാ. സേവ്യർ പുത്തൻപുര എന്നിവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

### 3) ബ്ലസ്സിംഗ്

വിവാഹത്തിനൊരുങ്ങുന്ന യുവജനങ്ങൾക്കും വിവാഹം നടക്കാതെ വിഷമിക്കുന്നവർക്കും വേണ്ടിയുള്ള ധ്യാനശുശ്രൂഷ ഫെബ്രു. 11 ശനിയാഴ്ച വൈകുന്നേരം 5 മണി മുതൽ 13-ാം തീയതി തിങ്കൾ 3 മണി വരെ. സ്ഥലം മദർഹോം, പരിയാരം. Contact - 9495023453, 8301029369.

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
*ഡയറക്ടർ*

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

**സദ്ഗമയ പി.ടി. ചാക്കോ പ്രസംഗമത്സര വിജയികൾ 2022 – 2023**

2022 ഡിസം. 10-ാം തീയതി ശനിയാഴ്ച വിവിധ സെന്ററുകളിൽ നടന്ന പി.ടി. ചാക്കോ പ്രസംഗമത്സര വിജയികളുടെ ലിസ്റ്റ് അയ്ക്കുന്നു. മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ പരിശീലിപ്പിച്ച അധ്യാപകർക്കും രക്ഷകർത്താക്കൾക്കും പ്രത്യേകം നന്ദി പറയുന്നു.

**തോമാപുരം സെന്റർ**

**എൽ.പി. വിഭാഗം**

1-ാം സ്ഥാനം- എയ്ബൽ തോമസ്, സെന്റ് തോമസ് എൽ.പി.എസ്. തോമാപുരം

2-ാം സ്ഥാനം- നേഹ എലിസബത്ത് ഷിജു, നിർമ്മലഗിരി എൽ.പി.എസ്. വെള്ളരിക്കുണ്ട്

3-ാം സ്ഥാനം- സീതാലക്ഷ്മി പ്രസാദ്, സെന്റ് തോമസ് എൽ.പി.എസ്. തോമാപുരം

**യു. പി. വിഭാഗം**

1-ാം സ്ഥാനം - ഷിയ മരിയ, സെന്റ് ജോസഫ്സ് യു.പി.എസ്. കാരുള്ളടക്കം

2-ാം സ്ഥാനം - നോറ ഷാജു, സെന്റ് തോമസ് എച്ച്.എസ്. തോമാപുരം

3-ാം സ്ഥാനം - ജിസ്റ്റി അൽഫോൻസ ജോസ്, സെന്റ് ജോസഫ്സ് യു.പി.എസ്. കാരുള്ളടക്കം

**എച്ച്.എസ്. വിഭാഗം**

1-ാം സ്ഥാനം - ദിയ എലിസബത്ത്, സെന്റ് തോമസ് എച്ച്.എസ്. തോമാപുരം

2-ാം സ്ഥാനം - ജോൺ എൽസ് ടോം, സെന്റ് തോമസ് എച്ച്.എസ്. തോമാപുരം

3-ാം സ്ഥാനം - നിയ ബെന്നി, സെന്റ് ജോൺസ് എച്ച്.എസ്. പാലാവയൽ

**വായാട്ടുപറമ്പ് സെന്റർ**

**എൽ.പി. വിഭാഗം**

1-ാം സ്ഥാനം - ആൻ തെരേസ തോമസ്, സെന്റ് മേരീസ് യു.പി.എസ്. പൈസക്കരി

2-ാം സ്ഥാനം - എലിസ കെ വിനു, സേക്രട്ട് ഹാർട്ട് എൽ.പി.എസ്. മാമ്പൊയിൽ

3-ാം സ്ഥാനം - അന്ന മേരി സുനിൽ, സെന്റ് മേരീസ് യു.പി.എസ്. പൈസക്കരി

**യു. പി. വിഭാഗം**

1-ാം സ്ഥാനം - എഡ്വിൻ സനീഷ്, പ്രത്യാശ യു.പി.എസ്. ഉദയഗിരി

2-ാം സ്ഥാനം - ആദികൃഷ്ണ കെ, നിർമ്മല യു.പി.എസ്. ചെമ്പേരി
3-ാം സ്ഥാനം - നേഹ മരിയ വിപിൻ, നിർമ്മല യു.പി.എസ്. ചെമ്പേരി

**എച്ച്.എസ്. വിഭാഗം**

1-ാം സ്ഥാനം - ആദിത്യൻ സുനിൽ, സെന്റ് ജോസഫ്സ് എച്ച്.എസ്. പുലിക്കുരുമ്പ
2-ാം സ്ഥാനം - സിയാൻ മരിയ ഷാജി, നിർമ്മല എച്ച്.എസ്. ചെമ്പേരി
3-ാം സ്ഥാനം - ലിയ മരിയ സണ്ണി, സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്. നെല്ലിക്കുറ്റി

**എടൂർ സെന്റർ**

**എൽ.പി. വിഭാഗം**

1-ാം സ്ഥാനം - എൽഗ എൽസ ജോർജ്, സെന്റ് ജോൺസ് യു.പി.എസ്. തൊണ്ടിയിൽ
2-ാം സ്ഥാനം - ഇവാന ആൻ ബിജു, സെന്റ് മേരീസ് എൽ.പി.എസ്. എടൂർ
3-ാം സ്ഥാനം - നഫ്രിദിയ ടി.എൻ., വയത്തൂർ യു.പി.എസ്

**യു.പി.വിഭാഗം**

1-ാം സ്ഥാനം - സായി ലക്ഷ്മി ടി, സെന്റ് ജോൺസ് യു.പി.എസ്. തൊണ്ടിയിൽ
2-ാം സ്ഥാനം - ആൻഡ്രിയ ഷൈജു, സെന്റ് തോമസ് യു.പി.എസ്. മണിക്കടവ്
3-ാം സ്ഥാനം - ആർലിൻ അന്ന ഷിബു, വയത്തൂർ യു.പി.എസ്.

**എച്ച്.എസ്. വിഭാഗം**

1-ാം സ്ഥാനം - ജോസ്വിൻ ജോസഫ് റൈജു, സേക്രട്ട് ഹാർട്ട് എച്ച്.എസ്. അങ്ങാടിക്കടവ്
2-ാം സ്ഥാനം - നെൽഹ മരിയ റോയി, സേക്രട്ട് ഹാർട്ട് എച്ച്.എസ്. അങ്ങാടിക്കടവ്
3-ാം സ്ഥാനം - ലയ സന്തോഷ്, സെന്റ് മേരീസ് എച്ച്.എസ്. എടൂർ

**ഹയർസെക്കന്ററി– കോർപ്പറേറ്റ് തലം**

1-ാം സ്ഥാനം - ജോയൽ ജോൺ, സെന്റ് ജോൺസ് എച്ച്.എസ്.എസ്. പാലാവയൽ
2-ാം സ്ഥാനം - ആൻ സന ആന്റണി, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. പേരാവൂർ
3-ാം സ്ഥാനം - എയ്ഞ്ചൽ തെരേസ് സെബാസ്റ്റ്യൻ, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്. വെളിമാനം

**വിജയികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.**

## പൊതുവിജ്ഞാന പരീക്ഷ - Master Minds 2K22

Master Minds 2K22 എന്ന പേരിൽ 2022 - 2023 വർഷത്തെ പൊതുവിജ്ഞാന പരീക്ഷയ്ക്കുള്ള പുസ്തകങ്ങൾ ഹയർസെക്കന്ററി/ഹൈസ്കൂൾ വിഭാഗം - മികവ്, യു.പി. വിഭാഗം - അറിവ്, എൽ.പി. വിഭാഗം - കൈത്തിരി എന്നീ പേരുകളിൽ എല്ലാ സ്കൂളുകളിലും എത്തിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം പൊതുവിജ്ഞാന പുസ്തകവും പഠിച്ച് വിവിധ എൻട്രൻസ് പരീക്ഷകളിൽ വിജയികളാകാൻ കുട്ടികൾക്ക് സഹായകരമാണ്. 2023 ജനുവരി അവസാനത്തെ ആഴ്ചയിൽ കോർപ്പറേറ്റ്തല പൊതുവിജ്ഞാന പരീക്ഷ നടത്തുന്നതാണ്. വിശദവിരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## സദ്ഗമയ

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മുഖപത്രമായ സദ്ഗമയ ചെറിയൊരു ഇടവേളയ്ക്കു ശേഷം ആകർഷകമായ രീതിയിൽ പ്രസിദ്ധീകരിച്ചു. സംസ്ഥാന ജില്ലാ തല മത്സരങ്ങളിൽ വിജയികളായാവരുടെ ഫോട്ടോയും വാർത്തകളും ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും സദ്ഗമയ മാസികയുടെ കോപ്പി എത്തിച്ചിട്ടുണ്ട്. അടുത്ത ലക്കത്തിലേക്കുള്ള കൃതികൾ, ലേഖനങ്ങൾ എന്നിവ sadgmayatly@gmail.com എന്ന ഇ-മെയിൽ ഐഡിയിലേക്ക് അയ്ക്കാവുന്നതാണ്.

## Alumni Association (പൂർവ്വ വിദ്യാർത്ഥി സംഗമം)

നമ്മുടെ വിദ്യാലയങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നതിനു കാരണം സംഘാതമായ വിദ്യാലയ പ്രവർത്തനങ്ങളാണ്. നമ്മുടെ വിദ്യാലയങ്ങളിൽ നിന്ന് വിദ്യ അഭ്യസിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരിക്കുന്ന പൂർവ്വ വിദ്യാർത്ഥികൾക്ക് ഒത്തു ചേരാനായുള്ള ഒരു അവസരമാണ് വിദ്യാർത്ഥി സംഗമം. സാധാരണയായി അവധിക്കാലങ്ങളിലാണ് വിദ്യാലയങ്ങളിൽ പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ നടക്കുന്നത്. അതിനായി നമ്മുടെ വിദ്യാലയങ്ങൾ വിട്ടുകൊടുക്കണം.

സ്കൂളിൽ സംഘടിപ്പിക്കുന്ന പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയ്ക്ക് ലോക്കൽമാനേജരുടെയും പ്രധാന അധ്യാപകന്റെയും അനുവാദം ആവശ്യമാണ്.

സ്കൂളിലെ ഒരു അധ്യാപകന് പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ഉത്തരവാദിത്വം ഏൽപ്പിക്കേണ്ടതാണ്.

പൂർവ്വ വിദ്യാർത്ഥികളുടെ ഫെയ്സ് ബുക്ക്, വാട്സ് ആപ്പ് കൂട്ടായ്മകൾ രൂപീകരിച്ച് സ്കൂളിന്റെ നേട്ടങ്ങൾ, വിദ്യാർത്ഥികളുടെ മികവുകൾ എന്നിവ അവർക്ക് അയച്ചു കൊടുക്കണം. പൂർവ്വ വിദ്യാർത്ഥികളുടെ സഹായ സഹകരണത്തോടു കൂടി സ്കൂളിനാവശ്യമായ കാര്യങ്ങൾ നേടിയെടുക്കാം. കുട്ടികളുടെ കലാകായിക പരിശീലനങ്ങൾക്കും, അടിസ്ഥാന സൗകര്യവികസനം, ലൈബ്രറി തുടങ്ങിയവയുടെ നിർമ്മാണത്തിനും ഇവരുടെ സഹകരണം ഉറപ്പുവരുത്തണം

## ട്രെയിക്സ് - TREICS

കോർപ്പറേറ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള അധ്യാപക-അനധ്യാപകർക്ക് തങ്ങളുടെ സമ്പാദ്യങ്ങൾ നിക്ഷേപിക്കാനും ആവശ്യമായ സമയത്ത് ലോണുകൾ എടുക്കാനും സഹായിക്കുന്ന സ്ഥാപനമാണ് ട്രെയിക്സ്. നിയമനാംഗീകാരം ലഭിച്ച എല്ലാ അധ്യാപക അനധ്യാപകരും ടെയിക്സിൽ അംഗത്വം എടുക്കേണ്ടതാണ്. നാളെക്കുവേണ്ടി സ്വരൂക്കൂട്ടിയ സമ്പാദ്യം ടെയിക്സിൽ തന്നെ നിക്ഷേപിക്കാൻ എല്ലാവരും തയ്യാറാകണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## സ്നേഹ തണൽ

അധ്യാപകരെ സമൂഹം ആദരവോടെ കാണുന്നു. അവരുടെ ഭാഗത്തു നിന്നുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിന് മാതൃകയും പ്രചോദനവുമാണ്. അതോടൊപ്പം നാം സമൂഹത്തിലെ അവശത അനുഭവിക്കുന്നവരെ മനസ്സിലാക്കുകയും സഹായിക്കാൻ സന്നദ്ധരാണ് എന്ന് പ്രഖ്യാപിക്കുകയുമാണ്. നമ്മുടെ മുൻപിലിരിക്കുന്ന വിദ്യാർത്ഥികളിൽ പലരും സാമ്പത്തികമായി വിഷമതകൾ അനുഭവിക്കുന്നവരാണ്. സ്വന്തമായി ഒരു ചെറിയ ഭവനം പോലും ഇല്ലാത്തവർ ധാരാളമാണ്. നമ്മുടെ ക്ലാസ്സുകളിലിരിക്കുന്ന വിദ്യാർത്ഥികളുടെ കണ്ണുകളിലേക്ക് നോക്കുമ്പോൾ ജീവിതത്തിൽ അവർ അനുഭവിക്കുന്ന ദൈന്യത മനസ്സിലാകും. അപ്രകാരം വിഷമിക്കുന്ന ഏതാനും കുട്ടികൾക്ക് ഭവനനിർമ്മാണത്തിന് സഹായിക്കാൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം. ഇരിട്ടി, ചെമ്പേരി, ചെറുപുഴ എന്നീ മൂന്നു മേഖലകളായി തിരിച്ച് മൂന്ന് കുട്ടികൾക്കെങ്കിലും വീടുകൾ പണിതു കൊടുക്കുന്നതിനാണ് ആഗ്രഹിക്കുന്നത്. ദൈവകൃപയാൽ നമുക്ക് ലഭിച്ചിരിക്കുന്ന ജോലിയും അതിലൂടെ നമുക്ക് കൈവന്ന ഐശ്വര്യവും സഹോദരങ്ങളുമായി പങ്കുവെയ്ക്കുമ്പോഴാണ് ജീവിതം അർത്ഥ പൂർണ്ണമാകുന്നത്.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ അധ്യാപക-അനധ്യാപകരും, കോർപ്പറേറ്റ് വിദ്യാഭ്യാസ എജൻസിയും ഒരുമിച്ചു ചേർന്നുള്ള ഒരു സംരംഭമാണിത്. ഇതിനായി നിയമനാംഗീകാരം ലഭിച്ച അധ്യാപക-അനധ്യാപകർ ഒരു ദിവസത്തെ ശമ്പളം 2023 ജനുവരി 10ന് മുൻപായി കോർപ്പറേറ്റ് ഓഫീസിൽ ഏൽപ്പിക്കണം. (സർക്കുലർ നമ്പർ. 08/2022 തീയതി. 03/11/2022 സൂചിപ്പിച്ചിരിക്കുന്നു). നിയമനാംഗീകാരം ലഭിക്കാത്തവർ തങ്ങളുടെ കഴിവ് അനുസരിച്ച് സഹകരിക്കുക.

എല്ലാ പ്രധാനാധ്യാപകരും ഈ തുക സമാഹരിച്ച് ജനുവരി 10നു മുൻപായി ലിസ്റ്റ് സഹിതം കോർപ്പറേറ്റ് ഓഫീസിൽ അടയ്ക്കേണ്ടതാണ്. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും ജീവനക്കാരുടെയും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മുഖമായി ഇതുമാറണം. വരും വർഷങ്ങളിലും ഒരു പ്രോഗ്രാമായി ഇത് തുടരണം. നിങ്ങളുടെ സഹകരണത്തിനും ഔദാര്യപൂർണ്ണമായ പങ്കുവെയ്ക്കലിനും നന്ദി അറിയിക്കുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കേണ്ടതിന്റെ ഭാഗമായി ഡിസംബർ 13 നു സംവാദം സംഘടിപ്പിച്ചു. ചടങ്ങിന് കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി അദ്ധ്യക്ഷത വഹിച്ചു. ഐ.സി.ഡി.എസ്. സൂപ്പർവൈസർ ശ്രീമതി. റോഷ്നി ഊരാളിക്കണ്ടി വിഷയാവതരണം നടത്തി. സി. ഡി. എസ് ചെയർപേഴ്സൺ ശ്രീമതി. എൻ.വി. ശ്രീജ ആശംസകൾ നേർന്ന് സംസാരിച്ചു. എൻ. എസ്. എസ് പ്രോഗ്രാം ഓഫീസർ ശ്രീമതി. ദീപ്തി ലിസ്ബത്ത് കെ സ്വാഗതം പറഞ്ഞു. വി (വുമൺ എംപവർമെന്റ്) കമ്മിറ്റി കൺവീനർ ഡോ. ദീപാ മോൾ മാത്യു മോഡറേറ്ററായി എസ്. എസ്. എസ് പ്രോഗ്രാം ഓഫീസർ ഡോ. ജയ്സൺ ജോസഫ് കോളേജ് യൂണിയൻ ചെയർമാൻ സജ്ഞയ് ഷാജി, ആനന്ദ്, സെസി തോമസ്, ഷാഹിന ഷെറിൻ, ഷെത ഫാത്തിമ അനു സജീഷ് എന്നിവർ പ്രസംഗിച്ചു.

അതേ ദിവസം തന്നെ നിർമലഗിരി കോളേജ് ഹിസ്റ്ററി, മലയാളം വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ കണ്ണൂർ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീഡ് നിയമ വിദ്യാർത്ഥികൾ “Legal awareness on Inclusive Envionments” എന്ന വിഷയത്തിൽ സെമിനാർ നടത്തി. നിർമലഗിരി ആട്സ് & സയൻസ് അക്കാദമി പ്രിൻസിപ്പാൾ ഡോ. ജോസ് എം. വി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ നിർമലഗിരി കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. ഹിസ്റ്ററി വകുപ്പ് അധ്യക്ഷ സി. ഡോ. മഞ്ജു ഒ. എസ് സ്വാഗതം പറഞ്ഞു. അഡ്വക്കേറ്റ് അനുഷ എം, അഡ്വക്കേറ്റ് വിജിന പി. കെ വിഭിന പി. കെ, അഡ്വക്കേറ്റ് അച്യുത് പി. എം തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

നിർമലഗിരി കോളേജിൽ 31ന് നടക്കുന്ന ഗ്രാന്റ് അലൂമ്നി മീറ്റിന്റെ ലോഗോ പ്രകാശനം ഡിസംബർ 16നു കെ.പി മോഹനൻ എം. എൽ. എ നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. കെ.വി ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. പ്രോഗ്രാം കമ്മിറ്റി കൺവീനർ ഡോ. ജോൺ ജോസഫ്, കോളേജ് ബർസാർ ഫാ. ഷാജി തെക്കെമുറി, അലൂമ്നി സംഘാടകസമിതി കൺവീനർ ശ്രീ. ബിജു ഫ്രാൻസീസ് അലൂമ്നി അസോസിയേഷൻ ട്രഷറർ ഡോ. സാബു സെബാസ്റ്റ്യൻ ഡോ. സിബി ഫിലിപ്പ് പബ്ലിസിറ്റി കമ്മിറ്റി കൺവീനർ ഡോ. അൻപിൻ രാജ എന്നിവർ പങ്കെടുത്തു. പൂർവ വിദ്യാർത്ഥി ആയ ധ്യാൻ ജോഷി ആണ് ലോഗോ ഡിസൈൻ ചെയ്തത്.

നിർമഗിരി കോളേജ് കരിയർഗൈഡൻസ് സെല്ലും മെന്റിംങ് കമ്മിറ്റിയും ചേർന്ന് സംഘടിപ്പിക്കുന്ന ചതുർദിന ജീവിത നൈപുണി പരിശീലന പരിപാടി 19നു തുടങ്ങി. മഹിന്ദ്ര പ്രൈഡ് ക്ലാസ്സ് റൂമിന്റെയും ഹൈദരബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന "നാന്ദി" സാമൂഹിക വികസന കേന്ദ്രത്തിന്റെയും സഹകരണത്തോടെ വനിതാ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി നടത്തപ്പെടുന്ന ഈ പരിശീലനത്തിൽ 150 തോളം വിദ്യാർത്ഥിനികൾ പങ്കെടുക്കുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഐക്യു എസി കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, വുമൺ എംപവർമെന്റ് കമ്മിറ്റി കൺവീനർ ഡോ. ദീപമോൾ മാത്യു, കരിയർ ഗൈഡൻസ് ആന്റ് പ്ലേയ്സ്മെന്റ് സെൽ കൺവീനർ ദീപു ജോസഫ് എന്നിവർ സംസാരിച്ചു.

നിർമലഗിരി കോളേജിൽ 31ന് നടക്കുന്ന ഗ്രാന്റ് അലൂമ്നി മീറ്റിന്റെ പോസ്റ്റർ പ്രകാശനം ഗവ. ബ്രണ്ണൻ കോളേജ് വൈസ് പ്രിൻസിപ്പലും പ്രമുഖ എഴുത്തുകാരിയുമായ ഡോ. ജിസാ ജോസ് നിർമലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി.ക്ക് നല്കി നിർവഹിച്ചു. പ്രോഗ്രാം കമ്മിറ്റി കൺവീനർ ഡോ. ജോൺ ജോസഫ്, കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറി, അലൂമ്നി സംഘാടക സമിതി കൺവീനർ ശ്രീ. ബിജു ഫ്രാൻസീസ്, ഡോ. ടെസി ജോർജ് പബ്ലിസിറ്റി കൺവീനർ ഡോ. അൻപിൻ രാജ എന്നിവർ പങ്കെടുത്തു.

കോളേജിൽ സംഘടിപ്പിക്കുന്ന വിപുലമായ ക്രിസ്മസ് ആഘോഷ പരിപാടികളോടെ ക്രിസ്തുമസ് അവധിക്കായി കോളേജ് 23 നു അടയ്ക്കും.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

**1. ജർമ്മൻ ഭാഷാ പരിശീലനം**

ജർമ്മൻ ഭാഷയുടെ A1, B2 പുതിയ ബാച്ചുകൾ ഡിസംബർ 16-ന് ആരംഭിച്ചു. അടുത്ത ബാച്ച് ജനുവരി 30-ന് ആരംഭിക്കുന്നതാണ്. അഡ്മിഷൻ എടുക്കുവാൻ താല്പര്യപ്പെടുന്നവർ ഓഫീസിൽ നേരിട്ട് വന്ന് അഡ്മിഷൻ എടുക്കേണ്ടതാണ്. അടുത്ത ബാച്ചിൽ 20 കുട്ടികൾക്കാണ് സീറ്റ് ഉള്ളത്.

**2. IELTS, OET, UKVI**

IELTS, OET, UKVI എന്നീ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചയും ആരംഭിക്കുന്നു. എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

സാൻജോസ് അക്കാദമി നടത്തുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫോൺ : 8281 750 777, 8281 730 777.

**ഫാ. സോണി വടശ്ശേരിൽ**

*ഡയറക്ടർ*

## വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
### ചെമ്പേരി

**അഡ്മിഷൻ 2023–24**

2023–24 അദ്ധ്യയന വർഷത്തേക്കുള്ള B.Tech അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾത്തന്നെ നിങ്ങളുടെ സീറ്റുകൾ ഉറപ്പാക്കുവാൻ അവസരമുണ്ട്. താല്പര്യമുള്ളവർ ഉടൻതന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.
**Website : www.vjec.ac.in    E-mail: admission@vjec.ac.in**

### പ്ലേസ്മെന്റ് വാർത്തകൾ

- തിരുവനന്തപുരം ഐ.ടി പാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന SPERIDIAN TECHNOLOGIES സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 100-ലധികം കുട്ടികൾ പങ്കെടുത്തു. 21 വിദ്യാർത്ഥികൾ അവസാനറൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
- പ്രശസ്ത ഐ.ടി കമ്പനിയായ QUEST GLOBAL സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 17 അവസാനവർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം 3 ലക്ഷത്തിലധികം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്ന ജോലിയാണിത്.
- ചാലക്കുടി ആസ്ഥാനമായി പ്രവർത്തിക്കുന്ന JOBIN & JISMI IT Services LLP സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 96 കുട്ടികൾ പങ്കെടുത്തു. 25 കുട്ടികൾ അവസാനറൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഫൈനൽ ഇന്റർവ്യൂ ജനുവരി മാസം നടക്കുമെന്ന് കരുതുന്നു.

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രശസ്ത എഡ്യൂടെക് കമ്പനിയായ SKILL-LYNC നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 10 അവസാന വർഷ വിദ്യാർത്ഥികൾ ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടു.
- പ്രശസ്ത മൾട്ടിനാഷണൽ കമ്പനിയായ SCHNEIDER ELECTRIC INSTRUMENTATION വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. സെലക്ഷൻ ലിസ്റ്റ് ലഭ്യമായിട്ടില്ല.

## വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ടെക്നിക്കൽ ഫെസ്റ്റ് സംഘടിപ്പിച്ചു

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽവെച്ച് ഏകദിന ടെക്നിക്കൽ ഫെസ്റ്റ് 'തന്ത്ര 2022', ഡിസംബർ 5-ന് സംഘടിപ്പിച്ചു. അമേരിക്കയിലെ ടെക്സാസ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആദ്യ ചീഫ് ടെക്നോളജി ഓഫീസറും അമേരിക്കയിലെ സാങ്കേതിക മേഖലയിലെ മികച്ച 50 ലീഡർമാരിൽ ഒരാളായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്ത വി.ഇ. കൃഷ്ണകുമാർ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. രാജ്യത്തെ വിവിധ സ്ഥാപനങ്ങളിൽ നിന്നായി 3000 ത്തോളം വിദ്യാർത്ഥികൾ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് അധ്യക്ഷത വഹിച്ചു. ടെക്ഫെസ്റ്റ് കോർഡിനേറ്റർ ഡോ. ജീത്തു വി. ദേവസ്യ സ്വാഗതവും, കോളേജ് വൈസ് ചെയർപേഴ്സൺ ഫ്ലെമി ജോസ് നന്ദിയും പറഞ്ഞു. ചടങ്ങിൽ നടുവിൽ പഞ്ചായത്ത് മുൻ പ്രസിഡന്റ് കെ. പി. കേശവൻ മാസ്റ്ററെയും റിട്ട. ഹെഡ് മിസ്ട്രസ് വി. ഇ. രുഗ്മിണിയെയും ആദരിച്ചു.

## വിമൽജ്യോതിയിൽ ഐ.ഇ.ഇ.ഇ - സി.എ.എസ്.എസ് ഫോട്ടോണിക്സ് സൊസൈറ്റി ഉദ്ഘാടനം ചെയ്തു

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഐ.ഇ.ഇ.ഇ. എന്ന അന്താരാഷ്ട്ര സംഘടനയുടെ ഒരു പുതിയ ചാപ്റ്ററിന് തുടക്കമായി. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വിഭാഗത്തിന്റെ ഭാഗമായി ഐ.ഇ.ഇ.ഇ-സി.എ.എസ്.എസ് & ഫോട്ടോണിക്സ് സൊസൈറ്റി എന്ന ലോകത്തെതന്നെ മാറ്റിമറിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക ശാഖയ്ക്കാണ് തുടക്കമായത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി ഡീൻ അക്കാഡമിക്സ് ഡോ. അലക്സ് ജയിംസ് ഉദ്ഘാടനം നിർവ്വഹിച്ചു. വരുംകാലങ്ങളിൽ ഇലക്ട്രോണിക്സ് മേഖലയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ചും അതിന്റെ സാധ്യതകളെക്കുറിച്ചും കുട്ടികളുമായി അദ്ദേഹം ആശയങ്ങൾ പങ്കുവച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ്, അസി. മാനേജർ ഫാ. സോണി വടശ്ശേരിൽ,

വകുപ്പ് മേധാവി ഡോ. ആന്റോ സഹായദാസ്, ഡീൻ ഡോ. റോഷിനി ടി. വി., വിദ്യാർത്ഥി പ്രതിനിധി ക്ഷീര സജേഷ് എന്നിവർ പ്രസംഗിച്ചു.

## എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ സപ്തദിന ക്യാമ്പ് നടത്തി

വിമൽജ്യോതി എൻജിനീയറിംഗ് കോളേജ് എൻഎസ് എസ് സപ്തദിന ക്യാമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ടെസി ഇമ്മാനുവൽ ഉദ്ഘാടനം ചെയ്തു പ്രൊഫ. ജോമി ജോസിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഫാ. ലാസർ വരമ്പകത്ത് അനുഗ്രഹ പ്രഭാഷണം നടത്തി. പ്രൊഫ. വാസുദേവൻ നായർ, പ്രൊഫ. റോജിത്ത്, പഞ്ചായത്ത് മെമ്പർ പൗളിൻ, ടോണി എന്നിവർ ആശംസകൾ അർപ്പിച്ചു. ഡിസം. 17 മുതൽ 23 വരെയാണ് ക്യാമ്പ്. ചെമ്പേരി ടൗൺ ശുചീകരണം, എനർജി ഓഡിറ്റ്, നിശബ്ദ തൊഴി ലാളികളെ ആദരിക്കൽ, പാലക്കയംതട്ട് ടൂറിസം കേന്ദ്രത്തിന്റെ സമഗ്ര സർവ്വേയും, വികസനമാർഗരേഖ റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയാണ് എൻജിനീയറിംഗ് വിദ്യാർത്ഥികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രധാന പ്രവർത്തികൾ.

## വിമൽ ജ്യോതി എം.ബി.എ കോളേജ്

## MBA ബിരുദദാനവും അവാർഡ് വിതരണവും നടത്തി

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസർച്ച് എംബിഎ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ പതിനൊന്നാമത് പാസിംഗ് ഔട്ട് സെറിമണി നടത്തി. ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡണ്ടും റീജണൽ ഹെഡും ആയ ശ്രീ. ജയചന്ദ്രൻ കെ.ടി. ഉദ്ഘാടനം ചെയ്തു. കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ MBA ബിരുദധാരികൾക്ക് പ്രതിജ്ഞ ചൊല്ലി കൊടുത്ത് പ്രസംഗിച്ചു. കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്ത് സ്വാഗതവും ബാച്ച് കോർഡിനേറ്റർ പ്രൊഫ. ജോബിൻ ജോസഫ് നന്ദിയും രേഖപ്പെടുത്തി. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. മോൺ. മാത്യു എം ചാലിൽ ബെസ്റ്റ് ഔട്ട്ഗോയിംഗ് സ്റ്റുഡന്റ് അവാർഡ് ആൻ കെ ബെറ്റിയും, റവ. ഫാ. ജോയ് കണിവേലിൽ അവാർഡ് സ്റ്റെഫിയ വർഗീസും, ബെസ്റ്റ് ലൈബ്രറി യൂസർ അവാർഡ് അഖിൽ പി സാജുവും സ്വീകരിച്ചു.

## വിമൽജ്യോതിയിൽ നാഷണൽ മാനേജ്മെൻറ് ഫെസ്റ്റ്

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസർച്ച് നടത്തുന്ന ദേശീയതല മാനേജ്മെന്റ് ഫെസ്റ്റ്, കർമാന്ത 22, ഡിസംബർ

എട്ടാം തീയതി വ്യാഴാഴ്ച കോളേജിൽ വച്ച് ഫെർവോനോവാ എന്ന പേരിൽ നടത്തി. വിവിധ കോളേജുകളിൽ നിന്നായി 400 ഓളം വിദ്യാർഥികൾ അവരുടെ മാനേജ്മെന്റ് കഴിവുകൾ മാറ്റുരക്കാനായി പങ്കെടുത്തു. കോർപ്പറേറ്റ് ഡാൻസ് മത്സരം, കോർപ്പറേറ്റ് ഫാഷൻ ഷോ, ഡാൻസ് ഷോ എന്നിവ ചടങ്ങുകൾക്ക് മാറ്റുകൂട്ടി. മത്സരത്തിൽ ഓവർഓൾ ചാംപ്യൻഷിപ്പ് നിർമ്മലഗിരി കോളേജിനു ലഭിച്ചു. കർമാന്ത 22 നടത്തിയത് ബഹു. ഫാ. അരുൺ ജെയിംസ്, അതുൽ എന്നിവരടങ്ങിയ സ്റ്റുഡന്റ്സ് ടീം ആണ്. പ്രോഗ്രാമുകൾക്ക് പ്രിൻസിപ്പൽ ഫാ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്ത്, തോമസ് ജോൺ, സ്മൃദുന ദിനേശ് എന്നിവർ നേതൃത്വം നൽകി.

**ക്രിസ്മസ് സന്ദേശവും മീറ്റിങ്ങും നടത്തി**

തിരുപ്പിറവിയുടെ സന്ദേശം പകരുന്ന ആത്മീയ സന്ദേശവും സമ്മാന വിതരണവും ക്രിസ്മസ് സമ്മേളനത്തിൽ നടത്തി. ചടങ്ങിൽ മാനേജർ റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട്, പ്രിൻസിപ്പൽ ഫാ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ, അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്ത്, സ്റ്റാഫ് കോർഡിനേറ്റർമാർ, വിദ്യാർഥികൾ എന്നിവർ തിരുപ്പിറവിയുടെ സന്ദേശം നൽകി. ക്രിസ്മസ് ഗാനങ്ങളും, സമ്മാനവിതരണവും, മറ്റു പ്രോഗ്രാമുകളും സമഞ്ജമനോരഹമായി ക്രമീകരിച്ചു.

**എംബിഎ പ്രവേശനം:** അടുത്ത വർഷത്തേക്കുള്ള എംബിഎ പ്രവേശന നട പടിക്രമങ്ങൾ ആരംഭിച്ചു. എംബിഎ-ക്കു ചേരാൻ താല്പര്യമുള്ളവർ ഉടൻ നേരിട്ട് കോളേജിൽ വരാവുന്നതാണ്. 9497517396, 9447373415

Website : www.vjim.ac.in    E-mail : admission@vjim.ac.in

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**

*മാനേജർ*

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

ഡിസംബർ 3 ,17 തീയതികളിൽ വിശുദ്ധ കുർബാനയും, 7ന് ആരാധനയും നടത്തി.

**ലോക ഭിന്നശേഷി ദിനാചരണം**

ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെയും സാമൂഹ്യ നീതി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഉണർവ് 2022 എന്ന ത്രിദിന പ്രോഗ്രാമിൽ പങ്കുചേർന്ന് സെമിനാർ, മീറ്റിംഗ് തുടങ്ങിയവയ്ക്ക് ആംഗ്യഭാഷാ പരിഭാഷ നൽകി.

**ജ്യോതിഭവൻ സ്പീച്ച് & ഹിയറിങ് സ്കൂൾ ക്രിസ്തുമസ് ആഘോഷം**

7 ബുധനാഴ്ച രാവിലെ വിശുദ്ധ കുർബാന അർപ്പിച്ച് കുട്ടി കൾക്ക് കുമ്പസാരം നൽകി. ക്രിസ്തുമസിന് ഒരുക്കുമായ ചിന്തകൾ കുട്ടികളുമായി പങ്കുവെച്ചു.

22 വ്യാഴാഴ്ച ഉച്ചയ്ക്ക് രക്ഷകർത്താക്കളോടും സ്കൂൾ അധി കൃതരോടും കുട്ടികളോടും ഒന്ന് ചേർന്ന് ക്രിസ്തുമസ് ആഘോഷി ക്കുകയും, കുട്ടികൾക്ക് മധുര പലഹാരങ്ങൾ നൽകുകയും ചെയ്തു.

ലിറ്റ്സൻബർഗ് സ്വദേശിയായ ഇവാന ക്രിസ്തുമസ് സന്ദേശം നൽകി. ഫാ. ജോർജ് കുറുമണ്ണിൽ പരിഭാഷ നൽകി.

**ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ ക്രിസ്മസ് ആഘോഷം**

പതിനെട്ടാം തീയതി ഞായറാഴ്ച രാവിലെ 10:30 മുതൽ വൈകു ന്നേരം 5 മണി വരെ ആലക്കോട് സെന്റ് മേരിസ് കോൺവെന്റ് ചാപ്പലിൽ കൂട്ടായ്മയുടെ ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തി. വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, ക്രിസ്തുമസ് ആഘോഷം എന്നിവയിൽ കണ്ണൂർ, കാസർഗോഡ് ഭാഗങ്ങളിലെ അംഗങ്ങളും ബഹു. സിസ്റ്റേഴ്സും പങ്കെടുത്തു.

## ഇൻഫാം

സ്നേഹമുള്ളവരെ,

ഏറ്റവും സ്നേഹത്തോടെ ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ. പുതുവർഷം ഏവർക്കും പ്രത്യാശയും പ്രതീക്ഷയും നല്കട്ടെ! കർഷകന്റെ മുഖത്ത് നോക്കി എന്ത് ആശംസിക്കണം എന്ന് അറിയില്ല. അതിജീവനത്തിനുവേണ്ടി നെട്ടോട്ടമോടുന്ന കർഷകനെ കാണാൻ കണ്ണില്ലാത്ത ഒരു ഭരണവർഗമാണ് ഇവിടെ ഉള്ളത് എന്നതാണ് സത്യം. കാർഷിക ഉൽപന്നങ്ങൾ - റബ്ബർ, തേങ്ങ, കുരുമുളക് തുടങ്ങിയ നാണ്യവിളകൾക്ക് ഒന്നും വിലയില്ല. നട്ടുവളർത്തിയ കപ്പ, ചേമ്പ് മുതലായവ കാട്ടുപന്നിയും, മുള്ളനും,

**എഫാത്ത യൂട്യൂബ് ചാനൽ**

ക്രിസ്തുമസിന് ഒരുക്കമായി യൂട്യൂബ് ചാനലിലൂടെ 25 ദിവസങ്ങളിലെ ക്രിസ്തുമസ് സന്ദേശങ്ങൾ ഫിയാത്ത് മിഷനുമായി ചേർന്ന് സംപ്രേക്ഷണം ചെയ്തു. അനുദിന സന്ദേശങ്ങൾ ഭംഗിയായി എഡിറ്റിംഗ് വർക്കുകൾ നടത്തി അപ്‌ലോഡ് ചെയ്ത ശ്രീ. അൻസൽ പുളിക്കലിന് പ്രത്യേകം നന്ദി.

**ജനുവരി മാസ പ്രോഗ്രാം**

- 14, 21, 28 വിശുദ്ധ കുർബാന, 6 ആരാധന - ഓൺലൈൻ
- 08 ബുധനാഴ്ച ബാംഗ്ലൂർ
- 09-10 വാറങ്കൽ
- 14 എടൂർ
- 22 ആലക്കോട്

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

കുരങ്ങും, മൈലും കൊണ്ടു പോകുന്നു. വളർത്തുമൃഗങ്ങൾക്കും മനുഷ്യ ജീവനും ഭീഷണിയായി കടുവയും, പുലിയും നാട്ടിൽ ഇറങ്ങി വിലസുന്നു. എന്നാൽ ഇതിനെ ഫലപ്രദമായി നേരിടാൻ ഇവിടുത്തെ വനപാലകർക്ക് കഴിയുന്നില്ല. എങ്ങനെ സാധാരണക്കാരായ കർഷകനെ ദ്രോഹിക്കാം എന്നതിലാണോ അവർ ബിരുദം എടുത്തിരിക്കുന്നത് എന്ന് അവരുടെ പ്രവർത്തി കണ്ടാൽ തോന്നിപ്പോകും. ഇതിനിടയിലാണ് ബഫർ സോൺ മാപ്പ് പുറത്ത് വിട്ട് വീണ്ടും കർഷക ലക്ഷങ്ങളെ അപമാനി ച്ചിരിക്കുന്നത്.

## കണ്ണൂർ ജില്ലാ കമ്മറ്റി

പയ്യാവൂർ കരുണാമയൻ ഈശോയുടെ പാരീഷ് ഹാളിൽ ഡിസബർ 2 വെള്ളിയാഴ്ച കണ്ണൂർ ജില്ലാ കമ്മറ്റി കൂടുകയും സീറോ മലബാർ കർഷകദിനം സമുചിതമായി ആഘോഷിക്കാൻ തീരു മാനിക്കുകയും ചെയ്തു. 2023 ജനുവരി 21 ശനിയാഴ്ച കർഷക റാലിയും പൊതു സമ്മേളനവും നടത്താൻ തീരുമാനിച്ചു. കർഷക ദിനമായ ജനുവരി 15ന് എല്ലാ ഇടവകയിലും പതാക ഉയർത്തുകയും. മികച്ച കർഷകരെ ഇടവകാ തലത്തിൽ ആദരിക്കുകയും ചെയ്യുക.

## കർഷക റാലിയും ജില്ലാ പൊതുസമ്മേളനവും

സീറോ മലബാർ കർഷക ദിനത്തോട് അനുബന്ധിച്ച് 2023 ജനുവരി 21 ന് ചെമ്പന്തൊട്ടി ടൗണിൽ വച്ച് ഇൻഫാം കണ്ണൂർ ജില്ലയുടെ നേതൃത്വ ത്തിൽ നൂറുകണക്കിന് കർഷകർ അണിനിരക്കുന്ന റാലിയും, തുടർന്ന് ഇൻഫാം ദേശിയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കലിന്റെ അധ്യക്ഷതയിൽ ചേരുന്ന പൊതുസമ്മേളനവും നടത്തപ്പെടുന്നതോടൊപ്പം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്ത് സംസാരി ക്കുന്നു. തുടർന്ന് ഇൻഫാം നേതാക്കൾ കർഷകരെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നതാണ്. ഏവരെയും റാലിയിലേയ്ക്കും പൊതുസമ്മേളനത്തിലേയ്ക്കും സ്വാഗതം ചെയ്യുന്നു.

**ഫാ. തോമസ് ചെരുവിൽ**
*ഡയറക്ടർ*

# കത്തോലിക്കാ കോൺഗ്രസ് (എ. കെ. സി. സി.)

**നവംബർ-ഡിസംബർ മാസങ്ങളിലെ പ്രവർത്തനങ്ങൾ**

**കർഷക രോഷാഗ്നി**

കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ കർഷകരുടെ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷക രോഷാഗ്നി എന്ന സമരപരമ്പര 04-11-2022 തുടക്കം കുറിച്ചു. ചെറുപുഴ ഫൊറോന യിലെ തിരുമേനി, പുളിങ്ങോം, ചെറുപുഴ, പെരിങ്ങോം വില്ലേജ് ഓഫീസുകൾ നൂറുകണക്കിന് കർഷകരുടെ നേതൃത്വത്തിൽ പിക്കറ്റ് ചെയ്തു. ഫൊറോന വികാരി ഫാ. ജോസ് വെട്ടിക്കൽ, ഫൊറോന ഡയറക്ടർ ഫാദർ ആന്റണി തെക്കേമുറിയിൽ, വാഴക്കുണ്ടം സെന്റ് ജോസഫ് പള്ളി വികാരി ഫാ. ഇമ്മാനുവൽ പൂവ്വത്തിങ്കൽ, രൂപത ട്രഷറർ ഫിലിപ്പ് വെളിയത്ത്, ചെറുപുഴ ഫൊറോന പ്രസിഡണ്ട് സിബി ജാതികുളം എന്നിവർ നേതൃത്വം നൽകി.

കത്തോലിക്ക കോൺഗ്രസ് കർഷകരുടെ വിവിധ വിഷയങ്ങളും, പ്രശ്നങ്ങളും ഉന്നയിച്ചു കൊണ്ട് നടത്തി വരുന്ന സമരപരമ്പരയുടെ ഭാഗമായി ഡിസംബർ 15ന് തോമാപുരം മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിറ്റാരിക്കാൽ വില്ലേജ് ഓഫീസിനു മുമ്പിൽ സായാഹ്ന ധർണ്ണയും പ്രകടനവും നടത്തി. ആയിരങ്ങൾ പങ്കെടുത്ത പ്രകടനവും പൊതുയോഗവും പൊതുജന ശ്രദ്ധ പിടിച്ചുപറ്റി. ധർണ്ണയുടെ ഉദ്ഘാടനം അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു. ബഫർ സോണിന്റെ പേരിലോ വന്യജീവികളുടെ സംരക്ഷണത്തിന്റെ പേരിലോ ഒരു കർഷകനെയും കുടിയിറക്കുവാൻ അനുവദിക്കില്ല. കർഷകരുടെ സംരക്ഷണ മതിലായി സഭയും, കത്തോലിക്കകോൺഗ്രസും കർഷകരോടൊപ്പം എന്നും ഉണ്ടാകു മെന്നും പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ അസന്നിഗ്ദ്ധമായി പ്രസ്താവിച്ചു. അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ആമുഖ പ്രഭാഷണം നടത്തി. ഫാ.

ജോസ് മാണിക്കത്താഴെ, ശ്രീ ജോഷ്വാ ഒഴുകയിൽ, ഫാ. മാർട്ടിൻ കിഴക്കേതലയ്ക്കൽ, ഫാ. ജോമി തൊട്ടിയിൽ, ഫിലിപ്പ് വെളിയത്ത്, സാജു പടിഞ്ഞാറേട്ട്, പ്രശാന്ത് പാറേക്കുടിയിൽ, ഷിജിത്ത് തോമസ് കുഴിവേലിൽ എന്നിവർ പ്രസംഗിച്ചു.

**നല്ല ഹൃദയങ്ങളുടെ കൂട്ടായ്മ**

തലശ്ശേരി അതിരൂപത കുടുംബ സംഗമം തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പാരിഷ് ഹാളിൽ 13-11-2022 ന് നടന്നു. അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച സംഗമം അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത കോ-ഓർഡിനേറ്റർ ജോർജ് വടകര വിവിധ പദ്ധതികളെ കുറിച്ചുള്ള വിവരണം നൽകി. ഈ ഒരു വർഷത്തിനുള്ളിൽ 18 നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്പോൺസർമാരെ കണ്ടെത്തി 54 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകി. ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി 45 ലക്ഷം സഹായം നൽകി. രോഗികൾക്ക് ചികിത്സാ സഹായം ആയി 15 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകി.

**രജതജൂബിലി ആഘോഷം :** അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ അതിരൂപത കമ്മിറ്റിയും പങ്കുചേർന്നു. മാതൃഇടവകയായ ചന്ദനക്കാംപാറയിൽ വച്ച് നടന്ന ആഘോഷ പരിപാടിയിൽ അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ ആശംസകൾ നേർന്നു.

**അല്മായ സംഗമം - 28-11-2022**

വായാട്ടുപറമ്പ് സെന്റ് ജോസഫ് പള്ളിയിൽ കത്തോലിക്ക കോൺഗ്രസ് വായാട്ട്പറമ്പ ഇടവകയുടെ നേതൃത്വത്തിൽ അല്മായ സംഗമം അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ എന്നിവർ കത്തോലിക്ക കോൺഗ്രസിന്റെ പ്രസക്തിയെ സംബന്ധിച്ച പ്രഭാഷണം നടത്തി. ഫാ. തോമസ് തെങ്ങുംപള്ളിൽ, ജയ്സൺ അട്ടാറിമാക്കൽ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

**നേതൃത്വ പരിശീലന ക്യാമ്പ് :** കത്തോലിക്ക കോൺഗ്രസ് നേതൃത്വ പരിശീലന ക്യാമ്പ് തലശ്ശേരി സന്ദേശഭവനിൽ വച്ച് ഡിസം. 9, 10 തീയതികളിൽ നടന്നു. ക്യാമ്പിന്റെ ഉദ്ഘാടനം ഒമ്പതാം തീയതി വൈകുന്നേരം 6 മണിക്ക് അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി നിർവ്വഹിച്ചു. അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ രൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ക്യാമ്പിന്റെ പ്രസക്തിയെക്കുറിച്ച് ക്ലാസ് എടുത്തു. തുടർന്ന് നവ

മാധ്യമങ്ങളിൽ കത്തോലിക്ക കോൺഗ്രസ് ഇടപെടേണ്ട വിഷയങ്ങളെ സംബന്ധിച്ച് കിഷോർ ചൂരനോലിൽ ക്ലാസ് എടുത്തു. തുടർന്ന് ക്യാമ്പ് അംഗങ്ങളെ 6 ഗ്രൂപ്പുകളായി തിരിച്ച് കത്തോലിക്ക കോൺഗ്രസ് എന്ന സംഘടനയെ ഇടവകയിലും, സമൂഹത്തിലും ഏതെല്ലാം വിധത്തിൽ സജീവ സാന്നിധ്യമായി തീർക്കാൻ വേണ്ട പ്രവർത്തനരീതികളെ കുറിച്ച് ചർച്ച ചെയ്തു. തുടർന്ന് ഗ്രൂപ്പ് ലീഡർമാർ നിർദേശങ്ങൾ ക്രോഡീകരിച്ച് ക്യാമ്പിൽ അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം ഒന്നാം ദിവസത്തെ ക്യാമ്പ് രാത്രി 11 മണിക്ക് അവസാനിച്ചു. പത്താം തീയതി രാവിലെ 6:45 ന് വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി നേതൃത്വം നൽകിയ വിശുദ്ധ കുർബാനയോടെ ക്യാമ്പിന്റെ രണ്ടാം ദിനം ആരംഭിച്ചു. കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തകർ സമൂഹത്തിന്റെ ഉപ്പായിട്ട് പ്രവർത്തിച്ച് പ്രകാശ ഗോപുരങ്ങളായി മാറി മാതൃകാപരമായ നേതൃത്വം നൽകട്ടെ എന്ന് വിശുദ്ധ കുർബാന മധ്യേയുള്ള പ്രസംഗത്തിൽ ബഹു. ജനറാൾ അച്ചൻ ആഹ്വാനം ചെയ്തു.

ഒരു നേതാവ് എങ്ങനെ ആവണമെന്ന വിഷയത്തെ സംബന്ധിച്ച് ശ്രീ. ഷിജിത്ത് തോമസ് ക്ലാസ് എടുത്തു. വളരെ പ്രശംസനീയമായ ക്ലാസ് ആയിരുന്നു അദ്ദേഹത്തിന്റേത്. തുടർന്ന് അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനരീതികളെ കുറിച്ച് ക്യാമ്പ് അംഗങ്ങൾക്ക് നിർദ്ദേശം നൽകുകയും അതിരൂപത ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ 2023 വർഷത്തെ പ്രവർത്തന രൂപരേഖ അവതരിപ്പിക്കുകയും ചെയ്തു. പ്രമുഖ വാഗ്മിയും, എഴുത്തു കാരനും, സഭാ പണ്ഡിതനുമായ പ്രൊ. കെ. എം. ഫ്രാൻസീസിന്റെ 'കത്തോലിക്ക കോൺഗ്രസ് ഇന്നലെ-ഇന്ന്-നാളെ' എന്ന വിഷയത്തെ സംബന്ധിച്ചുള്ള ക്ലാസ്സ് ക്യാമ്പ് അംഗങ്ങളെ ആവേശഭരിതരാക്കി.

അതിരൂപതയിലെ ഹാർട്ട് ലിങ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് രൂപത കോ-ഓർഡിനേറ്റർ ജോർജ് വടകര വിശദീകരിച്ചു. ക്യാമ്പിന് നേതൃത്വം നൽകുന്നതിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് ബേബി നെട്ടനാനി, രൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, രൂപത ട്രഷറർ ഫിലിപ്പ് വെളിയത്ത്, ഗ്ലോബൽ സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ എന്നിവരുടെയും മറ്റ് രൂപത-ഫൊറോന ഭാരവാഹികളുടെയും സഹകരണത്തിന് പ്രത്യേകം നന്ദി പറയുന്നു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

**മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം**

### മുക്തിശ്രീ കൺവെൻഷൻ ദീപഗിരി നവംബർ 24

മുക്തിശ്രീ കൺവെൻഷൻ ദീപഗിരിയിൽ നവം.24ന് വ്യാഴാഴ്ച നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ചാക്കോ കുടിപ്പറമ്പിൽ സെമിനാർ നയിച്ചു. ഡെയ്സി പി.വി., മിനി നമ്പ്യാപറമ്പിൽ മേരിക്കുട്ടി, ഷീന പിണക്കാട്ട് എന്നിവർ പ്രസംഗിച്ചു.

### ലഹരിമുക്ത ക്രിസ്തുമസും ബോധവത്ക്കരണവും ഡിസം. 1 മുതൽ 20 വരെ

ലഹരിമുക്ത ക്രിസ്തുമസും ബോധവത്ക്കരണ പര്യടനവും വിമൽജ്യോതിയിൽ വച്ച് ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ്മാരായ ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ എന്നിവർ ആശംസകളർപ്പിച്ചു.

### ഡിസം 4 ന് ശ്രീകണ്ഠാപുരത്ത് ബോധവത്ക്കരണം

ശ്രീകണ്ഠപുരം ടൗണിൽ കെസിബിസി മദ്യവിരുദ്ധ സമിതിയും മുക്തിശ്രീയും സംയുക്തമായി ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ഫാ. അനൂപ് നരിമറ്റം അദ്ധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പൊതുയോഗത്തിൽ ഷിനോ പാറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു.

### നടുവിൽ ടൗണിൽ പൊതുയോഗം ഡിസംബർ 13

നടുവിൽ ടൗണിൽ മദ്യ, മയക്കുമരുന്ന് ബോധവത്ക്കരണ പൊതുയോഗം നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ടൗൺ പൊതുയോഗം ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. അനൂപ് നരിമറ്റം അദ്ധ്യക്ഷത വഹിച്ചു. ഷിനോ പാറയ്ക്കൽ, സോയി ജോസഫ്, സിനി ചെമ്പന്തൊട്ടി എന്നിവർ പ്രസംഗിച്ചു.

**കല്ലുവയലിൽ മേഖലാ സമ്മേളനം ഡിസംബർ 17ന്**

നെല്ലിക്കാംപൊയിൽ മേഖലയുടെ സമ്മേളനവും പ്രാർത്ഥനാദിനാചരണവും നടന്നു. മേഖലാ ഡയറക്ടർ ഫാ. അരുൺ മുണ്ടപ്ലാക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജപമാലയ്ക്കും വി. കുർബാനയ്ക്കും ശേഷം നടന്ന് സമ്മേളനത്തിന് ജോണി കുടിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് നടന്ന സെമിനാർ ഫാ. ചാക്കോ കുടിപ്പറമ്പിൽ നയിച്ചു. ദിവ്യകാരുണ്യാരാധനയോടെ ഏകദിന പരിപാടി സമാപിച്ചു. അതിരൂപതാ ആനിമേറ്റർ സി. ജോസ്മരിയ സി.എം.സി മുഖ്യപ്രഭാഷണം നടത്തി.

**ചെമ്പേരി മേഖല കൺവെൻഷൻ ഡിസംബർ 20ന്**

ഡിസം. 20ന് ചെമ്പേരി മേഖലാ കൺവെൻഷനും ബോധവത്ക്കരണ പരിപാടിയും നടന്നു. ഫൊറോന വികാരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് അദ്ധ്യക്ഷത വഹിച്ച കൺവെൻഷൻ ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മേഖല, പ്രസിഡന്റ് ജോസ് ചിറ്റേട്ട്, മുക്തിശ്രീ മേഖലാ പ്രസിഡന്റ് ഷെൽസി കാവനാടിയിൽ ജിൻസി കുഴിമുള്ളിൽ, ജോർജ് പിണക്കാട്ട്, മാണി കണിയരോലിൽ എന്നിവർ പ്രസംഗിച്ചു. ലഹരിമുക്ത പ്രതിജ്ഞയും നടന്നു.

**നൈറ്റ് വിജിൽ ദീപഗിരിയിൽ ഡിസംബർ 21ന്**

മദ്യ, മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ സമർപ്പിച്ചും അതിനെതിരെ പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകർക്കുവേണ്ടിയും ദീപഗിരിയിൽ നൈറ്റ് വിജിൽ സംഘടിപ്പിച്ചു. വൈകുന്നേരം 6 മണിക്ക് ആരംഭിച്ചു. പ്രാർത്ഥന, ജപമാല, വി. കുർബാന, ആരാധന, മദ്ധ്യസ്ഥപ്രാർത്ഥന, ബോധവത്ക്കരണ ക്ലാസ്സ് എന്നിങ്ങനെ നടന്നു. അതിരൂപതാ ഡയറക്ടറും ടീമംഗങ്ങളും നേതൃത്വം നല്കി.

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഡയറക്ടർ

# എയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ സംരംഭ മായി പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ മലയോര ജനതയ്ക്കായി സമർപ്പിച്ചു. ഇരിട്ടി – കടത്തുംകടവിൽ പ്രവർ ത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടറുടേയും ടീം അംഗങ്ങളുടെയും സേവനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. നിർധന രായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ, ഇടവകാ വികാരിയച്ചന്മാർ മുഖേനയോ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദമാക്കുവാൻ ശ്രമിക്കു മല്ലോ.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവര ങ്ങൾ ചുവടെ ചേർക്കുന്നു.**

(2022 നവം. 20–ന് ശേഷം 2022 ഡിസം. 20 വരെയുള്ള കണക്ക്)

| | | |
|---|---|---|
| 1. | St. Francis Assisi Church, Melechovva | 10,000/- |
| 2. | CMI St. Thomas Province, Amalpuri, Kozhikode | 7,00,000/- |

## ഏയ്ഞ്ചൽ – പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ ഫൊറോനകളിലും ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്ന

തിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻ കാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽനിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (ടി. എസ്. എസ്. എസ്.)**

## ക്രിസ്തുമസ് - പുതുവത്സരാശംസകൾ

തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും, മുൻ മെത്രാപ്പോലീത്തമാരായ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും, മാർ ജോർജ് വലിയമറ്റം പിതാവിനും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധ മേഖലകളിലായി സേവനം ചെയ്തുവരുന്ന പ്രിയപ്പെട്ട TSSS റീജിയണൽ ഡയറക്ടറച്ചന്മാർക്കും, സ്റ്റാഫ് അംഗങ്ങൾക്കും, നാനാജാതി മതസ്ഥരായ എല്ലാ TSSS പ്രവർത്തകർക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഹൃദയം നിറഞ്ഞ ക്രിസ്തുമസ് - പുതുവത്സരാശംസകൾ.

## ബോധവൽക്കരണ ക്ലാസ്

TSSS കരുവഞ്ചാൽ ഗ്രാമിക യൂണിറ്റിലെ പ്രത്യാശ SHG-യുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കല്ല്യാശ്ശേരി ബ്ലോക്കിലെ ബാങ്ക് ഉദ്യോഗസ്ഥർക്കും സർക്കാർ സംവിധാനങ്ങൾക്കുമായി നൽകിയ ബോധവൽക്കരണ ക്ലാസിൽ ചക്ക, വാഴപ്പഴം, കിഴങ്ങുവിളകൾ തുടങ്ങിയവയുടെ വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണ പ്രക്രിയകളെക്കുറിച്ചും വിപണനശൃംഖലകളെക്കുറിച്ചും ക്ലാസിൽ സംവദിച്ചു. ചെറുകിട കർഷകരിൽ നിന്നും സ്വീകരിക്കുന്ന ഉൽപന്നങ്ങൾ ഗുണമേന്മയോടുകൂടി ഏതെല്ലാം രീതിയിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റാമെന്നും അതിന് സർക്കാർ പദ്ധതികൾ ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്താമെന്നും ക്ലാസിൽ ചർച്ച ചെയ്തു. നബാർഡുമായി സഹകരിച്ച് ബാങ്കിൽ നിന്നും സബ്സിഡി നിരക്കിൽ വായ്പ ലഭ്യമാക്കികൊണ്ട് ചെറുകിട കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങളെ മൂല്യവർദ്ധിത ഉൽപന്ന

ങ്ങളാക്കി മാറ്റുന്നതിനും അവ പൊതുവിപണിയിൽ വിപണനം നടത്തുന്നതിനും ആവശ്യമായ സഹായങ്ങൾ ബാങ്ക് ഉദ്യോഗസ്ഥർ വാഗ്ദാനം ചെയ്തു. ബോധവൽക്കരണ ക്ലാസ്സിന് ശ്രീ. ജോസ്റ്റിൻ കട്ടക്കയം നേതൃത്വം വഹിക്കുകയും പ്രത്യാശ SHG അംഗങ്ങൾ സംബന്ധിക്കുകയും ചെയ്തു.

## TSSS ട്രസ്റ്റ് സെക്രട്ടറിമാർക്ക് അക്കൗണ്ടിംഗ് ട്രെയിനിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന TSSS ട്രസ്റ്റുകളുടെ സാമ്പത്തിക ഇടപാടുകൾ ഏകീകരിക്കുന്നതിനും സുഗമമാക്കുന്നതിനും ട്രസ്റ്റുകളുടെ സെക്രട്ടറിമാർക്കായി ACCOUNTING TRAINING ക്ലാസ് സംഘടിപ്പിക്കുന്നു.

**2023 ജനുവരി 23 തിങ്കൾ –** രാവിലെ 10.30–ന്
*വെള്ളരിക്കുണ്ട് പള്ളി ഓഡിറ്റോറിയം*
വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം മേഖലകൾ

**2023 ജനുവരി 24 ചൊവ്വ –** രാവിലെ 10.30–ന്
*ആലക്കോട് പള്ളി ഓഡിറ്റോറിയം*
ചെറുപുഴ, മേരിഗിരി, ആലക്കോട് മേഖലകൾ

**2023 ജനുവരി 25 ബുധൻ –** രാവിലെ 10 മണിക്ക്
*ചെമ്പേരി പള്ളി ഓഡിറ്റോറിയം*
ചെമ്പേരി, പൈസക്കരി മേഖലകൾ

**2023 ജനുവരി 25 ബുധൻ –** ഉച്ചയ്ക്ക് 2 മണിക്ക്
*ഇരിട്ടി പള്ളി ഓഡിറ്റോറിയം*
നെല്ലിക്കാംപൊയിൽ, പേരാവൂർ, എടൂർ മേഖലകൾ

## ജൽ ജീവൻ മിഷൻ പദ്ധതി

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ രാജ്യത്ത് എല്ലാ ഗ്രാമപഞ്ചായത്ത് പരിധികളിലേയും മുഴുവൻ കുടുംബങ്ങൾക്കും ടാപ്പ് കണക്ഷൻ വഴി ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിനുള്ള ജൽ ജീവൻ മിഷൻ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിയായ TSSS പൂർത്തീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ആലക്കോട്, ചെറുപുഴ, ഉദയഗിരി, പനത്തടി, കള്ളാർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത രണ്ടു വാർഡുകളിൽ വീതം സാമൂഹ്യ – രാഷ്ട്രീയ രംഗത്തെ പ്രമുഖരായ വ്യക്തികളെ ഒന്നിച്ചു ചേർത്ത് ജലസുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചും പദ്ധതിയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ചും കുടുംബശ്രീ പ്രവർത്തകർക്കും നേതാക്കൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകളും മറ്റു വിവിധ പ്രവർത്തനങ്ങളും പഞ്ചായത്തുകളിൽ സംഘടിപ്പിക്കേണ്ടതിന് ആവശ്യമായ പ്രവർത്തനങ്ങൾ സജ്ജമായി.

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

### ഏകദിന പരിശീലനക്യാമ്പ്

തലശ്ശേരി അതിരൂപതയുടെ കർഷക കൂട്ടായ്മയായി പ്രവർത്തനമാരംഭിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആദ്യ ബാച്ചിനുള്ള മൂല്യവർദ്ധിത ഉൽപന്ന സംരംഭകത്വ പരിശീലനത്തിന് തലസ്ഥാന നഗരിയിൽ തുടക്കമായി. ഏറ്റവും സുലഭമായി വിളയിച്ചെടുക്കാവുന്ന മരച്ചീനിയിൽ നിന്നും മറ്റു കിഴങ്ങുവിളകളിൽ നിന്നും തയ്യാറാക്കാവുന്ന നിരവധി മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തെക്കുറിച്ചും വിതരണശൃംഖലയെക്കുറിച്ചും ബയോ മൗണ്ടൻ ടീം അംഗങ്ങൾക്ക് Indian Council of Agricultural Research-ന്റെ

➡

### വെഞ്ചരിപ്പുകർമ്മം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഏറ്റെടുത്തു നടത്തി വരുന്ന സച്ചിദാനന്ദ പ്രകൃതി ക്ഷേത്രട്രസ്റ്റിന്റെ കീഴിൽ എടൂരിൽ പ്രവർത്തിച്ചു വരുന്ന മൈത്രി ഭവൻ ഓൾഡ് ഏജ് ഹോമിന്റെ നവീകരിച്ച പ്രാർത്ഥനാ മുറിയുടെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. ക്രിസ്തുമസ് ദിനത്തിൽ നടത്തിയ വെഞ്ചരിപ്പുകർമ്മത്തിൽ TSSS ഡയറക്ടറും, സച്ചിദാനന്ദ പ്രകൃതി ക്ഷേത്ര ട്രസ്റ്റിന്റെ പ്രസിഡണ്ടുമായ ഫാ. ബെന്നി നിരപ്പേൽ, ഇരിട്ടി ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ ഡയറക്ടർ ഫാ. തോമസ് മുണ്ടമറ്റം, സി. സോള MSJ, സി. ഫിൽസി SH, TSSS & സച്ചിദാ നന്ദ ട്രസ്റ്റ് സ്റ്റാഫ് അംഗങ്ങൾ, മൈത്രി ഭവൻ കേന്ദ്രത്തിലെ അന്തേവാസികൾ എന്നിവർ വെഞ്ചരിപ്പുകർമ്മത്തിൽ സംബന്ധിച്ചു.

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

സഹകരണത്തോടെയാണ് പരിശീലനം നൽകിയത്. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ തെരഞ്ഞെടുത്ത അംഗങ്ങൾക്കു വേണ്ടി തിരുവനന്തപുരം Indian Council of Agricultural Research (ICAR) Central Tuber Crops Research institute-ൽ സംഘടിപ്പിച്ച ഏകദിന പരിശീലന ക്യാമ്പിന്റെ ഉദ്ഘാടനകർമ്മം ഹോർട്ടികോർപ്പ് ചെയർമാൻ അഡ്വ. എസ്. വേണുഗോപാൽ നിർവ്വഹിച്ചു.

കിഴങ്ങുവർഗ്ഗങ്ങളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളും സംരംഭകത്വ സാധ്യതകളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടിയിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറും ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടറുമായ ഫാ. ബെന്നി നിരപ്പേൽ അദ്ധ്യക്ഷത വഹിച്ചു. ICAR ഡയറക്ടർ ശ്രീമതി ഷീല ഇമ്മാനുവേൽ ആമുഖസന്ദേശം നൽകുകയും, തിരുവനന്തപുരം ICAR സെന്ററിന്റെ ട്രെയിനിംഗിൽ പങ്കെടുക്കുവാൻ തലശ്ശേരിയിൽ നിന്നും എത്തിച്ചേർന്ന 40-ഓളം ബയോ മൗണ്ടൻ കമ്പനി പ്രതിനിധികളെ പ്രത്യേകം അഭിനന്ദ നങ്ങൾ അറിയിക്കുകയും ചെയ്തു. ICAR പ്രിൻസിപ്പൽ സൈന്റിസ്റ്റ് & വിള സംസ്കരണ ഹെഡ് ഡോ. സജീവ് എം.എസ്. മരച്ചീനിയുടെയും മറ്റു കിഴങ്ങുവിളകളുടെയും വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനും അവ വിപണിയിൽ വിതരണം ചെയ്യുന്നതിനെക്കുറിച്ചും വിശദമായ പരിശീലനം നൽകി. ബയോ മൗണ്ടൻ കമ്പനി കോർഡിനേറ്റർ ഫാ. ജോജോ പൊടിമറ്റം ആശംസയർപ്പിച്ചു സംസാരിച്ചു. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും സഹകരണത്തോടെ സംഘടിപ്പിച്ച പരിശീലനത്തിൽ ടിഎസ്എസ്എസ് റീജിയണൽ ഡയറക്ടർ ഫാ. ജോസഫ് ഈനാച്ചേരി, ബയോ മൗണ്ടൻ പ്രൊജക്ട് ഓഫീസർ ഷാജി ജോൺ, ടിഎസ്എസ്എസ് പ്രൊജക്ട് ഓഫീസർ തോമസ് ജോൺ, അതിരൂപതാ പ്രസിഡണ്ട് ജോഷി കുന്നത്ത് തുടങ്ങി 40-ഓളം കർഷക പ്രതിനിധികൾ പരിശീലനം നേടുകയും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുകയും ചെയ്തു.

### ട്രാക്ടർ വെഞ്ചരിപ്പ്

കാർഷിക മേഖലയുടെ ഉന്നമനത്തിനും കർഷകരെ സ്വയം പര്യാപ്തമാക്കുന്നതിനും തലശ്ശേരി അതിരൂപത തുടക്കം കുറിച്ച ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കുവേണ്ടി കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന ബഹു. കേന്ദ്ര സർക്കാരിന്റെ Sub Mission on Agricultural Mechanization (SMAM) പദ്ധതിയിലൂടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹകരണത്തോടെ സ്വന്തമാക്കിയ

ട്രാക്ടറിന്റെ വെഞ്ചരിപ്പുകർമ്മം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. ബയോ മൗണ്ടൻ കർഷകകൂട്ടായ്മയിലൂടെ കാർഷിക മേഖലയ്ക്ക് കൂടുതൽ ഊർജ്ജം നൽകുവാൻ സദാസമയം ജാഗരൂകരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബയോ മൗണ്ടൻ ഡയറക്ടർ ബോർഡ് ടീം അംഗങ്ങൾക്കും മെമ്പർമാർക്കും അഭിവന്ദ്യ പിതാവ് പ്രത്യേകം അഭിനന്ദനങ്ങളും ആശംസകളും നേർന്നു.

തലശ്ശേരി ബിഷപ്സ് ഹൗസിൽ വച്ച് നടത്തിയ ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ട്രാക്ടറിന്റെ താക്കോൽ ബയോ മൗണ്ടൻ കമ്പനി ചെയർമാനും അതിരൂപത വികാരി ജനറാളുമായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന് കൈമാറി. അഭിവന്ദ്യ പാംപ്ലാനി പിതാവും, മുൻ ആർച്ചുബിഷപ്പ് മാർ ജോർജ് വലിയമറ്റം പിതാവും മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും ട്രാക്ടർ ഓടിച്ചുകൊണ്ട് TSSS-മായി ചേർന്നുകൊണ്ട് കാർഷിക മേഖലയ്ക്ക് ഒരു പുതിയ തുടക്കം കുറിച്ചു. അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി മുതുകുന്നേൽ, ബയോ മൗണ്ടൻ കമ്പനി എം.ഡി.യും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറുമായ ഫാ. ബെന്നി നിരപ്പേൽ, അതിരൂപതാ കേന്ദ്രത്തിലെ മറ്റു വൈദികർ, TSSS സ്റ്റാഫ് അംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**ബയോ മൗണ്ടൻ ടീ പൗഡർ വിതരണം**

തലശ്ശേരി അതിരൂപതയിൽ ബയോ മൗണ്ടൻ കമ്പനിയുടെ ആദ്യ ഉൽപന്നമായ ബയോ മൗണ്ടൻ ടീ പൗഡർ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വിതരണം നടത്തിവരുന്നു. 250 ഗ്രാം തൂക്കം വരുന്ന ബോട്ടിലുകളിലാണ് ഏറ്റവും മികച്ച രീതിയിൽ തയ്യാറാക്കിയ ചായപ്പൊടി വിതരണം ചെയ്തു വന്നിരുന്നത്. പുതുവർഷത്തിൽ ബോട്ടിലുകളിൽ കൂടാതെ 250 ഗ്രാം കവർ പാക്കറ്റുകളിലും ചായപ്പൊടി ലഭ്യമാവുന്നതാണ്. TSSS & ബയോ മൗണ്ടൻ അംഗങ്ങൾക്ക് കുറഞ്ഞ നിരക്കിലാണ് ഇവ ലഭ്യമാക്കുക. അംഗങ്ങളെല്ലാവരും ബയോ മൗണ്ടൻ ചായപ്പൊടികൾ വാങ്ങി ഉപയോഗിച്ചുകൊണ്ട് ഈ കർഷക കൂട്ടായ്മയെ ഉയർച്ചയിലേക്ക് നയിക്കുന്നതിന് പ്രിയ ബഹു. എല്ലാ അച്ചന്മാരുടെയും അംഗങ്ങളുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*
*ബയോ മൗണ്ടൻ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ, ബയോ മൗണ്ടൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോ-ഓർഡിനേറ്റർ, ബയോ മൗണ്ടൻ*

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### നവംബർ 2022

21 രാവിലെ റബ്കോ ചെയർമാനെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ചു. പതിനൊന്നു മണിയോടെ ചന്ദനക്കാംപാറ ലിറ്റിൽ ഫ്ളവർ ദൈവാലയത്തിലെത്തി ബഹു. ഫിലിപ്പ് കവിയിൽ അച്ചന്റെ ജൂബിലി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് പൈസക്കരിയിൽ ബഹു. പാറയ്ക്കൽ അച്ചനെ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ചു. തുടർന്ന് ചെമ്പേരിയിലെത്തുകയും വിവിധ സന്ദർശകരെ സ്വീകരിക്കുകയും ചെയ്തു. വൈകുന്നേരം പെരുമ്പുന്ന അർച്ചനാ ഹോസ്പിറ്റലിലെത്തി ദിവ്യബലിയർപ്പിച്ചു. രാത്രിയോടെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നവീകരണ ധ്യാന ടീമിന് പരിശീലനം നൽകി.

22 ചരൾ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് ശൗര്യാംതടത്തിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചയോടെ വെളിമാനത്തെത്തി ബഹു. അബ്രാഹം ഞാമത്തോലിൽ അച്ചന്റെ മാതാപിതാക്കളെ സന്ദർശിച്ചു. വൈകുന്നേരം കുട്ടാപറമ്പിൽ വച്ച് നടത്തപ്പെട്ട ബഹു. ജെയിംസ് ആനക്കല്ലിൽ അച്ചന്റെ ജൂബിലി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് കരുവഞ്ചാലിൽ പുതായി നിർമ്മിക്കാൻ പോകുന്ന ദൈവാലയത്തിന്റെ നിർമ്മാണ കമ്മറ്റിയെ സന്ദർശിക്കുകയും ആരാധനയിൽ പങ്കുചേരുകയും ചെയ്തു.

23 രാവിലെ തലശ്ശേരി എഫ്.സി.സി കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. ഒൻപതു മണിയോടെ അതിരൂപതാ കേന്ദ്രത്തിലെത്തിയ ശ്രീ. ശശി തരൂർ എം.പി. യെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം സി.എസ്.ടി സന്ന്യാസസഭ തലവിൽ പുതുതായി നിർമ്മിക്കുന്ന സമരിറ്റൻ ട്രെയിനിംഗ് സെന്ററിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. തുടർന്ന് കരുണാപുരം എച്ച്.ജി.എൻ സെമിനാരിയുടെ അൾത്താര വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. ആറു മണിയോടെ കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

24 അരീക്കമല ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ സഖറിയാസ് നെടുമറ്റത്തിലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. പന്ത്രണ്ടു മണിയോടെ പൈസക്കരിയിൽവച്ച് നടത്തപ്പെട്ട ബഹു. ഫ്രാൻസിസ് തേക്കുംകാട്ടിൽ അച്ചന്റെ ജൂബിലി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരത്തോടെ തൊക്കിലങ്ങാടി ക്രിസ്തുരാജാ ഹോസ്പിറ്റൽ ഡേ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ എത്തിയ ബഹു. ഡീക്കന്മാരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി.

25 രാജഗിരി ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവിനെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം പാലാരിവട്ടം പി.ഒ.സിയിലെത്തി കുർബ്ബാന ഏകീകരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ രണ്ടു വിഭാഗം ആളുകളുമായുള്ള ചർച്ചയിൽ സിനഡ് പ്രതിനിധി എന്ന നിലയിൽ പങ്കെടുത്തു.

26 രണ്ടാംകടവ് ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ അബ്രാഹം പാറയ്ക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ബെഡൂർ ഇടവകാംഗമായ ഡീക്കൻ ജിൽബർട്ട് കൊന്നയിലിന്റെ ഭവനം സന്ദർശിച്ചു. തുടർന്ന് പെരിങ്ങാലയിൽവച്ച് നടത്തപ്പെട്ട ബഹു. ജേക്കബ് പുളിക്കക്കുന്നേൽ അച്ചന്റെ ജൂബിലി കുർബ്ബാനയിൽ വചന സന്ദേശം നൽകി. വൈകുന്നേരത്തോടെ മണ്ഡപം സാൻ ജുവാൻ ആശ്രമത്തിലെത്തി തിരുനാളിന് വചന സന്ദേശം നൽകി.

27 രാവിലെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ദിവ്യബലിയർപ്പിക്കുകയും ബഹു. വൈദികരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. പത്തുമണിയോടെ ആലക്കോട് വച്ച് നടത്തപ്പെട്ട പന്ത്രണ്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ സംഗമമായ സാൾട്ട് ഉദ്ഘാടനം ചെയ്ത് വിദ്യാർത്ഥികളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം മേൽമുരിങ്ങോടി ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

28 രാവിലെ തലശ്ശേരി നസ്രത്ത് കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. ഒൻപതുമണിയോടെ തലശ്ശേരിയിൽവച്ച് വിവിധ സെക്ടുകളിൽനിന്നു തിരികെ കത്തോലിക്കാ വിശ്വാസത്തിലേക്കു വരാൻ താത്പര്യ പ്രകടിപ്പിച്ച വ്യക്തികളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം വായാട്ടുപറമ്പിൽവച്ച് നടത്തപ്പെട്ട എ.കെ.സി.സി റീജിയണൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു. തുടർന്ന് കരുണാപുരത്തുവച്ച് നടത്തപ്പെട്ട ബഹു. ജോസഫ് ആനിത്താനം അച്ചന്റെ ജൂബിലി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ആറുമണി

യോടെ പെരുമ്പടവിൽ മരണപ്പെട്ട മേരി ജോർജ് പുന്നൻചിറയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കുന്നോത്ത് മേജർ സെമിനാരിയിലെത്തി ദിവ്യബലിയർപ്പിച്ചു. രാത്രി ഒൻപതു മണിയോടെ ഓൺലൈനായി നടത്തപ്പെട്ട പെർമനന്റ് സിനഡിൽ പങ്കെടുത്തു.

29 തലശ്ശേരിയിൽവച്ച് നടത്തപ്പെട്ട അതിരൂപതാ പ്രെസ്ബിറ്റേറിയത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് നടത്തപ്പെട്ട അതിരൂപതാ ആലോചന സമിതിയോഗത്തിൽ അധ്യക്ഷത വഹിച്ചു.

30 കാക്കനാട് മൗണ്ട് സെന്റ് തോമസിലെത്തി അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവിനെ സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം മൂവാറ്റുപുഴ എഫ്.സി.സി പ്രൊവിൻഷ്യൽ ഹൗസിലും കോതമംഗലം സി.എം.സി. പാവനാത്മാ പ്രൊവിൻഷ്യൽ ഹൗസിലുമായി നടത്തപ്പെട്ട ആൽഫാ കോൺവൊക്കേഷനുകളിൽ ബിരുദദാനം നിർവ്വഹിച്ചു.

## നവംബർ 2022

01 പേരൻസ് ഡേ–യോടനുബന്ധിച്ച് തലശ്ശേരി മൈനർ സെമിനാരിയിലെ രണ്ടാംവർഷ വിദ്യാർത്ഥികളുടെ മാതാപിതാക്കളുമായി സംവദിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിലെത്തിയ മാധ്യമ പ്രവർത്തകരുമായി അഭിമുഖം നടത്തി. ഉച്ചയ്ക്കുശേഷം മുണ്ടാനൂരെത്തി ഇരിക്കൂർ എം.എൽ.എ അഡ്വ. സജീവ് ജോസഫിന്റെ മാതാവ് ശ്രീമതി ചിന്നമ്മ ജോസഫിന്റെ ശവസംസ്ക്കാരശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾ നടത്തി. വൈകുന്നേരം ബദിയടുക്കയിൽവച്ച് നടത്തപ്പെട്ട കാസർഗോഡ് സോൺ ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി.

02 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരത്തോടെ ചെമ്പേരി ഫൊറോനായിൽ നവീകരണധ്യാനം നടക്കുന്ന ചെമ്പേരി, കുടിയാന്മല, കനകക്കുന്ന്, പൊട്ടംപ്ലാവ്, ദീപഗിരി, രത്നഗിരി, പൊൻമല ഇടവകകൾ സന്ദർശിച്ചു.

03 പത്തുമണിയോടെ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ തളിപ്പറമ്പിൽവച്ച് നടത്തപ്പെട്ട ജീവോത്സവം 2022 ൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് തലശ്ശേരിയിൽവച്ച് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചയ്ക്കുശേഷം ചേർന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. രാത്രിയോടെ സുഡാനിലേയ്ക്കു യാത്രതിരിച്ചു.

04-07 സുഡാനിൽവച്ച് ജൂബാ ആർച്ച് ബിഷപ്, ന്യൂൺഷിയോ, വാവ് ബിഷപ്, ഗവർണർ, എന്നിവരുമായുള്ള കൂടിക്കാഴ്ചകൾ നടത്തി. തുടർന്ന് വിവിധ മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി.

08 അതിരൂപതാ കേന്ദ്രത്തിൽവച്ച് ദീപികാ ഡയറകർ ബോർഡ് മെമ്പേഴ്സുമായി കൂടിക്കാഴ്ച നടത്തി.

09 അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം സന്ദേശഭവനിൽവച്ച് എ.കെ.സി.സി തലശ്ശേരി അതിരൂപതാ ഭാരവാഹികളുടെ ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

10-13 കുന്നോത്ത് മേജർ സെമിനാരിയിൽവച്ച് നടത്തപ്പെട്ട ഡീക്കന്മാരുടെ ധ്യാനം നയിച്ചു.

11 പേരാവൂർ ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി.

13 കുന്നോത്ത് ഇടവകയിൽ മരണപ്പെട്ട ഗ്ലോറി കൺസ്ട്രക്ഷൻസ് ഉടമ ശ്രീ. ബേബിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം പൊന്ന്യം സിഫാമിൽവച്ച് നടത്തപ്പെട്ട മാസധ്യാനത്തിൽ പങ്കെടുത്തു.

14 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. നവീകരിച്ച വിശ്വാസ പരിശീലനകേന്ദ്രത്തിന്റെ ഓഫീസ് വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

15 തലശ്ശേരിയിൽവച്ച് വിവിധ ചാനലുകൾക്ക് ക്രിസ്തുമസ് സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം ചെറുപുഴയിൽ ടൈൽ ഗാലറി ഷോറൂം വെഞ്ചരിച്ചു. മൂന്നുമണിയോടെ തോമാപുരത്തെത്തി പുതിയ പള്ളിമുറിയുടെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. തുടർന്ന് പാലാവയലിൽവച്ച് നടത്തപ്പെട്ട എ.കെ.സി.സിയുടെ സായാഹ്ന ധർണ്ണ - കർഷക രോഷാഗ്നി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മേരിഗിരി ഫൊറോനായിൽ നവീകരണധ്യാനം നടക്കുന്ന മേരിഗിരി, കോടോപ്പള്ളി, രയറോം, പെരിങ്ങാല, ചെറുപാറ ഇടവകകൾ സന്ദർശിച്ചു.

16 രാവിലെ സന്ദേശഭവനിൽ മാര്യേജ് പ്രിപ്പറേറ്ററി കോഴ്സിലായിരിക്കുന്ന യുവതീയുവാക്കൾക്കായി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം ചെക്കിച്ചേരിയിൽ വിൻസെൻഷ്യൻ സഭ പുതുതായി നിർമ്മിക്കുന്ന ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരത്തോടെ ചെർക്കള മാർത്തോമ്മാ സ്പെഷ്യൽ സ്കൂളിലെ ക്രിസ്തുമസ് സന്ധ്യ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

17 രാവിലെ പരിയാരം മദർഹോമിൽ ധ്യാനത്തിലായിരിക്കുന്ന സൺഡേ സ്കൂൾ ടീച്ചേഴ്സിനായി ദിവ്യബലിയർപ്പ് വചനസന്ദേശം നൽകി. പതിനൊന്നു മണിയോടെ പൊട്ടംപ്ലാവ് എം.എസ്.ടി ആശ്രമത്തിൽ ഗ്രോട്ടോ വെഞ്ചരിച്ചു. ഉച്ചയ്ക്കുശേഷം മടപ്പുരച്ചാലിൽ ഐ.എസ്.സി.എച്ച് ചാപ്പലിന്റെയും ആശ്രമത്തിന്റെയും വെഞ്ചരിപ്പ് ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് ഇരിട്ടിയിൽവച്ച് കെ.സി.വൈ.എം. യുവജന പ്രേഷിതത്വത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മെഗാ ക്രിസ്തുമസ് ആഘോഷത്തിന്റെ സന്ദേശയാത്രയിൽ പങ്കെടുത്തു സന്ദേശം നൽകി.

18 പെർള ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരത്തോടെ മേരിഗിരി ഫൊറോനായിൽ നവീകരണധ്യാനം നടക്കുന്ന വെള്ളരിയാനം ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും എടക്കോം, പച്ചാണി, വിമലശ്ശേരി ഇടവകകൾ സന്ദർശിക്കുകയും ചെയ്തു.

19 സന്ദേശഭവനിൽവച്ച് നടത്തപ്പെട്ട മാതൃവേദിയുടെ ജനറൽ ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് നിർമ്മലഗിരി അക്കാദമിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എഞ്ചിനിയർമാരുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം കണ്ണൂർ ടൗൺസ്ക്വയിറിൽവച്ച് നടത്തപ്പെട്ട എക്യുമെനിക്കൽ ക്രിസ്തുമസ് സെലിബ്രേഷനിൽ മുഖ്യപ്രഭാഷണം നടത്തി.

20 അതിരൂപതാ കേന്ദ്രത്തിൽവച്ച് നിർമ്മലഗിരി കോളേജിന്റെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം തലശ്ശേരി സാൻജോസ് സ്കൂളിന്റെ വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തുടർന്ന് കോടഞ്ചേരിയിലെത്തി ബഹു. പോൾ മൂഞ്ഞേലി അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് ചിക്കാഗോ രൂപതയിലെ വൈദികർക്കായി ക്ലാസ്സ് നയിച്ചു.

JANUARY 2023

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Engaged |
| 02 | 06.30 am | - | Karikkottakary: Baptism |
| | 09.00 am | - | Anara: Ordination |
| | 02.00 pm | - | Padannakkad: SALT |
| | 03.00 pm | - | Kunnumkai: Marriage |
| 03 | 07.00 am | - | Peratta: Foundation Stone Laying Ceremony |
| | 09.00 am | - | Padiyoor: Ordination |
| | 03.00 pm | - | Palavayal |
| 04 | | - | Bombay |
| 05 | | - | Kottayam: Marriage |
| 06-14 | | - | Syro Malabar Synod |
| 15 | | - | Bangalore: International Conference |
| 16 | 09.00 am | - | Melechovva: Ordination |
| | 11.30 am | - | Minor Seminary: Parents Day |
| | 04.00 pm | - | Alakode: Marriage |
| 17 | 09.00 am | - | Karthikapuram: Ordination |
| | 2 pm-5pm | - | Visitors Day (Priests) |
| 18 | | - | Visitors Day (General Public) |
| 19 | 06.30 am | - | Peravoor: SH Provincial House |
| | 10.00 am | - | Kiliyanthara: Jubilee |
| | 04.30 pm | - | Kottiyoor |
| 20 | | - | Arthunkal, Mattakara |

| | | | |
|---|---|---|---|
| 21 | 10.00 am | - | Thalassery: Alpha Convocation |
| | 03.00 pm | - | Rathnagiri: Parish Hall Blessing |
| | 05.30 pm | - | Chempanthotty: Infarm |
| 22 | 07.00 am | - | Neduvaloor: Foundation Stone Laying Ceremony |
| | 09.30 am | - | Mampoil: Jubilee |
| | 12.00 pm | - | Pulingome |
| | 04.00 pm | - | Pachani |
| 23 | 05.30pm | - | Kunnoth: Platinum Jubilee |
| 24 | 09.00 am | - | Velimanam |
| | 10.00 am | - | Kunnoth: Vestition Nazareth Sisters |
| | 03.00 pm | - | Nellickampoil: House Blessing |
| 25 | | - | Presbyterium |
| 26 | 10.00 am | - | Minor Seminary: Benefactors Day |
| | 04.30 pm | - | Padimaruth: Cemetery & Grotto Blessing |
| 27 | 06.00 pm | - | Rayarome |
| 28 | | - | Koorachund |
| 29 | 08.00 am | - | Edoor: Jubilee |
| | 10.00 am | - | Aryaparamba: Jubilee |
| 30 | | - | Pariyaram: Mother Home |
| 31 | | - | Kaduthuruthi |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**നവംബർ 2022**

21 ചന്ദനക്കാംപാറ ഇടവകയിൽ തലശ്ശേരി അതിരൂപത അംഗമായ ഫാ. ഫിലിപ്പ് കവിയിൽ അച്ചന്റെ രജത ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

22 കുട്ടാപറമ്പ് ഇടവക വികാരിയായ ഫാ. ജെയിംസ് ആനക്കലിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

23 ഇടപ്പുഴ ഇടവകയിൽ കപ്പൂച്ചൻ സഭാംഗമായ ഡീക്കൻ ഇമ്മാനുവേൽ സ്രാമ്പിക്കലിന് തിരുപ്പട്ടം നൽകി.

24 പൈസക്കിരി ഇടവകയിൽ CST സഭാംഗമായ ഫാ. ഫ്രാൻസിസ് തേക്കുംകാട്ടിലിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

26 പെരിങ്ങാല ഇടവക വികാരിയായ ഫാ. ജെയിംസ് പുളിക്കക്കുന്നേലിന്റെ സുവർണ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

27 മാവുള്ളാൽ സെൻറ് ജൂഡ് ഇടവകയുടെ തിരുനാൾ ആഘോഷങ്ങളിൽ സംബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

28 കോലുവള്ളി ഇടവകാംഗമായ ശ്രീ തോമസ് തോട്ടപ്പള്ളിയുടെ ഭവനത്തിന്റെ കല്ലിടൽ കർമ്മം നിർവഹിച്ചു. വൈകുന്നേരം 3 മണിക്ക് കരുണാപുരം ഇടവക വികാരിയായ ഫാ. ജോസഫ് ആനിത്താനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്നുനടന്ന പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

## ഡിസംബർ 2022

01 മുണ്ടാനൂർ ഇടവകാംഗവും ഇരിക്കൂർ എംഎൽഎയുമായ ശ്രീ. സജീവ് ജോസഫിന്റെ മാതാവ് ശ്രീമതി ചിന്നമ്മ ജോസഫിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പള്ളിയിലെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

03 താമരശ്ശേരി രൂപതയിലെ മരുതോംകര ഇടവകയിൽ നിര്യാതയായ ശ്രീമതി റോസമ്മ പുതുപ്പള്ളിതകടിയേലിന്റെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

04 പുലികുരുമ്പ ഇടവകയിൽ വച്ച് നടന്ന സഭാനവീകരണ ധ്യാനത്തിൽ സംബന്ധിച്ച് വിശുദ്ധ അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

06 പെരുമ്പടവ് ഇടവകയിൽ മതാധ്യാപകരായ സിബി-ബിജി കൊരട്ടിയിൽ ദമ്പതികളുടെ മകനായ അഖിലിന്റെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

07 ചന്ദനക്കാംപാറ ഇടവകയിൽ നിര്യാതയായ ശ്രീമതി ബ്രിജീത്ത മുരിക്കനോലിക്കലിന്റെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. വൈകിട്ട് 4 മണിക്ക് തിരുവമ്പാടി ഇടവകാംഗമായ മോഹൻ കൊട്ടാരത്തിന്റെ വീട് വെഞ്ചിരിച്ചു.

08 മാനന്തവാടി രൂപതാംഗമായ ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചന്റെ മൃതസംസ്ക്കാര ചടങ്ങിൽ സംബന്ധിച്ചു.

09 താമരശ്ശേരി ഇടവകയിൽ നിര്യാതനായ ശ്രീ. ബെന്നിയുടെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

10-11 ചങ്ങനാശ്ശേരി അതിരൂപതയിലെ പുന്നത്തറയിൽവച്ച് നടന്ന സമർപ്പിത സമ്മേളനത്തിൽ പങ്കെടുത്തു.

14 നെല്ലിക്കാംപൊയിൽ ഇടവകയിൽ നിര്യാതനായ ഗ്ലോറി കൺസ്ട്രക്ഷൻസ് ഉടമ ശ്രീ. ബേബി തോമസ് തണ്ണിപ്പാറയുടെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

15 താമരശ്ശേരി രൂപതയിലെ പെരുവണ്ണാമൂഴി ഇടവകയിൽ നിര്യാതയായ ശ്രീമതി അന്നമ്മ തോമസ് പാംപ്ലാനിയുടെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. ഉച്ചയ്ക്ക് 12 മണിയോടെ ബഹു. പുളിന്താനം സെബാസ്റ്റ്യൻ അച്ചനെ ഭവനത്തിൽ സന്ദർശിച്ചു.

16 കോടോപ്പള്ളി ഇടവകയിൽ നിര്യാതനായ ശ്രീ. ജോസ് മണിയൻചിറയുടെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

18 എടക്കോം ഇടവകയിൽവച്ച് നടന്ന സഭാനവീകരണ ധ്യാനത്തിൽ സംബന്ധിച്ച് കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. വൈകുന്നേരം 6 മണിക്ക് നിർമ്മലഗിരി ഇടവകാംഗമായ ശ്രീ. അപ്പച്ചൻ കളരിക്കലിന്റെ വീട്ടിൽവച്ച് നടന്ന വാർഡ് സംഗമത്തിൽ സംബന്ധിച്ചു.

20 താമരശ്ശേരി രൂപതയിലെ തലയാട് ഇടവകയിൽ നിര്യാതനായ എൻ.ജെ. മാത്യു നിരണത്തിന്റെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് കോടഞ്ചേരിയിലെത്തി ബഹു. പോൾ മൂഞ്ഞേലി അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

**JANUARY 2023**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | | |
|---|---|---|---|
| 1 | 09.00 am | - | Nirmalagiri: Baptism |
| 2 | 09 .00 am | - | Balal: Ordination |
| 4 | 09. 00 am | - | Kadumeni: Ordination |
| 5 | 12.00 pm | - | Thriuvambady: Betroth |
| 06-14 | | - | Syro Malabar Synod |
| 12 | 10. 00 am | - | Kudallur: Marriage |
| 23 | 10.00 am | - | Vayattuparamba: Marriage |
| 26 | 10.00 am | - | Charal: Jubilee |
| 29 | 10.30 am | - | Edoor: Jubile |

**Secretary to the Archbishop Emeritus**

















# അനുഗൃഹീതം

**അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ജൂബിലി ആഘോഷം, മൽപ്പാൻ മൈക്കിൾ കാരിമറ്റം അച്ചന് അനുമോദനം, വൈദിക സമ്മേളനം...**

RNI Reg. No. 5910/18 Date of Publication: 28/12/2022
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 06 ലക്കം : 01 വില : ₹10



2022 ഡിസംബർ 26 ന് ആർച്ച് ബിഷപ്പ്
മാർ ജോസഫ് പാംപ്ലാനി കൂദാശാകർമ്മം
നിർവഹിച്ച തിരൂർ വി. ചാവറ കുര്യാക്കോസ്
ഏലിയാസ് ദൈവാലയം

2023 HAPPY NEW YEAR

Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.